MALAYALANADU WEEKLY, QUILON JUNE 30 1974
PHONES 2825, 3362

മലയാളനാടു വാരിക

പത്രാധിപർ
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

കഥ:

അപരിചിതൻ
—കാക്കനാടൻ 7
പൂക്കൾ നഷ്ടപ്പെട്ടവർ
—ബാലകൃഷ്ണൻ മങ്ങാട്ട് 30

നോവൽ:

ആയിരം കാതം ദൂരെ
—പെരുമ്പടവം ശ്രീധരൻ 18
ആത്മഹത്യാമുനമ്പ്
—എം. ടി. രത്നമ്മ 45
കൂട്ടുതെറ്റി മേയുന്നവർ
— എം. മുകുന്ദൻ 26

ലേഖനം:

ടാഗോറും ഭല്ലാഥോലും 2
—വി. വി. ഗോവിന്ദൻനായർ
എന്നെ രസിപ്പിച്ച ഒരു നിമിഷം
—ടി. എൻ. ഗോപിനാഥൻനായർ 25
സ്ട്രീക്കിംഗ് ചർച്ച 39
മലയാളനോവലും സ്വൈണസങ്കല്പങ്ങളും —തുമ്പമൺ തോമസ് 41

കവിത:

മനഃശാന്തി —അയിരൂർ 5
വൃത്തം —മുരളീധരൻ 23
നദീമുഖത്ത്—ജോൺസ് ടി. എൽ. 53

പംക്തികൾ:

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 10
സ്ത്രീ—അവളുടെ ഭംഗി
— വി. ടി. നന്ദകുമാർ 34
മുഖഭാഗചിത്രങ്ങൾ
— വി. ബി. സി. നായർ 14
ശാസ്ത്രയാനം
—ഡാ: ഹരിദാസ് 37
സിനിമ —മംഗലശ്ശേരി 54
ഭാസിയുടെ പേജ് 62
മുഖചിത്രം
ഫോട്ടോ —ആർ. രാജൻ

ടാഗോറും ഭല്ലാഥോളും

വി. വി. ഗോവിന്ദൻനായർ

ബംഗാളി എന്നു വിളിക്കപ്പെടുന്ന ബാങ്ലഭാഷയിലെ നാനാവിശിഷ്ടാർത്ഥഗർഭമായ ഠാക്കർ എന്ന പദത്തിന്നു് മലയാളികൾ കൊടുത്ത കോമാളിവേഷമാണു് ടാഗോർ എന്നതു്. (നെറ്റി ചുളിയുന്നോ?)

വള്ളത്തോൾ എന്ന ലളിതകോമളമായ മലയാളപദത്തിന്നു്, ബംഗാളികൾ എന്നു വിളിക്കപ്പെടുന്ന ബാങ്ലാലികൾ നൽകാനിടയുള്ള ബീഭത്സരൂപമാണു് ഭല്ലാഥോൾ എന്നതു്. (ചിരി വരുന്നോ? നല്ലതു്, ആ ചിരിയിൽ മുമ്പു ചുളിഞ്ഞ നെറ്റികൾ നിവന്നുകിട്ടുമെങ്കിൽ ഞാൻ കൃതാർത്ഥനായി.)

ഇനിയും നിവരാത്ത നെറ്റികളുടെ ഉടമസ്ഥരോടു് ഒരു വാക്കു്: ഠാക്കറിനെ ടാഗോറാക്കിയതിൽ കവിഞ്ഞ കോമാളിത്തമോ ബീഭത്സതയോ ഇല്ല വള്ളത്തോളിനെ ഭല്ലാഥോളാക്കുന്നതിൽ. നോക്കുകേ— പ്രസ്തുത ബാങ്ലപദത്തെ ഇംഗ്ലീഷുകാർ, ഉച്ചാരണസൌകര്യം നോക്കിയോ അതോ അടിമകളുടെ ഭാഷയോടു് എത്രയും കാട്ടാമെന്ന അധികാരമദം കൊണ്ടോ എന്തോ, റഗോർ എന്നാക്കി മാറ്റി അതിനു് Tagore എന്നൊരു സ്പെല്ലിങ്ങും നിശ്ചയിച്ചു; അതു് മലയാളത്തിൽ ടാഗോർ എന്നായി, അല്ലേ? ശരി; വള്ളത്തോൾ എന്ന വാക്കു് Valiathol എന്നു് ഇംഗ്ലീഷിലെഴുതിയാൽ അതു് ബാങ്ലയിൽ ഭാല്ലാഥോൾ എന്നേ പകരാൻ വയ്യു. കാരണം, വകാരം മിക്കവാറും ഇല്ലാത്ത ആ ഭാഷയിൽ ഇംഗ്ലീഷിലെ V ഭകാരമായിട്ടാണു് എഴുതുക; അകാരവും പ്രായേണ ഇല്ലാത്തതുകൊണ്ടു് 'a' ആകാരമായും ഇകാരം ആ ഭാഷയിലില്ലാ th-നെ 'ഥ' എന്നു് പകർത്തുന്നതു സ്വാഭാവികമാണതാനും.

വെറുമൊരു സാദ്ധ്യത വെച്ചുകൊണ്ടു് ഞാൻ പടച്ചുവിട്ട ഒരു വികൃതരൂപമൊന്നുമല്ല ഇതു്. കേരളത്തെക്കുറിച്ചു് ബാങ്ലയിലുള്ള ഒരു യാത്രാവിവരണപുസ്തകത്തിൽ ഞാൻ ഒന്നിലേറെ സ്ഥലത്തു് കണ്ടതാണു്, 'ഭാല്യാഥോൽ' എന്നു്. ലകാരനകാരങ്ങൾ ആ പുസ്തകത്തിൽ പലേടത്തും ആൾമാറാട്ടം നടത്തിക്കാണുന്നതുകൊണ്ടു്, ഭാല്ലാഥോലിനെ ടാഗോറിനൊപ്പം ഒരു വാസ്തവമായിത്തന്നെ കണക്കാക്കാം.

അതിനാൽ, ഈവക പുറാട്ടവേഷങ്ങളെ ആവതും ഒഴിവാക്കണമെന്നു് വല്ല വർക്കും തോന്നുന്നുണ്ടോ, ആവോ? ഉണ്ടെങ്കിൽ അവക്കുവേണ്ടി മാത്രമാണു് ഞാൻ ഇനിയുള്ള വരികൾ എഴുതുന്നതു്.

മലയാളത്തിൽ ഇതര ഭാരതീയഭാഷകളിൽനിന്നുള്ള തർജ്ജമകളും ഇതരഭാഷക്കാരെ കഥാപാത്രങ്ങളാക്കിക്കൊണ്ടുള്ള കഥകളും പെരുകിവരുന്നുണ്ടല്ലൊ. വത്തമാനപത്രങ്ങളിലും മറ്റും ഇതരഭാരതീയരുടെ പേരുകളും അവരുടെ ഭാഷയിലെ ചില വാക്കുകളും പകർത്തേണ്ടിയും വരുന്നു. അതുകൊണ്ടു് അവയൊക്കെ നമ്മുടെ ഭാഷയിൽ എങ്ങിനെ എഴുതണമെന്നു് ഒന്നാലോചിക്കുന്നതു നന്നു്.

അതിന്നൊരുങ്ങും മുമ്പു് എന്റെ കഴിവുംകേടുകളെ വിളിച്ചുപറയാം: ഒന്നു്, മലയാളത്തിന്നു പുറമെ ബാങ്ല മാത്രമേ എനിക്കു് ഇന്തിരി വല്ലതും അറിയാവു; അതിനെ അവലംബിച്ചുകൊണ്ടാണു് ഇനി വല്ലതും കുത്തിക്കുറിക്കുക. രണ്ടു്, ബാങ്ലയിൽത്തന്നെ വ്യാകരണത്തിലും ശബ്ദശാസ്ത്രത്തിലും എന്റെ കാര്യം പരുങ്ങലാണു്. അതുകൊണ്ടു്, പറയുന്നതിൽ പതിമ്മൂന്നാവാം. മുഴുവൻ പതിരെന്നവന്നാലും വേണ്ടില്ല, ഇങ്ങിനെയൊരു വിഷയം വെറുതെ തള്ളുണ്ടതല്ലെന്നെങ്കിലും ചിലർക്കു തോന്നിയാൽ മതി, എന്റെ പണി പാഴാവില്ല.

ബാങ്ലയെ അധികരിച്ചുള്ള വിചാരത്തിന്നു് ഒന്നാമതു് വെച്ചുവില്ലായ്കയുമില്ല: ഒന്നു്, അതിൽനിന്നാണു് നമ്മുടെ ഭാഷയിൽ ഏറെറവുമധികം തർജ്ജമകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു് രണ്ടു്, ഭാരതീയഭാഷകളിലെല്ലാം ഏറക്കുറെ പ്രയോഗിക്കപ്പെട്ടുവരുന്ന സംസ്കൃതപദങ്ങളുടെ ഉച്ചാരണത്തിൽ ഒരുപക്ഷേ, (തീർച്ചപറക വയ്യ) ഏറെറവുമധികം വ്യത്യസ്തതയുള്ളതു് ബാങ്ലയിലാണു് അവയെ മലയാളത്തിൽ എങ്ങിനെ പകർത്തണമെന്നു് നിശ്ചയിച്ചാൽ മറ്റു ഭാഷകളിലെ സംസ്കൃതമൂലമായ പദങ്ങളെ എങ്ങിനെ പകർത്തണമെന്നതിനെപ്പറ്റി അധികം ആലോചിക്കേണ്ടിവരില്ല.

മുന്ന നിർദ്ദേശങ്ങൾ ഞാൻ സമർപ്പിക്കട്ടെ:

1. മൂലഭാഷയിലെ ഉച്ചാരണത്തെ അതേപടി പകർത്തുക മിക്കപ്പോഴും വയ്യ; വയ്ക്കുന്നേടത്തന്നെ അതെപ്പോഴും ഭംഗിയാവില്ല. ഉദാഹരണത്തിന്നു്, 'ഗൊണൊദേ ബൊന്ദ്യ' എന്നെഴുതുന്നതു് കൈരളിയെ കൊഞ്ഞനംകുത്തലാവും. ഗണദേവത എന്നായാൽ കേൾക്കാനും സുഖമുണ്ടു്, കാര്യവും മനസ്സിലാവും.

2. എന്നുവച്ചു, മൂലഭാഷ സംസാരിക്കുന്നവർ കേട്ടാൽ മനസ്സിലുപോകത്തക്കവണ്ണം മലയാളഭാഷ കെട്ടിക്കുന്നതു് മര്യാദയല്ല. ഉദാഹരണത്തിന്നു്, 'ബിമൽ കൊർ' എന്ന ബാങ്ലാലിപ്പേരിനെ വിമലകരൻ എന്നാക്കണ്ട, വിമൽകർ എന്ന മതി.

രണ്ടും ചേർത്തു പറഞ്ഞാൽ, രണ്ടു ഭാഷയ്ക്കും ആവുന്നതും നിരക്കുന്ന മട്ടിൽ എഴുതുക. ഈ മദ്ധ്യമമാർഗ്ഗത്തിൽത്തന്നെ ചിലർ ഇടതും ചിലർ വലതും ചേരാൻനോക്കാം; അതു സാരമില്ല. മാർഗ്ഗം ഒന്നായാൽത്തന്നെ ധാരാളമായി.

3. നമുക്കുപയോഗിക്കേണ്ട വാക്കു് മൂന്നാമതൊരു ഭാഷയിൽ എങ്ങിനെ ഉച്ചരിക്കപ്പെടുന്നു, എങ്ങിനെ എഴുതപ്പെടുന്നു എന്നു നോക്കുകയേ വേണ്ട.

മൂന്നിനും ചുരുങ്ങിയ ഒരുദാഹരണം:

രൊബീന്ദ്രനാഥ് ഠാക്കർ എന്ന ബാങ്ലരീതി നമുക്കു വേണ്ട, രവീന്ദ്രനാഥഠക്കൻ എന്ന നാടൻമട്ടും വേണ്ട; ആർ. എൻ റഗോർ എന്ന ഇംഗ്ലീഷുശൈലിയും വേണ്ട, രവീന്ദ്രനാഥ ഠാക്കർ എന്നതതി. അതിൽത്തന്നെ പേരുമാത്രം പറയുമ്പോൾ രവീന്ദ്രനാഥ് എന്നുമാവാം, രവീന്ദ്രനാഥൻ എന്നുമാവാം. ഒന്നു് ബാങ്ലയോടു ചായുന്നു, മറ്റതു് മലയാളത്തോടും — അതു് അതാതാളുടെ രുചിഭേദത്തിന്നു് വിട്ടുകൊടുക്കുക.

ഞാൻ ഉത്തമമെന്നു് കരുതുന്ന ഈ മദ്ധ്യമമാർഗ്ഗത്തെ കൂടുതൽ പരിചയപ്പെടുത്തുന്നതിന്നുമുമ്പു്, മൂന്നാമതായി സൂചിപ്പിച്ച അധമമാർഗ്ഗത്തെപ്പറ്റി കുറച്ചു കൂടുതൽ വാക്കു് പറയാനുള്ളതു് കൈയോടെ കഴിക്കട്ടെ. ചേട്ടയെ പുറത്താക്കീട്ടു വേണമല്ലൊ ശ്രീയെ കുടിയിരുത്തുക.

ഒന്നാമതു്, ഒരു ഭാഷയിലെ പദം മറെറാരു ഭാഷയിലേക്കു പകർത്തുന്നതു് മൂന്നാമതൊരു ഭാഷയിൽ അതെങ്ങിനെ വ്യവഹരിക്കപ്പെടുന്നു എന്നതിനെ ആശ്രയിക്കുന്നതെന്ന ശുദ്ധ കഥയില്ലായ്മയാണു്. ഹിന്ദിയിലെ ഒരു വാക്കു് ഇംഗ്ലീഷിലും പരന്ത്രീസിലും ചൈനീസിലും മറ്റും മറ്റും പലപല മാതിരിയാവാം ഉച്ചരിക്കപ്പെടുന്നതു; ആ ഉച്ചാരണഭേദങ്ങളാകെലം സ്വീകരിച്ചുകൊണ്ടു് അതു് മലയാളത്തിൽ പകർത്തുക അസാദ്ധ്യം ഓരോരുത്തർ ഓരോ

ള്ളേണ്ട: കഠോപനിഷത്തു് കഥോപനിഷത്തായ കഥയെപ്പറ്റി പണ്ടു് സുകുമാർ അഴീക്കോടു് എഴുതീട്ടുണ്ടു്; ഗണദേവത ഗാനദേവതയായതു് ഞാൻ കണ്ടതാണു്. അതാക്കെ വിവരംകെട്ട ചുരുക്കം ചിലകുടെ വകതിരിവില്ലായ്മമാത്രം. ഒരു സാമാന്യനിയമമാക്കാനില്ല എന്നോ? നോക്കാം, ബാങ്ങ്ലഭാഷയിലെ രണ്ടു് പ്രസിദ്ധ ചലച്ചിത്രസംവിധായകന്മാരുടെ പേരു് പറയു: സത്യജിത്ത് റേ, തപൻസിഹ—അല്ലേ? ഇവർ യഥാക്രമം സത്യജിത് രായും തപൻ സിംഹനുമാണെന്നു് എത്രപേർക്കു് അറിയാം? രായ് എന്നായി ബാങ്ങ്ലപദത്തിനു് Ray എന്നായി ഇംഗീഷിൽ സ്പെല്ലിങ്ങു്; അതു് ആ ഭാഷയിലെ ray—യുമായി കെട്ടിമറിഞ്ഞു് ഒട്ടക്കം റേയുമായി കെട്ടിമറിഞ്ഞു് ഒട്ടക്കം റേയായി. സിംഹശബ്ദത്തിനു് സിങ്ഹ എന്നാണു് ബാങ്ങ്ലോച്ചാരണം; അതു്, ങകാരത്തെ n കൊണ്ടു് സൂചിപ്പിക്കുന്ന ഒരു പതിവുള്ളതനുസരിച്ചു് ഇംഗ്ളീഷിൽ Sinha ആയി, മലയാളത്തിൽ സിഹനയും. കശ്മീരിനെ കാശ്മി(ഷ്മീ!)നെന്നും താജ്മഹലിനെ ടാജ്മഹാളെന്നും ദാർജിലിങ്ങിനെ ഡാർജിലിങ്ങെന്നും പാഠക്കിനെ പഥക്കെന്നും നീരദ് ചന്ദ്രനെ നിരാദ്(ഡ്)ചന്ദ്രനെന്നും ഷഷ്ഠിപ്രതനെ സസ്ഠി ബ്രാതോ എന്നും—എനിയും വേണോ ഉദാഹരണങ്ങൾ?—വിളിക്കുന്നതിനു പിന്നിലും ഇതേ ചതി തന്നെ. രാജാ രാംമോഹൻറായ്യെ രാജാറാം മോഹൻറോയ് ആയി വേഷം മാറിയതു് ഇംഗ്ളീഷ് സ്പെല്ലിങ്ങിനു പുറമെ തദ്ദേശീയരോ അതോ രഘുപതിരാഘവരാജനോ എന്നു് തീർച്ചയില്ല. ഈ വഴിക്കു് മലയാളികൾക്കു പിണയുന്ന ഗതികേടിനുകൂടി ഒരു ഉദാഹരണം: നമ്മുടെ ശങ്കരക്കുറുപ്പിനെ ഒരു ബാങ്ങ്ലവാരിക ശങ്കർ കുറുപ് എന്നാക്കി മാറ്റിയിരുന്നു!

ഭാരതീയ ഭാഷാശബ്ദങ്ങളെ പകർത്താൻ റോമൻലിപിയ്ക്കു് സ്വതേയുള്ള കഴിവുകേടിനു പുറമെയാണു്, ഓരോ നാട്ടുകാർ അവരവരുടെ ഭാഷയിലെ പദങ്ങൾക്കു് ഓരോവിധം സ്പെല്ലിങ്ങുകൾ കൽപ്പിക്കുന്നതിൽനിന്നുണ്ടാകുന്ന കുഴപ്പങ്ങൾ. Deo എന്നെഴുതിക്കണ്ടാൽ ദേവ് എന്നു വായിക്കണമെന്നു് തെക്കേ ഇന്ത്യക്കാർക്കു് തിരിയില്ല. Nair നായരാണെന്നു് വടക്കേ ഇന്ത്യക്കാർക്കും. ഈയിടെ ഒരാൾ Love Kumar എന്നു് പേരെഴുതിക്കണ്ടപ്പോൾ, അതു് പ്രേംകുമാറിന്റെ പര്യായമല്ല ശ്രീരാമസുതന്റെ പേരാണു് എന്നു് മനസ്സിലാക്കാൻ എനിക്കു് പരസഹായം വേണ്ടിവന്നു നമ്മുടെ നമ്പൂതിരിപ്പാടു് 'നാംബൂദ്രിപാദ്' എന്നിങ്ങനെ പൂജ്യപാദരായിട്ടാണു് ബാങ്ങ്ല പത്രങ്ങളിൽ എഴുതണ്ടെള്ളാറു്. ചിരിക്കാൻ വരട്ടെ, Chattopadhyaya എന്നു് ഇംഗ്ളീഷിൽ എഴുതിക്കണ്ടിട്ടു്. ശതോപാധ്യായ എന്നു് മലയാളത്തിൽ എഴുതുന്ന നമ്മുടെ ചില സ്വതന്ത്രചിന്തകന്മാരെപ്പറ്റി എന്തുപറയുന്നു? ചിന്തയിലെ സ്വാതന്ത്ര്യം 'എഴുത്തി'ലും പ്രതിഫലിക്കുന്നതാവാം, അല്ലേ?

ഇംഗ്ളീഷും സ്പെല്ലിങ്ങിൽ ഇങ്ങിനെ ഉള്ളതും ഉണ്ടാക്കിയതുമായ തുമ്പില്ലായ്മ, വിവരംകെട്ടവരുടെ സാഹായ്യത്തോടെ നമ്മുടെ ഭാഷയിലെ 'സ്പെല്ലിങ്ങി'നെപ്പോലും താറുമാറാക്കിത്തുടങ്ങീട്ടുള്ളതാണു് ഏറ്റവും ദുസ്സഹം. ഭാരതീയനാമധേയങ്ങളിൽ പലതിനും ആധാരമായ സംസ്കൃതഭാഷയിൽ അകാരാന്തശബ്ദങ്ങളുടെ പുല്ലിംഗം ഏകവചനത്തെ കുറിക്കാൻ അവയോടു് വിസർഗ്ഗം ചേർക്കാറുണ്ടല്ലോ, അതിന്റെ സ്ഥാനത്തു് 'ൻ' എന്ന ചില്ലു് ചേർക്കയായിരുന്ന അടുത്തകാലംവരെ മലയാളത്തിൽ നടപ്പു്. ഹിന്ദിയിൽ ആ അകാരം എടുത്തുകളയുകയാണ പതിവു്. നമ്മൾ രാമകൃഷ്ണൻ, നീലകണ്ഠൻ എന്നൊക്കെ പറയുന്നതുതു് ഹിന്ദുസ്ഥാനികൾ പറയുക രാംകൃഷ്ണു് നീൽകണ്ഠു് എന്നൊക്കെയാണു്. ഇതിൽ മലയാളരീതി പൊട്ടയാണെന്നും ഹിന്ദിസമ്പ്രദായം വളരെ യുക്തമാണെന്നും ഇന്നാട്ടിലെ അഭ്യസ്തവിദ്യരാരും അച്ഛനമ്മമാർ, എന്തുകാരണംകൊണ്ടോ, അങ്ങു് നിശ്ചയിച്ചു. അങ്ങിനെ ശങ്കരനും കുമാരനുമൊക്കെ ശങ്കറും കുമാറും മറ്റുമായി ഇവിടം കൊണ്ടു് നിന്നിരുന്നെങ്കിൽ പരാതിയില്ലായിരുന്നു (കൃഷ്ണചന്ദ്രനെ കിശൻചന്ദറാക്കിയ പഞ്ചാബികളെ മാതൃകയാക്കിയില്ലല്ലോ എന്നു് സമാധാനിക്കുന്നതേ) സംസ്കൃതത്തിൽ ശ—ഷ—സ എന്നു് മൂന്നു്

ഞാനെന്നഭിമാനിക്കുന്നതെന്തു്

—അയിരൂർ

ഞാനെന്നഭിമാനിക്കുന്നതെന്തു—
മുള്ളതാമീ ദിവ്യാനുഭവമാനസം തന്നിൽ നില—
നില്ക്കുന്നകാലംവരെ
കാനലിൽ മൃഗംപോലെ—
യുഴലാമല്ലാതിഹ
മാനവനൊരു മനഃ—
ശ്ശാന്തിമെവരിക്കില്ല
ചിന്താഭാജനത്തിലായ്
സാഹിത്യകാരൻ നും
മുന്തിരിച്ചാറു പക—
ർന്നതുമേൽ തരികിലും
സംതൃപ്തിയരുളാനി—
ല്ലതിനു കഴിവാത്മ—
ശാന്തിക്കു വേറേ വഴി
തേടണം വേണ്ടുന്നവർ
പൊൻകിനാവുകൾ കണ്ടു
പ്രകൃതിശപതിയുടെ
അങ്കത്തിൽ പള്ളി—
ക്കുറുപ്പൾക്കൊണ്ടു കഴിവതിൽ
സംതൃപ്തിയുടെ നിഴൽ
കണ്ടേക്കാം പക്ഷേ മന—
ശ്ശാന്തിയാറാഴിക്കെങ്ങു—
മെത്തിനോക്കുകേ ഇല്ല.
കാമനീയകമായി
കൺമയക്കിടുന്നതാം
ഹേമസാരംഗലീല
തന്നുടെ പിറകേപോയ്

ആത്മയാനുഭവ—
ത്തിന്നെതാം ഫലം ഭൂവിൽ
കാലാതീതാർത്ഥചിന്ത—
സ്ഥിരപ്രയത്നം തരാനാവും
എവിടെ ലഭിച്ചീടു—
മീസിദ്ധിയതിനെന്നു
വിലപ്രാണനെങ്കിലും
കൊടുക്കും കിടച്ചാലിൽ
അവിനാശകമായ
തിരയുന്നതേകപ്രേ—
രവിരാമമായ് ഭൂവി—
ലിന്നോളമാചണ്ഡാളം
നിസ്പൃഹാത്മാക്കളുടെ
കണ്ണിലീലോകവും
ശഷ്പപരമാണുവിക്കൊന്നും
നേടാനില്ലിവിടത്തിൽ
അപ്പുറമന്തർമുഖ—
ദൃഷ്ടിയാൽ കണ്ടീ ജഗത്
ഭ്രാന്തിയിൽ സ്വപ്നംപോലു—
ച്ചമതുമതുമാത്രം

—ഒ—

അക്ഷരങ്ങളുണ്ടല്ലോ, അവയിൽ ശ—സകാരങ്ങളെ നാം 'സ' കൊണ്ടും ഷകാരത്തെ 'sh'കൊണ്ടും കുറിക്കുന്നതുപോലെ, വടക്കെഇന്ത്യക്കാർ സകാരത്തെ 'ട' കൊണ്ടും ശ—ഷകാരങ്ങളെ 'sh' കൊണ്ടും കുറിക്കുകയാണു് പൊതുവെ പതിവു്. നാം Sivasankaran എന്നെഴുതുന്നതുതു് ഹിന്ദിക്കാരും മറ്റും Shiv shankar എന്നാണു് എഴുതുക. ഹിന്ദിയിൽ എഴുതുമ്പോഴും ഉച്ചരിക്കുമ്പോഴും 'ശിവ്ശങ്കർ' എന്നതന്നെയാണതാനും. നമ്മുടെ പരിഷ്കൃതസമുദായത്തിന്നാകട്ടെ ഇംഗ്ളീഷിൽ sh എന്നെഴുതിയാൽപ്പോരാ, മലയാളത്തിലും 'ഷ' എന്നെഴുതണമെന്നു് ഒരു ഷാഠ്യം അങ്ങിനെയിപ്പോൾ ഏതു മലയാളപള്ളിക്കൂടത്തിൽ ചെന്നാലും കാണാം രമേഷ്കുമാറുമാരേയും ആഷാകുമാരിമാരേയും കണ്ടുകഴിയും എന്നാണിരിക്കട്ടെ.

ഷഷാങ്ഷേഖർ നമ്പീഷ് തുടങ്ങിയ ടോൺസ്റ്റർമാർ പിറന്നകഴിഞ്ഞിട്ടില്ലെങ്കിൽ ഗർഭത്തിലെങ്കിലുമുണ്ടായിരിക്കുമെന്നു് ഞാൻ ഭയപ്പെടുന്നു.

വാസ്തവം മറച്ചുവെക്കുന്നില്ല, നമുക്കാക്കട്ടെ ഇന്ത്യയിലെ എല്ലാ ഭാഷയും പാഠിച്ചെത്തിക്കാനാവില്ല, നമ്മുടെ പത്രക്കാർക്കു മറ്റും മറുനാടൻ പേരുകളെ പകർത്താൻ ഇംഗ്ളീഷ് പത്രങ്ങളെ ആശ്രയിക്കാതെയും തരമില്ല എങ്കിലും, പറഞ്ഞ തെറ്റു്, പഠിച്ചവർ ചൂണ്ടിക്കാണിച്ചാൽ, തിരുത്തുന്നതിൽ എന്തുണ്ടു് മാനക്കേടു? ഞാൻ ഒരു പ്രസിദ്ധവാരികയ്ക്കു് രണ്ടുമൂന്നുതവണ ഇതു

(ശേഷം 57—ൽ)

നിമാക്കൊട്ടകയുടെ മുമ്പിൽ ഹനീഫയുടെ കട്ടൗട്ടിന്റെ കുറച്ചുനേരം നിന്നു. ആളുകൾ വളരെയുണ്ട്. ചന്തയ്ക്കു പോവുന്നവരും സിനിമയ്ക്കു വന്നവരുമൊക്കെ. എല്ലാം ഒരേക്കൂട്ടത്തിൽപെട്ടവരാണ്. മുഖത്തു നോക്കിയാൽ വിഡ്ഢികളാണെന്നറിയാവുന്ന കുറെ ആളുകൾ. മൂക്കിന്റെയോ കാതിന്റെയോ ആകൃതിക്ക് അല്പസ്വല്പം വ്യത്യാസമുണ്ടാവാം പല പണക്കാരായിരിക്കാം. പക്ഷേ, ഉള്ളിന്നുള്ളിൽ എല്ലാവരും ഒന്നാണ്. കഴുതകൾ. ബുദ്ധി തൊട്ടുതേച്ചിട്ടില്ല. അത്തിയും പൊങ്ങച്ചവും മാത്രമുള്ള ജീവികൾ. മുണ്ട് മടക്കിക്കുത്തി, വിഡ്ഢിച്ചിരിയുംചിരിച്ചുങ്ങനെ നടക്കും. ചലരും വന്നു് ലോഹ്യംപറയുന്നുണ്ട്.

'എന്നാണ വന്നതു്?'

'എന്നത്തേക്കു പോവണം?'

'ഇപ്പൊ ശമ്പളമെന്തോ ഒണ്ടു്?'

'ഇങ്ങോട്ടെങ്ങാനും മാറ്റം കിട്ടോ?'

മറുപടി അർഹിക്കാത്ത കുറെ വിഡ്ഢിച്ചോദ്യങ്ങളാണ്. ബുദ്ധിയുള്ള ചോദ്യങ്ങൾ ഈ വിഡ്ഢികളിൽനിന്നു പ്രതീക്ഷിക്കുന്നതുതന്നെ അബദ്ധമല്ലേ?

ലോഹ്യമാണത്രേ. ഈ ലോഹ്യക്കാരെക്കൊണ്ടാണ് മടുക്കുന്നതു്. നേരെ മുഖത്തുനോക്കി പറയുകയാണ വേണ്ടതു്. നിന്റെയൊന്നും ലോഹ്യം ഇവിടെ അവശ്യമില്ല. ആവശ്യമുള്ള ക്കാലത്തു് ആരും ലോഹ്യം കാണിച്ചിട്ടുമില്ല. എന്നിട്ടു് ഇപ്പോൾ എത്തിയിരിക്കുന്നു. ഞാൻ ഇവിടുത്തുകാരനല്ല, എനിക്കു നിങ്ങളെ ആരെയും പരിചയമില്ല.

നന്ദികെട്ടവനെന്നു വിളിക്കും. മൂട്ടമറക്കരുതു് എന്നു പറയും. ഏതു മൂട്ട്?

മൂട്ട തന്നെത്താൻ പണിതതാണ്. അതും പണിയിച്ചുതന്നില്ല. കഴിയായിരുന്നു. കഴി നിത്തിയതും പായവിരിച്ചതും തന്നെത്താനാണ്. നന്ദിയുടെയും നന്ദികേടിന്റെയും പ്രശ്നമില്ല.

ഇനി എങ്ങോട്ടാണ പോവുക?

വണ്ടിയിറങ്ങിയപ്പോഴും ഇതുതന്നെയായിരുന്നു തോന്നിയതു്. റെയിൽവേസ്റ്റേഷനിൽവച്ചു് ആരൊക്കെയോ ചിരിച്ചു. എന്തൊക്കെയോ ചോദിക്കുകയും ചെയ്തു. ഒറ്റവാക്കിൽ ഉത്തരം കൊടുത്തു നടക്കുകയാണ ചെയ്തതു്. അതിനപ്പുറം ശ്രദ്ധിക്കപ്പേടേണ്ടവർ ആരും ഉണ്ടായിരുന്നില്ല. പരിചയമില്ലാത്ത കുറെ ആളുകൾ ചിരിക്കുകയും ബുദ്ധിയുള്ളിക്കുന്ന ചോദ്യങ്ങൾ ചോദിക്കുകയും ആയിരുന്നു.

എവിടെച്ചെന്നാലുമുണ്ട് ഈ വകക്കാർ.

റെയിൽവേസ്റ്റേഷനിൽനിന്നു വീട്ടിലേക്കു നടന്നതു് മനഃപൂർവ്വം കുറുക്കുവഴിയിലൂടെയാണ്. മെയിൻറോഡുവഴി നടന്നാൽ ലോഹ്യക്കാരുടെ ബാധയുണ്ടാവും. വഴി തെറ്റിയില്ല. നടന്ന പരിചിതമായ വഴികളാണ്. എന്നും കളിച്ചുതൊഴാൻ പോവുന്ന അമ്പലവും പഠിച്ചിരുന്ന സ്കൂളും വഴിക്കു കണ്ടു. പക്ഷേ, പരിചയമുള്ളതായി തോന്നിയില്ല. ചുമരുകൾക്കു് നാവില്ലാഞ്ഞതു നന്നായി. അല്ലെങ്കിൽ അവയും ലോഹ്യംപറഞ്ഞു തുടങ്ങിയേനെ.

പഴയ ഓർമ്മകളൊന്നും ഉണ്ടായില്ല മനസ്സിൽ. ഓർമ്മയിൽ തങ്ങിനില്ക്കത്തക്ക സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഈ അമ്പലത്തിലല്ലെങ്കിൽ വേറൊരമ്പലത്തിൽ കളിച്ചുതൊഴുതതെന്നെ ഈ സ്കൂളിലല്ലെങ്കിൽ മറ്റൊരിടത്തു പഠിച്ചേനെ. അതിൽ കവിഞ്ഞു് ഒന്നുമില്ല. പിന്നെന്താണ പ്രത്യേകത?

യാത്ര തിരിച്ചതുമുതൽ ഉണ്ടായിരുന്ന പ്രതീക്ഷകളൊക്കെ തെറ്റായിരുന്നുവെന്നു് അപ്പോൾ മനസ്സിലായി. ന്യൂഡൽഹി

തിരുമധുരം

കാക്കനാടൻ

സ്റ്റേഷനിൽനിന്നു് ഗ്രാൻഡ് ട്രങ്ക് എക്സ്പ്രസ്സ് വീട്ടുമുറ്റത്തെത്തിയപ്പോൾ രക്ഷപ്പെട്ടെന്നു് തോന്നിയതാണ്. അടുത്ത പരിചയപ്പെട്ട പഴകി എല്ലാ ആകർഷകത്വവും നഷ്ടപ്പെട്ട മുഖങ്ങൾ അകന്നകന്നുപോയപ്പോൾ വളരെ സന്തോഷം തോന്നുകയുണ്ടായി. നിവൃത്തിയുണ്ടെങ്കിൽ ഇനി തിരിച്ചുവരില്ല ഇട്ടറേ എന്നു മനസ്സിൽ പറഞ്ഞുകൊണ്ടാണ് വണ്ടിയിൽ പുറവും നോക്കിയതു്. അപ്പോൾ ചെറിയ ഒരു ആശയുണ്ടായിരുന്നു. നാട്ടിലെത്തുമ്പോൾ ഇതൊക്കെ മാറും. ബാല്യകാലത്തിന്റെ ഓർമ്മകളൊക്കെ മടങ്ങിയെത്തും. ചെറുപ്പത്തിൽ ഓടിക്കളിച്ചുനടന്ന ഊടുവഴികളും പഠിച്ച പള്ളിക്കൂടവും ഒക്കെ കാണുമ്പോൾ മനസ്സിനു സന്തോഷം തോന്നും. പട്ടണത്തിലെ ക്ലബ്ബുകൾക്കും റസ്റ്റോറാറണ്ടുകൾക്കും പാർക്കുകൾക്കും തരാൻ കഴിയാത്ത ആനന്ദം അവിടെ കിട്ടും.

തെറ്റായിരുന്നു. ഒക്കെ തെറ്റായിരുന്നു.

വണ്ടിയിറങ്ങി. കൂലിക്കാരന്റെ തലയിൽ ബെഡ്ഡിംഗും സൂട്ട്കേസും പിടിച്ചുവച്ചുകൊടുത്തിട്ടു തിരിഞ്ഞപ്പോൾ വണ്ടി ചൂളംകുത്തിപ്പുറപ്പെട്ടു. അതു നീങ്ങിനീങ്ങിപ്പോയപ്പോൾ എല്ലാം നഷ്ടപ്പെട്ടതുപോലെ തോന്നി. വണ്ടിയിൽവച്ചു പരിചയപ്പെട്ട തങ്കമണി, ഓമന എന്ന പെൺകുട്ടികൾ വാതിലിൽനിന്നു കൈവീശിക്കാണിച്ചു. ഈ ലോകത്തു് തനിയ്ക്ക് ഏറ്റവും അടുത്ത ബന്ധുക്കൾ അവരാണ്. അവർ പോയതോടെ എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. തിരുവനന്തപുരത്തേക്കു പോവുന്ന വണ്ടിയുടെ പിൻഭാഗത്തേക്കു നോക്കി ഒരു നിമിഷം

ഈ കഥയെക്കുറിച്ചു്

കാക്കനാടന്റെ ഏറ്റവും പുതിയ കഥ—ഉച്ചയില്ലാത്ത ഒരു ദിവസം—ജൂൺ 16 ാം തീയതിയിലെ ലക്കത്തിൽ നിങ്ങൾ വായിച്ചു. അപരിചിതൻ—പതിനൊന്നു വർഷങ്ങൾക്കുമുമ്പു് അദ്ദേഹമെഴുതിയ അപ്രകാശിതമായ കഥയാണ്. കാലം ഒരെഴുത്തുകാരനിൽ വരുത്തുന്ന മാറ്റം മനസ്സിലാക്കാൻ ഈ കഥകളുടെ താരതമ്യപഠനം സഹായിക്കുമെന്നും, അതു് കൗതുകപ്രദമായിരിക്കുമെന്നും ഞങ്ങൾ കരുതുന്നു.

—പത്രാധിപർ.

നിന്നിട്ട് കൂലിക്കാരൻകൊച്ചന്റെ കൂടെ വീട്ടിലേക്ക് നടന്നു. കണ്ണു നനഞ്ഞിരുന്നുവോ?

വണ്ടിയിൽ കഴിച്ചുകൂട്ടിയ രണ്ടുമൂന്നു ദിവസങ്ങൾ വലിയ കുഴപ്പമില്ലാതെ കഴിഞ്ഞു പരിചയക്കാരാരും ഇല്ലാത്തതു നന്നായി. ആരോടും അത്ര കൂട്ടുതൽ പരിചയപ്പെടാനും പോയില്ല നാലഞ്ചു പെൺകുട്ടികളും കൂടെ ചെറുപ്പക്കാരും സേലത്തിനു പോവേണ്ട ഒരു തമിഴ്കുടുംബവും ആയിരുന്നു അടുത്ത സഹയാത്രികർ. മദിരാശിവരെ പെൺകുട്ടികൾ നഴ്സുകളായിരുന്നു. അവർ പാട്ടുപാടുകയും ഓറഞ്ചും മറ്റും വാങ്ങിത്തരികയും ചെയ്തു. അവരുടെ തമാശകൾ കേട്ടു ചിരിച്ചു. ചെറുപ്പക്കാരോട്ടം സംസാരിച്ചു. സേലത്തിനു പോവുന്ന തമിഴ്കുടുംബത്തിലെ ഒരു സ്ത്രീ കാണുമ്പോഴൊക്കെ നാണിച്ചു തലകുനിച്ചു ചിരിക്കുമായിരുന്നു. അവരെ നോക്കിച്ചു ചിരിക്കുമായിരുന്നു. അവരെ നോക്കിക്കൊണ്ടു മുകളിലത്തെ ബർത്തിൽ കിടക്കുകയായിരുന്നു ഏറ്റവും വലിയ വിനോദം.

തിരുവനന്തപുരം എക്സ്പ്രസ്സിൽ വച്ചാണു് തങ്കമണിയെയും ഓമനയെയും പരിചയപ്പെട്ടതു്. രസികത്തികളാണു രണ്ടും. അവർ ചോറു വാരിത്തരികയും പാട്ടുപാടുകയും മുഴുവൻസമയവും വർത്തമാനം പറഞ്ഞിരിക്കുകയും ചെയ്തു. എല്ലാ തമാശകളിലും പങ്കെടുത്തു. അപ്പോഴൊക്കെ മനസ്സിൽ പറഞ്ഞു. നിങ്ങളോടു് ഞാനിത്ര ലോഹ്യം കാണിക്കുന്നതിനും ഒരു കാരണമേ ഉള്ളു. ഇനി നാം തമ്മിൽ കാണില്ല. വഴിക്കുവച്ചു് കാണാനും ചിരിക്കാനും ബോറടിക്കാനും നിങ്ങൾ തയ്യാറാവില്ലെന്നു് ഞാൻ വിശ്വസിക്കുന്നു.

വണ്ടി പോയതിനുശേഷം പണ്ടു പരിചയമുള്ള വഴിയിൽക്കൂടി വീട്ടിലേക്കു് നടക്കുകയും ഒക്കെ അപരിചിതമായി തോന്നുകയും ചെയ്തപ്പോൾ ഒരു പ്രതീക്ഷയുണ്ടായിരുന്നു വീട്ടിൽ ചെല്ലുമ്പോൾ ഒക്കെ മാറും. മഴക്കാലമാണു്. കെട്ടിലിരിക്കാം. നാട്ടുറത്തു് മഴത്തുള്ളികൾ വീണു പെരുകുന്നതു കാണാം കെട്ടിന്റെ തെക്കുഭാഗത്തെ മുകളിയിൽ ചൂരലിന്റെ സോഫയുണ്ടു്. അതിന്മേൽ ചാഞ്ഞുകിടന്നു് ഓടിലെ ദ്വാരങ്ങളിലെ പാത്തികളിലൂടെ മഴവെള്ളം കുത്തിയൊഴുകിവീഴുന്നതുനോക്കി രസിക്കാം. ആ കിടപ്പായിരുന്നു പണ്ടു് ഏറ്റവും ഇഷ്ടം. ബീഡിയോ സിഗരറ്റോ വലിച്ചു്, ആഴ്ചപ്പതിപ്പും വായിച്ചുങ്ങനെ കിടക്കുക. അമ്മവന്റെ മകൾ രുഗ്മിണിയിരുട്ടുകളയിൽനിന്നു് വടക്കേമുറിയിലേക്കും തിരിച്ചു് അടുക്കളയിലേക്കും പോവും. അപ്പോഴൊക്കെ അവൾ ഒന്നു നോക്കും ചിരിക്കും അവളുടെ പിൻഭാഗം കുലുങ്ങും. കണ്ണുകൾ വെട്ടിത്തിളങ്ങും. നിറഞ്ഞ ചുണ്ടുകൾ തുടിക്കും.

രുഗ്മിണിക്കു് ചുരുണ്ട മുടിയും കറുത്ത കണ്ണുകളും കൊഴുത്ത ശരീരവും ഉണ്ടായിരുന്നു.

കെട്ടിലെ ഇരിപ്പാണു് ഒരേയൊരു പ്രതീക്ഷ. മറ്റുള്ളതൊക്കെ മിനക്കേടാണു് വല്ലാതെ ബോറടിക്കുന്ന കാര്യങ്ങളാണു്.

രുഗ്മിണി കാപ്പി കൊണ്ടുവരുമ്പോൾ പിടിച്ചു് അടുത്തിരുത്താം. കവിളിൽ നുള്ളാം. മുടിയിൽപിടിച്ചുവലിക്കാം. ആരും കണ്ടില്ലെങ്കിൽ അവൾക്കു പരാതിയൊന്നുമില്ല. ചിലപ്പോഴൊക്കെ അവൾ പകരം ചെയ്യാറുണ്ടു്.

വീട്ടിൽ ചെന്നപ്പോഴാണു് സ്ഥിതിഗതികളുടെ കിടപ്പു മനസ്സിലായതു്. പടികടന്നപ്പോൾത്തന്നെ ഒരു പന്തികേടു തോന്നി. പരിചയമില്ലാത്ത ഒരു സ്ഥലമാണിതു്. പണ്ടു പഠിച്ച പള്ളിക്കൂടം പോലെ, പണ്ടു കളിച്ചുതൊഴുത അമ്പലം പോലെ ഇതും മറവിയിൽപ്പെട്ടതാണു്. എല്ലാം മറക്കുന്നു. എല്ലാം. ഇവിടെയും ഏതാനിക്കാരുമില്ല. അപരിചിതരായ കുറെ മനുഷ്യർ മുറ്റത്തൊക്കെ അമ്പരന്നു ചുറ്റിച്ചുനോക്കുകയും കലപിലെന്നു് ഒച്ചയിടുകയും ചെയ്യുന്നു. കുറെ കാക്കകളുണ്ടു്.

കോലായിൽ പത്തുമുപ്പത്തഞ്ചു വയസ്സു പ്രായം വരുന്ന ഒരു സ്ത്രീ ഇരിക്കുന്നുണ്ടു്. കാത്ത്യായനിച്ചേച്ചിയാണു്. അതിനെന്താ? അവർക്കും എനിക്കും തമ്മിൽ എന്തു്? അവർ ചാടി എണീറ്റുവന്നു. മുഖത്തും കയ്യിലുമൊക്കെ തലോടി. പെട്ടെന്നു ചിരിച്ചു.

"നീയെന്തു ക്ഷീണിച്ചുപോയല്ലോടാ. നീയെന്താ നേരത്തെ എഴുതാഞ്ഞതു്? പു

(ശേഷം 59-ൽ)

മലയാളനാടു് അടുത്തലക്കം

എല്ലാ ലൈംഗിക വൈകൃതങ്ങൾക്കും മരണത്തിന്റെ മണമുണ്ടോ? കാമത്തിന്റെ അത്യുന്നതങ്ങളിലെ ശൈശത്യം മരണത്തിന്റേതോ? റോബർട്ട്—അല്ലേ അതു തെളിയിച്ചു 'വാക്കുകളിലൂടെ, ബെർനാഡോ ബെർട്ടോലൂസ്സി, മർലർബ്രാണ്ടോ എന്നിവർ വെള്ളിത്തിരയിലൂടെയും ലോകത്തെ നടുക്കിയ ഒരു പുസ്തകത്തെക്കുറിച്ചു്—ലാസ്റ്റ് ടാങ്കോ ഇൻ പാരീസു്—മനഃശാസ്ത്രപരമായ ഒരു സമീപനം.

ലളിതാമേനോൻ എം. എ.

എഴുതുന്ന

'കാമത്തിന്റെ സ്വർണ്ണദുർഗ്ഗങ്ങളിൽ മരണം'

ഉമ്പമൺ തോമസിന്റെ

'മലയാളനോവലും സ്ത്രൈണ സങ്കല്പങ്ങളും'

എന്ന ലേഖനത്തിന്റെ അവസാനഭാഗം.

★

ഫോസ്റ്റർഗുറിയിൽ കളിയാക്കിയ കൂട്ടുകാരികൾ. മതിൽക്കെട്ടിനു പുറത്തു് പൂമരത്തിനു മുകളിൽ കാത്തുനിന്ന കണ്ണുകളിൽ ഊഞ്ഞാലാടിയ പ്രകാശബിന്ദു.

—ഷാരോണിലെ പനിനീർപൂക്കളേക്കാൾ എനിക്കു് പ്രിയംകരം നിന്റെ അനുരാഗം.

കെ. ഗോവിന്ദന്റെ കഥ

'അതിഥി'

നാലാളും ദൂരെ മറ്റൊരു ചെറിയ പാറപ്പുറത്തു കയറിയിരുന്നു. പ്രഭാതം വിടരുന്നതും കാത്തുകാത്തു്. അപ്പുണ്ണി ഇറങ്ങിവരുമെന്ന ശുഭാപ്തിവിശ്വാസത്തോടെ.

പക്ഷേ, അവരുടെ നിഴലും ഗന്ധവും അപ്പുണ്ണിയെ പാർയിലഡിയിക്കുകയായിരുന്നു. അപ്പുണ്ണി തേങ്ങിത്തേങ്ങിക്കരയുകയായിരുന്നു.

വിജയൻ കരോട്ടിന്റെ കഥ

'അപ്പുണ്ണി എന്ന അപ്പുണ്ണി'

എന്റെ ആദ്യത്തെ കഥാപരമ്പരയിൽ സുരേഷിന്റെ

പറക്കമുറ്റാത്തവർ

★

നീലമ്പേരൂർ, വട്ടകളം ശങ്കുണ്ണി എന്നിവരുടെ കവിതകൾ

★

എം. മുകുന്ദൻ, പെരുമ്പടവം ശ്രീധരൻ എം. ഡി. രത്നമ്മ എന്നിവരുടെ നോവലുകൾ

അബ്ബാസിന്റെ

ബോബി തുടരുന്നു

★

എം. കൃഷ്ണൻ നായർ, തോപ്പിൽ ഭാസി, വി. ടി. നന്ദകുമാർ മംഗലാശ്ശേരി, വി. ബി. സി. നായർ

എന്നിവരുടെ സ്ഥിരം പംക്തികൾ

★

ശാസ്ത്രയാനം, സൗന്ദര്യചർച്ച തുടരുന്നു.

നിശ്ശബ്ദത മഹത്ത്വത്തിന്റെ ലക്ഷണമാണ്. വാദപ്രതിവാദങ്ങൾ നടക്കുന്ന സദസ്സിൽ പണ്ഡിതനായ മഹാൻ മൗനം അവലംബിച്ചു് ഇരിക്കുന്നു. ആൾക്കൂട്ടത്തിൽ അദ്ദേഹം അകപ്പെട്ടപ്പോയെന്നിരിക്കട്ടെ. ശ്വാസം മുട്ടുന്ന അനുഭവമായിരിക്കും അദ്ദേഹത്തിനുണ്ടാവുക. അവിടെനിന്നു രക്ഷപ്പെട്ടു് ആ മനുഷ്യൻ പുറത്തേക്കു പോരുന്ന കാഴ്ച നമുക്കു കാണാം. ആൾക്കൂട്ടത്തിൽ ചെന്നുചേരാനും അതിന്റെ ശബ്ദത്തിനു് അനുസരിച്ചു് ശബ്ദമുണ്ടാക്കാനും താൽപര്യമുള്ളവൻ അല്പജ്ഞനാണു്. സിംഹത്തെപ്പോലെ ഒറ്റയ്ക്കു നടക്കാനും കഴിയുന്നിടത്തോളം മിണ്ടാതിരിക്കാനും ആഗ്രഹിക്കുന്നവൻ മഹാനാണു്. ഒരു സംഭവം മാത്രീത്തിൽ (Madrid) ബസ്സു് വന്നുനിന്നു. യാത്രക്കാർ ബസ്സിൽ നിന്നിറങ്ങാൻ ഉന്തും തള്ളും നടത്തുകയാണു്. ഒരാൾമാത്രം സീറ്റിൽനിന്നു് അനങ്ങുന്നില്ല എല്ലാവരും റോഡിലേക്കിറങ്ങിയപ്പോൾ അദ്ദേഹം പതുക്കെ എഴുന്നേറ്റു നടന്നതുടങ്ങി. കണ്ടുനിന്നവരിൽ ചിലർക്കു് അദ്ദേഹം ആരെന്നറിയാൻ കൗതുകം. അയാൾ അദ്ദേഹത്തോടു ചോദിച്ചു:—"താങ്കൾ ആരാണു്?" മറുപടി:—"എന്റെ പേരു സാന്തായാനാ എന്നാണു്." രാഷ്ട്രാന്തരീയപ്രശസ്തിയാർജ്ജിച്ച തത്ത്വചിന്തകൻ സാന്തായാനയെക്കണ്ടു് അയാൾക്കു് അദ്ദേഹം; അതോടൊപ്പം ബഹുമാനവും. നമുക്കു ചില കാഷായവസ്ത്രക്കാർ മറ്റാളുകളെ ഇടിച്ചിട്ടുകൊണ്ടു് ബസ്സിൽ തള്ളിക്കേറുന്നതു കാണുമ്പോഴൊക്കെ ഞാൻ സാന്തായാനയെസ്സംബന്ധിച്ച ഈ യഥാർത്ഥ സംഭവം ഓർമ്മിച്ചുപോകാറുണ്ടു്. സ്ത്രീയെ നാം ബഹുമാനിക്കുന്നതു് ഈ ഗുണം കൊണ്ടാണു്. അന്തസ്സും ആഭിജാത്യവുമുള്ള സ്ത്രീകൾ എന്തെല്ലാം പ്രകോപനങ്ങളുണ്ടായാലും നിശ്ശബ്ദത പരിപാലിക്കും. ആ ഗുണങ്ങളില്ലാത്തവർ മറ്റു സ്ത്രീകളോടു മാത്രമല്ല പുരുഷന്മാരോടും ശണ്ഠകൂടും. പുരുഷൻ പറയാൻ ലജ്ജിക്കുന്ന വാക്കുകൾ അവരുടെ നാവിൽനിന്നു പ്രവഹിക്കും; തൂലികയിൽനിന്നു് കടലാസ്സിലേക്കു തടസ്സംകൂടാതെ ഒഴുകും. വാക്കുകളുടെ പ്രവാഹത്തിലൂടെ അക്ഷോഭ്യനായ ജനനകാലവേഷത്തിൽ നീന്തിത്തുടിക്കുമ്പോൾ അഭിജാതരായ സ്ത്രീകളും പുരുഷന്മാരും കണ്ണുപൊത്തിക്കൊണ്ടു് ഓടും. അഹങ്കാരവും ഔദ്ധത്യവുമുള്ള ഇത്തരം സ്ത്രീകളിൽ ഒരുത്തിയെ ഉറൂബ് "പാരുഷ്യം" എന്ന കഥയിൽ അവതരിപ്പിക്കുന്നു. (കുങ്കുമം—ലക്കം 33) ആരാണു് അവൾ? തീപ്പന്തം ലക്ഷ്മി. അവൾ ചെയ്തതെറ്റു്? ഒരു യുവാവിനെ ചെരുപ്പും അടിച്ചു. അടിച്ചതിനു മതിയായ കാരണമുണ്ടു്. ജോലിവാങ്ങിക്കൊടുക്കാമെന്നു പറഞ്ഞു് അയാൾ അവളെ വ്യഭിചാരകർമ്മത്തിലേക്കു തള്ളിവിട്ടു. എന്നിട്ടു് അവളെ പരിഹസിക്കുകയും ചെയ്തു. കല്പന വന്നപ്പോൾ ജോലി അവൾക്കല്ല, അയാൾക്കാണു് കിട്ടിയതു് രോഷാകുലയായി അവൾ അയാളെ അടിച്ചു. ഈ താഡനത്തെ നീതിമത്കരിക്കുന്ന മട്ടിൽ ഉറൂബൊന്നും എഴുതിയിട്ടില്ല. അതുകൊണ്ടു് തീപ്പന്തം ലക്ഷ്മി ഒരു 'ആമസാൺ' ആയിട്ടുതന്നെ ഇക്കഥയിൽ വർത്തിക്കുന്നു. രാച്ചിയമ്മയെ സൃഷ്ടിച്ച തൂലികയുടെ ഔദ്ധത്യം ഈ ചെറുകഥയിലും കാണാം. ഉറൂബിന്റെ നർമ്മബോധം പല വാക്യങ്ങളിലും പ്രതിഫലിക്കുന്നു. സ്വഭാവപ്രധാനമായ കഥയാണിതു്. തീപ്പന്തം ലക്ഷ്മിയുടെ സ്വഭാവസവിശേഷതയെ വിദഗ്ദ്ധമായ രീതിയിൽ കഥാകാരൻ ആലേഖനം ചെയ്യുന്നുണ്ടു്. എങ്കിലും എന്തോ ഒരു കുറവു്. ആ ന്യൂനത എന്താണെന്നു് അന്വേഷിച്ചു ചെല്ലുമ്പോൾ ചെറുകഥയുടെ പര്യവസാനം ഹൃദ്യമായില്ലെന്നു് നമുക്കു തോന്നും. ദിവസങ്ങൾ പരിണാമരമണീയങ്ങളായിരിക്കുന്നുവെന്നുകൊളിദാസൻപറയുന്നു. ചെറുകഥകളും പരിണാമരമണീയങ്ങളായിരിക്കണം.

യൂഹാൻ ഔഗുസ്റ്റു് സ്ട്രിൻബർയേ (Johan August Strindberg) വിശ്വവിഖ്യാതനായ നാടകകാരനും നോവലിസ്റ്റുമാണു്. അദ്ദേഹത്തിന്റെ ഒരു നാടകത്തിലെ സ്ത്രീകഥാപാത്രം അവളെ വിവാഹംകഴിക്കാൻ തീരുമാനിച്ച ഒരുവനെ ചാട്ട നീട്ടിപ്പിടിച്ചു് അതിന്റെ മുകളിലൂടെ ചാടിക്കുന്നു. ഓരോ പ്രാവശ്യം ചാടുമ്പോഴും ആ ചാട്ടകൊണ്ടുതന്നെ അവൾ അയാളുടെ മുതുകിൽ അടിക്കും. ഇതു വായിച്ചപ്പോൾ സ്ത്രീവിദ്വേഷിയായ സ്ട്രിൻബർയേ വസ്തുതകൾക്കു സ്ഥലീകരണം നൽകുകയാണെന്നു് എനിക്കു തോന്നി. പക്ഷേ, ഇപ്പോൾ ചിലരുടെ പ്രവർത്തനങ്ങൾ കണ്ടപ്പോൾ ആ സ്വീഡിഷ്നാടകകർത്താവു് ഉള്ളതു മുഴുവനും പറഞ്ഞിട്ടില്ലെന്നു് തോന്നുകയുണ്ടായി. കൊമ്പൻമീശക്കാരനായ ഒരു ഭർത്താവിനെ ആട്ടുകയും തുപ്പുകയും ചെയ്യുന്ന ഒരു രാക്ഷസിയെ എനിക്കു നേരിട്ടറിയാം. പരമയോഗ്യനും പാവവുമായ അയാൾ അഞ്ചു വയസ്സായ പെൺകുട്ടിയോടു സംസാരിച്ചാൽമതി അവൾ "ഇതു് എന്താര്വത്താനം പെൺപിള്ളേരോടു്" എന്നുപറഞ്ഞു് അടിക്കാനൊരുങ്ങും. ഇത്തരം ദുഷ്കരെ ഇംഗ്ലീഷിൽ 'ഷ്രൂ' (shrew) വിരാഗോ (Virago) ടർമഗൻറ് (Termagant) എന്നൊക്കെ പറയും. അവരിൽ ഒരുത്തിയെയാണു് ഉറൂബ് നമ്മുടെ മുൻപിൽ നിരുത്തിയതു്. ശ്രീ. പാറപ്പുറത്തു് "കീഴങ്ങൽ" എന്ന ചെറുകഥയിൽ ആയിരമായിരം മണ്ണാത്തികൾ പൊഴിച്ചു് പുരുഷന്മാരെ പാട്ടിലാക്കുന്ന ഒരു

എം. കൃഷ്ണൻനായർ

"നിംഫോമേനിയാ?"ക്കാരിയെ (അതിരുകടന്ന കാമവികാരമുള്ളവൾ) ചിത്രീകരിക്കുന്നു. ലില്ലിക്കുട്ടിയുടെ ഭർത്താവു് "മത്തായി ക്കുഞ്ഞിനെയാണു്" അവൾ വശത്താക്കിയതു്. മത്തായിക്കുഞ്ഞിന്റെ സ്വഭാവവും പണവും ഒരുമിച്ചു ചോർന്നുപോയി. ഒടുവിൽ ഭർത്താവിന്റെ വ്യഭിചാരം ഭാര്യ കണ്ടുപിടിക്കുന്നു ഫലിതാത്മകമായി പാറപ്പുറത്തു് ഈ കഥ പറഞ്ഞിട്ടുണ്ടു്. ഉറൂബ് ഉക്തവൈചിത്ര്യത്താൽ ഹാസ്യം ജനിപ്പിക്കുന്നു പാറപ്പുറത്തു് സംഭവസന്നിവേശങ്ങളുടെ സവിശേഷതയാൽ ഹാസ്യം ഉളവാക്കുന്നു. പക്ഷേ, ഉറൂബിന്റെ കഥയ്ക്കുള്ള ദോഷം പാറപ്പുറത്തിന്റെ കഥയ്ക്കുമുണ്ടു്. ഇതൊരു കലാശില്പമായിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ 'ഭഗവാനൊരു കുറവനായി' എന്ന ഹാസ്യകഥ നോക്കൂ. ('അളിയൻ' എന്ന കഥാസമാഹാരം). അതു് അനുനമായ കലാസൃഷ്ടിയാണു്.

* * *
* * *

നക്ഷത്രചിഹ്നങ്ങളേ! നിങ്ങൾ ഈ ഖണ്ഡികയുടെ മുകളിൽ തിളങ്ങുന്നതു് എത്ര ആഹ്ലാദജനകം! എന്റെ വായനക്കാർക്കു് നിങ്ങൾ താൽകാലികമായ ആശ്വാസം പ്രദാനം ചെയ്യുന്നു. ഒരു ചിന്തയിൽനിന്നു മറ്റൊരു ചിന്തയിലേക്കു പോകാൻ നിങ്ങൾ എന്നെ സഹായിക്കുന്നു. നമ്മെക്കാണുമ്പോൾ പല്ലിളിച്ചു കാണിക്കുന്ന ബന്ധുക്കളെക്കാൾ, സ്നേഹിതരേക്കാൾ നിങ്ങൾ എത്ര ആദരണീയർ നിങ്ങൾ മഹാസത്യത്തിനൊന്നും പ്രാതിനിധ്യം വഹിക്കുന്നില്ല എങ്കിലും നിങ്ങളുടെ ചെറിയ സത്യം സിനോപ്പലും പോലെ സ്പഷ്ടമായി ആവിഷ്കരിക്കുന്നു നിങ്ങളെ നമസ്കരിച്ചുകൊണ്ടു് ഞാൻ ശ്രീ. കാക്കനാടന്റെ "ഉച്ചയില്ലാത്തദിവസം" എന്ന ചെറുകഥയിലേക്കു പോകട്ടെ സുഗമമല്ല അദ്ദേഹത്തിന്റെ ഈ കഥ. അതുകൊണ്ടു് എക്സിസ്റ്റെൻ

ഷ്യലാശയങ്ങൾ അതിൽ നിവേശിപ്പിച്ചിരിക്കുന്നു. മേടപ്പത്തിനു ജന്മദിനമായ ഒരുവനെ കാക്കനാടൻ അവതരിപ്പിക്കുന്നു. അന്ധവിശ്വാസിയായ, ലൈംഗികതാത്പര്യമില്ലാത്ത ഒരു കഥാപാത്രം. അതുവരെ കണ്ടിട്ടില്ലാത്ത ഒരു സുഹൃത്തുണ്ട് അയാൾക്ക്. ആ സുഹൃത്ത് അയാളുടെ ജന്മദിനത്തിൽത്തന്നെ ആത്മഹത്യ ചെയ്യുന്നു. എന്തിനു് അയാൾ അന്നു് ആത്മഹത്യ ചെയ്തു? കഥാപാത്രത്തിനു് അറിഞ്ഞുകൂടാ. സ്നേഹിതൻ പ്രധാന കഥാപാത്രത്തിന്റെ alter ego ആയിരിക്കാം. ഇതിൽ കൂടുതലായി ഈ കഥയെക്കുറിച്ചു് ഈ ലേഖകൻ ഒന്നും പറയുന്നില്ല. കാക്കനാടന്റെ കഥ എനിക്കു ദുർജ്ഞേയമായിബോധിച്ചെങ്കിലും അദ്ദേഹത്തിന്റെ രചനയ്ക്കുള്ള ഓജസ്സു് അതിൽ പ്രകടമാണു്.

ആങ്ദ്രേ ഷീദിന്റെ "The Fruits of the Earth" എന്ന മനോഹരമായ ഗ്രന്ഥം വായിച്ചിട്ടുണ്ടോ? ഖലിൽ ജിബ്രാന്റെ 'പ്രോഫറ്റു്' എന്ന കൃതിപോലെ പ്രചാരമാർന്നതാണു് അതു്. ആ ഗ്രന്ഥത്തിൽ ഷീദ് പറയുന്നു:— It is delightful to swim in spring water; to kiss unknown lips in the dark. —ജലാകരത്തിൽ നീന്തിത്തുടിക്കുന്നതും ഇരുട്ടിൽ അജ്ഞാതങ്ങളായ ചുണ്ടുകളിൽ ഉമ്മവയ്ക്കുന്നതും ആഹ്ലാദജനകമാണു്. നൂതനത്വം അല്ലെങ്കിൽ അപൂർവ്വാനുഭവമായിരിക്കും ഈ ആഹ്ലാദത്തിനു് ആസ്പദം. 'ഖസാക്കിന്റെ ഇതിഹാസം' വായിക്കുമ്പോൾ ഈ അപൂർവാനുഭവം ജനിയ്ക്കുന്നു. പക്ഷേ, ശ്രീമതി സാറാജോസഫിന്റെ "സ്മൃതിയിൽനിന്നു പരിണാമസിദ്ധാന്തത്തിലേക്കു്". ഭൂമഹർഷിയിൽനിന്നു ഡാർവിനിലേക്കു്. യുങ്ങിൽനിന്നു് ആസ്ട്രോ ഫിസിക്സിലേക്കു്" എന്ന വാക്യങ്ങൾ വായിക്കുമ്പോൾ ഈ. വി. കൃഷ്ണപിള്ളയുടെ ഒരു നേരമ്പോക്കു് ഓർമ്മവരുന്നു. കൊലപാതകികളെക്കൊണ്ടു സത്യം പറയിക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കുകയാണു് അനുഗൃഹീതനായ ഈ. വി. ഏറ്റവും വൈരുപ്യമുള്ള 'പെൺപോലീസി'നെ കൊലപാതകിയുടെ അടുക്കലേക്കു് അയയ്ക്കുണം. എന്നിട്ടു് അവൾ അയാളെ നോക്കിപ്പറയും:— 'എടാ വേഗം സത്യം പറഞ്ഞോ. ഇല്ലെങ്കിൽ ഞാൻ നിന്നെ ഉമ്മവയ്ക്കും.' ഏതു ഭയങ്കരനായ കൊലപാതകിയും ചുംബനം ഭയന്നു സത്യം പറയുമെന്നാണു് ഈ. വി. പ്രസ്താവിക്കുന്നതു്. സാറാജോസഫിന്റെ ചെറുകഥ (ഗംഗതന്നിലെ ഹ്രദം പോലെ മലയാളനാടു്–ലക്കം 2) ഫലിതസാഹിത്യചക്രവർത്തിയായ ഈ. വി. കൃഷ്ണപിള്ള സങ്കല്പത്തിൽക്കണ്ട ദണ്ഡനായികയുടെ ദശനോച്ഛിഷ്ടം പോലെ കുറോരമത്രേ. വെറും വാക്കുകളല്ലാതെ ഈ കഥയിൽ ഒന്നുമില്ല. വ്യാജമായ കല— കൗണ്ടർഫിറ്റ് ആർട്ട്— എന്നു പറയേണ്ടതു് ഈ കഥയെത്തന്നെയാണു്.

True eloquence shuns eloquence— യഥാർത്ഥമായ വാഗ്മിത വാഗ്മിതയെ ഒഴിവാക്കുന്നു— എന്നു് വീണ്ടും ആങ്ദ്രേഷീദ്. കല കലയാവുന്നതു് അതു് കലയാണെന്ന തോന്നാതിരിക്കുമ്പോഴാണെന്ന അർത്ഥത്തിൽ കുമാരസംഭവം ഗദ്യപരിഭാഷയ്ക്കു് അവതാരിക എഴുതിയ ഡോക്ടർ സി. നാരായണമേനോൻ പറഞ്ഞിട്ടുണ്ടെന്നാണു് എന്റെ ഓർമ്മ. ഈ പരമാർത്ഥംവിസ്മരിച്ചിട്ടാണു് പലരും എഴുതാറു്. ചന്ദ്രിക ആഴ്ചപ്പതിപ്പിൽ ശ്രീ: എം. എ. വള്ളിക്കുന്നു് എഴുതിയ "സൂര്യന്റെ മരണം" എന്ന ചെറുകഥ നോക്കുക. ഭാര്യയെ അവഗണിക്കുന്ന ഭർത്താവു് ഒരു ദിവസം എന്തെന്നില്ലാത്ത വിധത്തിൽ ആഹ്ലാദിച്ചു. അയാൾ ഭാര്യയുമായി ടൗണിൽപോയി. "പിശിഷ്ടഭോജ്യ"ങ്ങൾ കഴിച്ചു; മദ്യം കുടിച്ചു എന്തേ ഇങ്ങനെ ആഘോഷിക്കാൻ അവളുടെ സംശയം. അപ്പോൾ അയാൾ പറഞ്ഞു: "നിന്റെ ആരാധകനായ സാഹിത്യകാരൻ മരിച്ചു" ഏതു സാഹിത്യകാരൻ! അവളുടെ കാമുകനോ? ആയിരിക്കാം. ഇതു പറയാൻ സകല കൃത്രിമപ്രയോഗങ്ങളെയും കഥാകാരൻ വലിച്ചിഴച്ചു കൊണ്ടുവരുന്നു. കഥ തീരുമ്പോൾ എം. എ വള്ളിക്കുന്നു് എന്തിനു് ഇങ്ങനെ കഷ്ടപ്പെട്ടുവെന്നു് ചോദിക്കാൻ എനിക്കു തോന്നിപ്പോകുന്നു. പർവതം ചവിട്ടിക്കയറുന്നതു് രസകരമാണു്; കൊട്ടാരവാതിൽ കടക്കുമ്പോൾ തടാകത്തിലൂടെ തോണി തുഴഞ്ഞുപോകുന്നതു് ധീരന്മാർക്കു് ആഹ്ലാദദായകമാണു്. മുട്ടുവരെ താഴ്ന്ന ചെളിക്കെട്ടിലൂടെ കാലു വലിച്ചു വലിച്ചു് നടക്കുന്നതു് വേദനാജനകമാണു്. "സൂര്യന്റെ മരണം" വായിക്കുന്നവർ "ക്ലീഷേ"യുടെ (ക്ലീഷേ = ആവർത്തിച്ചുള്ള പ്രയോഗത്താൽ മൗലികതയും വികാരവും നഷ്ടപ്പെട്ട വാക്കു്) ചെളിക്കെട്ടിലൂടെയാണു് നടക്കുക.

പ്രതിഭയുള്ളവർക്കു് ഏതു് അശ്ലീലത്തെയും കലാത്മകമാക്കാൻ കഴിയുമെന്നതിനു തെളിവായി ഞാൻ മുൻപൊരിക്കൽ നിക്കോസ് കസാൻസാക്കിസിന്റെ Zorba the greek എന്ന അത്യുത്കൃഷ്ടസുന്ദരമായ നോവലിൽനിന്നു് ഒരു ഭാഗം തർജ്ജമ ചെയ്തു് ലേഖനങ്ങളിൽ ചേർത്തിരുന്നതു വീണ്ടും പറയാൻ വായനക്കാർ സമ്മതിക്കുമെന്നു് ഇത്തവണ ഇംഗ്ലീഷ് വാക്യങ്ങൾ ചേർക്കുന്നു.

"One day, at the cinema, I had seen a turkish pasha frolicking in a paris cabaret. He was holding a fair-haired young midinette on his lap. The pasha was getting excited; the tassel on his fez began to rise slowly, stopped for a moment when it was horizontal, then suddenly stuck straight up in the air."

പ്രതിഭയുള്ള ശ്രീ: വി കെ. എൻ. ഒരു രതോപകാരിയുടെ കഥ (pimp = രതോപകാരി, മനോഹരമായി പറയുന്നു. അതിന്റെ മുരുക്കം നൽകുക എന്ന കലാഹിംസയ്ക്കു് ഞാൻ തയ്യാറാവുന്നില്ല. വി. കെ. എന്നിന്റെ പ്രാഗല്ഭ്യം കാണാൻ വായനക്കാരെ സാദരം ക്ഷണിക്കുന്നതേയുള്ളു. (കഥ മാതൃഭൂമിയിൽ—ലക്കം 13) ഈ ഞാലാട്ടുന്ന കാമുകിയുടെ അഴിഞ്ഞ തലമുടിയിൽ നിലാവു വീണു് മുല്ലപ്പൂമാലയുടെ ഭംഗി കൈവരുന്നതു കണ്ടിട്ടുണ്ടോ? അതുപോലെ വ്യഭിചാരകർമ്മത്തിൽ ഹാസ്യം വീണുകിടക്കുന്ന ഇക്കഥയിൽ. അങ്ങനെ ആ നിന്ദ്യമായ കർമ്മവും ശോഭ ആവഹിക്കുന്നു.

യേശുദാസന്റെ ശബ്ദമാധുര്യം ആസ്വദിച്ചു് സ്ത്രീകൾ അദ്ദേഹത്തെ ആരാധിക്കുന്നു. വൈക്കം ചന്ദ്രശേഖരൻ നായരുടെ കഥകൾ വായിച്ചു് അവർ മയങ്ങിപ്പോകുന്നു. ഇതൊരു സാമാന്യസ്ഖലനം. ചന്ദ്രികാവാരികയിലെ (ലക്കം 6) "കാഷ്മീരത്തിൽ" വായിച്ചു് ഞാൻ മയങ്ങിപ്പോകുന്നില്ലെങ്കിലും രസിക്കുന്നു. ചേട്ടൻ അനുജനു പറഞ്ഞുകൊടുക്കുന്ന കഥ പറയുന്ന വൈകുന്നേരം ആ അനുജന്റെ നേർക്കു് സഹതാപം ഉളവാകുന്ന മട്ടിലാണു് കഥാകാരൻ ആഖ്യാനം നിർവഹിക്കുന്നതു്.

ഖലിയുടെ രാജ്ഞിയുടെ കലന്നപുറം ചട്ടഞ്ഞിനു കിടക്കുന്ന 'നിത്യത'യിൽ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന നല്ല നോവലെഴുതിയ ശ്രീ: എം. മുകുന്ദന്റെ ഒരു ചെറുകഥ കാണാം; 'കന്യാചർമ്മത്തിന്റെ താക്കോൽ.' ഹോസ്റ്ററലിൽ താമസിക്കുന്ന ഒരു പെൺകുട്ടിക്കു് ഒരു യുവാവു് കന്യാചർമ്മത്തിന്റെ താക്കോൽ കൊണ്ടുകൊടുക്കുന്നു. അർദ്ധരാത്രിയിലാണു് ആ ദാനം. താക്കോൽ കൊടുത്തിട്ടു് പുറത്തിറങ്ങുമ്പോൾ പോലീസുകാർ അയാളെ അറസ്റ്റുചെയ്യുന്നു. കഥയിലെ പല വാക്യങ്ങളും "നിത്യത"യിൽ അച്ചടിച്ചിട്ടുണ്ടെങ്കിലും ഇവിടെ അച്ചടിക്കാൻ വയ്യ.

* * *

ഭാഗ്യം! മഹാഭാഗ്യം! എന്റെ സ്നേഹിതൻ ശ്രീ. നരേന്ദ്രപ്രസാദ് മനുഷ്യർക്കു മനസ്സിലാകുന്ന ഭാഷയിൽ എഴുതിത്തുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ 'ലക്ഷ്യമല്ല; കർമ്മം' എന്ന മലയാളനാട്ടിലെ ലേഖനം വായിച്ചപ്പോൾ അദ്ദേഹം ഉദ്ദേശിച്ചതു് എന്താണെന്നു്, എനിക്കു പിടികിട്ടി. ഈ ലേഖകൻ അദ്ദേഹത്തോടു യോജിക്കുന്നോ ഇല്ലയോ എന്ന കാര്യം വേറെ. നരേന്ദ്രപ്രസാദ് സ്വന്തം മതങ്ങളുണ്ടു് ആവിഷ്കരിക്കുന്നതു്. അവയുടെ സാധുത നിർണ്ണയിക്കാൻ ഇവിടെ സ്ഥലമില്ല. അങ്ങനെ ലേഖനമെഴുതിവരുമ്പോൾ അദ്ദേഹത്തിനു് എന്നെ പേരു പറയാതെ ഒന്നു കാച്ചുണമെന്നു തോന്നി. നരേന്ദ്രപ്രസാദ് കാച്ചുന്നു. കേൾക്കുക:—

"കഴുതകളെപ്പോലെ പുസ്തകങ്ങൾ ചുമന്നു നടക്കുകയും വലിയ എഴുത്തുകാരുടെ ചൊറികുത്തുന്നതിൽ അഭിമാനിക്കുകയും ചെയ്യുന്ന നമ്മുടെ രാജ്യത്തെ കപടചിന്തകവീരന്മാർക്കു്— സാർത്രും മാർക്സും തമ്മിലുള്ള ഈ ഐക്യം മ

(ശേഷം 53–ൽ)

മുഖാഗ ചിത്രങ്ങൾ

നോർമൻമെയ്‌ലർ

അമേരിക്കൻ പ്രസിഡണ്ടായിരുന്ന ജെ. എഫ്. കെന്നഡി ഒരു പെൺവേട്ടക്കാരനായിരുന്നുവെന്നുപറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ലോക ചലച്ചിത്രവേദിയിലെ ഒരു മാദകസുന്ദരനായിരുന്ന മറിലിൻമൺറോയുടെ കരങ്ങളിൽ വെറുമൊരു കാട്ടുപൂവായിരുന്ന ലോകാരാധ്യനായ ഈ മനുഷ്യൻ എന്നു കേട്ടാൽ നിങ്ങൾ മൂക്കത്തു വിരൽവച്ചുപോകുമോ? പലപ്പോഴും സത്യം നമുക്ക് അത്ഭുതമാണല്ലോ പകൻതരിക. നോർമൻ മെയ്‌ലറുടെ 'മരിലിൻ' എന്ന പുസ്തകം (Publishers Hodder and Stoughton. വില 99 രൂപ.) എഴുതിച്ചുട്ട അപ്പംപോലെ വിറഴിയുന്നതു് ഇത്തരം അറിയപ്പെടാത്ത അനേകം രഹസ്യങ്ങൾ അതിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നതുകൊണ്ടാണു്.

സുന്ദരികളായ പെൺകുട്ടികളുടെ ചലനങ്ങളിലും ശബ്ദങ്ങളിലും വഴുതിവീണുപോകുന്ന പ്രകൃതക്കാരനാണു് അമേരിക്കൻ പ്രസിഡണ്ടായിരുന്ന കെന്നഡി എന്ന സത്യം ആറുവർഷങ്ങൾക്കു മുമ്പു് നമ്മെ അറിയിച്ചതു് സിസിൽ കിങ്ങാണു്. കെന്നഡിയെക്കുറിച്ചു് എഴുതിയ പുസ്തകത്തിൽ "വൃമൈസർ എന്നാണു" കിങ്ങു് കെന്നഡിയെ വിശേഷിപ്പിച്ചതു്. കെന്നഡിയും മൺറോയും വെറും സുഹൃത്തുക്കളായിട്ടല്ല അടുത്തിടപഴകിയിരുന്നതെന്നു് നോർമൻ മെയ്‌ലർ തന്റെ പുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്നു. ആത്മഹത്യ ചെയ്യുന്നതിനു മുമ്പു് മരിലിൻ കെന്നഡിയുടെ സഹോദരിയുടെ ഭർത്താവിനോടു്, "അദ്ദേഹം വരുമ്പോൾ ഞാൻ ഗ്രൂഡ്‌ബൈ പറഞ്ഞതായി അറിയിച്ചേക്കൂ." എന്നു് ഫോണിൽ പറയുകയുണ്ടായത്രെ. ഈ ഫോൺ കാളിനും മുൻപുള്ള നിമിഷങ്ങൾ കൊണ്ടാണു് മെയ്‌ലർ ഈ പ്രേമബന്ധത്തിന്റെ ചുരുളുകളഴിക്കുന്നതു്.

ഏൾ വിൽസന്റെ 'ഷോ ബിസിനസ്സ് ലെയ്ഡ് ബെയർ' എന്ന ഗ്രന്ഥത്തിൽകെന്നഡിയുമായിമൺറോ നിരന്തരമായി കണ്ടുമുട്ടാറുണ്ടായിരുന്നുവെന്നും, അവർ ലൈംഗികവേഴ്ചകൾ നടത്തിയിരുന്നതായും തെളിയിച്ചിട്ടുണ്ടു്. മരിലിന്റെ ഒരു വാചകം അതിനു് ഏറ്റവും തെളിവായി അദ്ദേഹം ഉദ്ധരിക്കുന്നുണ്ടു്. മദ്യപിച്ചു് ബോധരഹിതയായി വീഴുമ്പോൾ പലപ്പോഴും അവർ വിളിച്ചുപറയുമായിരുന്നു. 'അദ്ദേഹം ഒരു വലിയ പ്രസിഡണ്ടായിരിക്കാം. പക്ഷേ, കിടക്കയിൽ ഒരു ചലനവും സൃഷ്ടിക്കാറില്ല. ആ തണുപ്പൻ'.

പതിനാലാമത്തെ വയസ്സിൽ ഭൂഗീയമായി ബന്ധപ്പെട്ടു തുടങ്ങിയ മരിലിൻ തുടർന്നു് മരിക്കുന്നതുവരെ സ്നേഹം പ്രേമം കാമം എന്നീ വാക്കുകൾക്കു് കൃത്രിമതയുടെ ചായംപൂശാതെ മാത്രമേ കാണുവാൻ ശ്രമിച്ചിരുന്നുള്ളുവെന്നു് മെയ്‌ലർ പറയുന്നു. സ്റ്റിൽക്യാമറാമാൻമാരുടെ നടിയായിരുന്ന മരിലിൻ, ഒരിക്കലുമവർ അഭിനയത്തിന്റെ സൗന്ദര്യം ഉൾക്കൊള്ളാൻ ശ്രമിച്ചിട്ടില്ല. തുടിക്കുന്ന മാംസത്തിന്റെ ചൂടും വെളിച്ചവും പകർന്നുനൽകാനല്ലാതെ ഒരു നടിയായി ജീവിക്കാനവക്കു് കഴിഞ്ഞില്ല. കിടക്കകളിൽ ഈ നടി ഒരു കാട്ടുപോത്തായിരുന്നത്രെ. ആഴ്ചതോറും വിരിമാറുള്ള പുരുഷനെ തേടിനടന്ന ഒരു രതയക്ഷി. ഒരു മോഹങ്ങൾക്കും സാധിനിക്കാൻ കഴിയാത്ത മരിലിന്റെ

മരിലിൻമൺറോ — കെന്നഡി?

പണത്തോട്ടം പ്രതാപത്തോടുള്ള പുച്ഛം മനസ്സിലാക്കാൻ ജീവചരിത്രകാരൻ ഒരു സംഭവം ഉദ്ധരിക്കുന്നതു് ശ്രദ്ധിക്കു. മൊണോക്കോയുടെ പകുതിയോളം ലോകത്തിലെ ഏറ്റവും വലിയ കോടീശ്വരനായ ഓനാസിസു് കൈവശപ്പെട്ടതായ സമയം. ആയിടയ്ക്കാണു്. മൊണോക്കോയിലെ ഓജകുമാരനു് ഒരു നടിയെ വിവാഹം കഴിക്കാനുള്ള മോഹമുദിച്ചതും. ഔദ്യോഗികമായ ആലോചനകൾ നടന്നു. ആലോചനകൾ നടന്നുകൊണ്ടിരിക്കുമ്പോൾ ചില സുഹൃത്തുക്കൾ മരിലിനോടു ചോദിച്ചു. 'ഒരു രാജകുമാരൻ നിങ്ങളെ വിവാഹം കഴിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ.' മരിലിൻ ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു. 'രണ്ടുദിവസം അദ്ദേഹത്തിനു് എന്നോടൊത്തു കിടക്കാനുള്ള അവസരം നൽകുക. തീർച്ചയായും അയാൾ എന്നെ വിവാഹം ചെയ്യാനിഷ്ടപ്പെട്ടുകൊള്ളും.' മൊണോക്കോയിലെ രാജകുമാരനെ നിരാശനാക്കിക്കൊണ്ടാണു് മരിലിൻ പ്രസിദ്ധ നാടകകൃത്തായ ആർതർ മില്ലറെ വിവാഹം കഴിച്ചതു്.

ലൈംഗികവേഴ്ചകളിൽ, ലോകത്തെ കിക്കിളിപ്പെടുത്തിയ നടി ഭീതിപ്പെടുത്തുന്നരത്തതമായിരുന്നുവെന്നു് ജീവചരിത്രകാരനായ മെയ്‌ലർ രേഖപ്പെടുത്തുന്നു. ഓരോ ആഴ്ചയിലും ചോരയും നീരുമുള്ള പുരുഷന്മാരെ നേടുവാൻ എന്തു് ആവേശമാണു് അവൾ കാട്ടുന്നതു്? പുരുഷന്മാർ എങ്ങിനെയാണോ സ്ത്രീകളെ സമീപിക്കുന്നതു് അതുപോലെയായിരുന്നതത്രെ പുരുഷന്മാരോടു് കിടക്കറകളിൽ മരിലിൻ പെരുമാറിയിരുന്നതു്. മർലൺ ബ്രാണ്ടോയുമായി ഒരു രാത്രി ഉറങ്ങിയതിനുശേഷം ഒരു പരാജയബോധത്തോടെ അവൾ ഉറക്കെ നടിച്ചു: 'ഞാൻ ശരിയായ രീതിയിലാണോ ഇന്നലെരാത്രി ഉപയോഗിച്ചതെന്നു സംശയിക്കുന്നു.' കിടക്കറയിൽവച്ചു് മരിലിൻ പരാജയം സമ്മതിച്ചതു് ലോക

വിമിനിനായർ,

ത്തിലെ ഏറ്റവും വലിയ നടനായ മർലൺ ബ്രാണ്ടോയോട്ടു മാത്രമായിരിക്കാം.

"ലൈക്ക് ഇറ്റ് ഹോട്ട്" "മിസ്സ് ഫിറ്റ്" എന്നീ ചിത്രങ്ങളിൽ അഭിനയിക്കുമ്പോൾ മരിലിൻ തകർച്ചയുടെ വക്കിലായിരുന്നു. മദ്യം, ഗുളികകൾ, ഉറക്കമില്ലാത്ത രാത്രികൾ മില്ലറുമായി നിരന്തരമുള്ള വഴക്ക്. "ഇറ്റ് ഈസ് മി ഷുഗർ" എന്നു് ഷൂട്ടിംഗ് സെറ്റിൽ പറയാനവർ ഭഗീരഥപ്രയത്നം ചെയ്യുവെന്നു പറയുമ്പോൾ അവർ എത്രമാത്രം തകർന്നുവെന്നൂഹിക്കാമല്ലോ. ബിൽവെൽഡർ ആ ഒരു രംഗത്തിനുവേണ്ടി നാല്പത്തിയേഴ് ടേക്ക്സ് എടുത്തു. ഇത്രയുമായിട്ടും "ഇറ്റ് ഈസ് ഷുഗർ മി"എന്നു് അവ്യക്തമായി പറഞ്ഞൊപ്പിക്കാനേ ലോകപ്രശസ്തയായ ആ നടിക്കു കഴിഞ്ഞുള്ളൂ. ടോണികർട്ടിസ് ആ ചിത്രത്തിലെ തന്റെ അനുഭവം നിരത്തിക്കൊണ്ടു പറഞ്ഞു "മരിലിനെ ചുംബിക്കുന്നതു് ഹിറ്റ്ലറെ ചുംബിക്കുന്നതുപോലെയാണു്."

മെയ്ലറുടെ 'മരിലിൻ' എന്ന ജീവചരിത്രഗ്രന്ഥം സിസിൽകീണ്ട്, ഫ്രോയിഡ് സൻ തുടങ്ങിയവരെഴുതിയ പുസ്തകങ്ങളിൽ നിന്നു് ഒരുപറ്റം നിണ്ടുനിഷ്ട. മരിലിനെക്കുറിച്ചുള്ള രഹസ്യങ്ങൾ കുറേക്കൂടി ഉച്ചത്തിൽ പറയാൻ കഴിഞ്ഞു എന്ന ആശ്വാസം മാത്രം. ജോൺകെന്നഡിയുമായുള്ള പ്രേമബന്ധത്തിന്റെ ചുരുളുകൾ ഭംഗിയായി നിവർത്തിക്കാണിച്ചു എന്നതു മാത്രമേ തൊണ്ണൂറിയൊൻപതു് രൂപ വിലയുള്ള ഈ ഗ്രന്ഥത്തിന്റെ മേന്മയായി അവകാശപ്പെടാനാവൂ. അപൂർവ്വമായുള്ള അനേകം ഫോട്ടോകൾ, 'മരിലിന്റെ' ഏറ്റവും വലിയ മെച്ചം. ഏതായാലും വിദേശരാജ്യങ്ങളിൽ മരിലിൻ മൺട്രോയാണോ നോർമൻമെയിലറാണോ ഈ ജീവചരിത്രംമൂലം ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നതെന്നു് പറയാൻ വിഷമം. ഏതായാലും മോഹിപ്പിക്കുന്ന ഒരു ജീവചരിത്രം!

കോമിനായർ ഈ രാക്ഷസനെ ശ്രദ്ധിക്കൂ.

കോമിനായർ—എന്നെ എന്തുകൊണ്ടോ ആ കഥാപാത്രം അത്യധികമായി ആവേശിച്ചിരിക്കുന്നു. കുട്ടനാട്ടിലെ കായൽപ്രഭുക്കന്മാരുടെ പ്രതിനിധിയായ കോമിനായർ കുത്തിപ്പൊട്ടിയ സംഭവകഥയിലെ മഹാപുരുഷനായി മാത്രമല്ല, അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിട്ടു്. ലോകത്തു് ഒരു ദുഃഖമൊഴിച്ചു് എല്ലാ ദുഃഖവും നിസ്സാരമായിത്തള്ളിക്കളഞ്ഞു കോമിനായർ. കായലിനെ സ്വന്തം പ്രേമഭാജനമായിക്കണ്ട കോമിനായർ, ആ കായൽപ്പെണ്ണിനെ സ്വന്തമാക്കാനുള്ള ആവേശത്തിൽ എല്ലാം നഷ്ടപ്പെട്ടെന്നി. സ്വന്തം അമ്മ പട്ടിണികിടക്കുന്നുവെന്നറിഞ്ഞിട്ടും സ്വാർത്ഥമോഹം അയാളുടെ സ്നേഹവായ്പിൽ ചങ്ങലയിട്ടു. പക്ഷേ, അമ്മ വെള്ളപ്പൊക്കത്തിൽ മരണമടഞ്ഞുവെന്നു കേട്ടപ്പോൾ ആ ചങ്ങലക്കെട്ടുകൾ സ്വയം പൊട്ടി. കോമിനായരുടെ ശക്തി ദുർബലമായി. അമ്മയുടെ മൃതശരീരവുമായി മേടയുടെ തെക്കേമുറിയിലേക്കു് നീന്തിപ്പോകുന്ന പർവ്വതസമാനനായ കോമിനായരെ എനിക്കു മറക്കാൻ കഴിയുന്നില്ല. മരിക്കുമ്പോളും അമ്മയെ കാത്തുസൂക്ഷിച്ചുതെന്ന നിസ്സാരനാക്കിയിട്ടു്, അമ്മയെപ്പിടിവാശിയുടെപേരിൽ പട്ടിണിക്കിട്ടുകൊന്ന ചേട്ടൻ, അമ്മയുടെ ശവശരീരത്തിനു് തുവകയും പറയുന്നു. അയാൾ നീന്തി മേടയിലെത്തി.

"നീലൻ കോമിനായരുടെ മുഖത്തേക്കു് നോക്കി. അതാകെ മാറിയിരിക്കുന്നു. പശ്ചാത്താപവും വേദനയും ആളിക്കത്തുകയോ? ആ കണ്ണുകൾ അമ്മയുടെ ശവംകത്തിത്തുളയ്ക്കുന്നുവോ?

ഇരകാക്കുന്ന മൃഗമോ? അയാളുടെ നോട്ടം ക്രൂരമാവുന്നു. അയാളുടെ ശബ്ദം ഗർജ്ജനമാകുന്നു."

എന്നിട്ടു് ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള വാക്കുതർക്കങ്ങളാണു്. അമ്മയുടെ ശവം നാലുകെട്ടിൽത്തന്നെ കിടത്തണമെന്നു് അനുജൻ നീലൻനായർ. പറ്റില്ലയെന്നു പോത്തും കുട്ടവയുമായ കായൽപ്രഭു കോമിനായർ. നിരാശനായ അനുജൻ ഒടുവിൽ അമ്മയുടെ മരണത്തിനു് കാരണക്കാരൻ ജ്യേഷ്ഠനാണെന്നു് കുറ്റാരോപണം നടത്തുന്നു.

കോമിനായരുടെ മറുപടി:

"അതേടാ ഞാനാ കൊന്നതു്. കൊന്ന

(ശേഷം 51–ൽ)

ഞങ്ങൾ പത്തു നോവലിസ്റ്റുകളെ അവതരിപ്പിക്കുന്നു. അവരിൽ പഴയ തലമുറയിലേയും പുതിയ തലമുറയിലേയും പ്രതിനിധികളുണ്ടാവും. സാഹിത്യകാരന്മാരായിട്ടല്ല, വെറും മനുഷ്യരായിട്ടു് നിങ്ങൾക്കു് അവരെ പരിചയപ്പെടാം. അവരുടെ കുടുംബാംഗങ്ങളുമായി നമ്മസല്ലാപം ചെയ്യാം. അവരിൽ പലരേയും നിങ്ങൾക്കു് പരിചയമുണ്ടായിരിക്കാം. പക്ഷേ, ഞങ്ങൾ പരിചയപ്പെടുത്തുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടുപോകും. അവർ ഇങ്ങിനെയാണോ?

ഇത്തരം ഒരു പരിചയപ്പെടുത്തൽ മലയാളത്തിലാദ്യമായാണു്? അതെന്തുകൊണ്ടാണു് പ്രസിദ്ധീകരണക്കാർ? അടുത്ത ലക്കങ്ങൾ പ്രതീക്ഷിക്കുക.

മലയാളനാടു് ഓണം സ്പെഷ്യൽ

പേജു് 100 ഒറ്റപ്രതി ഒരു രൂപ.

വിവരങ്ങൾക്കു്:
മാനേജർ, മലയാളനാടു്,
കൊല്ലം.

രണ്ട് തുടർച്ച

'ഇങ്ങോട്ട പോരുമ്പോ വഴീല് പൈപ്പ് കണ്ടില്ലേ?'

'അമ്മ ഇങ്ങോട്ടൊന്നു വരുന്നുണ്ടോ?'

'ഉം, അവിടെ ചെമ്പിലാ പുഴങ്ങിവെച്ചേക്കണേ. ഇനി വെളമ്പിയാ മതി.'

വാതിൽ കടന്ന് സുബ്ബയ്യൻ അകത്തേയ്ക്ക ചെന്നു. അച്ഛനെ കണ്ട മാത്രയിൽ അവൻ പരുങ്ങി. പുറത്തേയ്ക്കിറങ്ങിയാലോ? അടുക്കളവാതിൽ കടക്കാൻ ഭാവിയ്ക്കുമ്പോൾ—

'എടാ, നില്ലുവിടെ.'

അവൻ അവിടെ നിന്നു.

'എടാ നിന്റെ കൈയിൽ ശ്രുപാ ഇരിപ്പുണ്ടോ?'

അവൻ കൈ മലത്തി.

'എന്റെ കൈയിലെവിടുന്നാ കാശ്?'

'നുണയാണച്ഛാ. അമ്മു അവന്റെ നേരെ കൈ ചൂണ്ടി:— "ഇന്നലെ അവന്റെ കൈയിൽ കുറെ ശ്രുപാ ഇരിക്കുണ്ടു ഞാൻ കണ്ടതാ "

'നീ പോടീ.' അവൻ അവളുടെ നേരേ തട്ടിക്കേറി: 'നഞ്ചു മേടിക്കുണോന്നോ?ത്താൽ പോലും എന്റെ കൈയിൽ അമ്പതു കാശില്ല.'

'അവൻ ചുമ്മാ പറയണതാണച്ഛാ. അവനാരാ പുള്ളിയെന്നറിയാമോ?'

'നീ പോടീ' അവൻ പല്ലിറുമ്മി. നീ ഇന്നന്റെ കൈയിന്നു മേടിക്കണ നോക്കിക്കോ!'

'ഇറങ്ങിപ്പോടാ ഇവിടുന്ന്' സുബ്ബയ്യൻ പുറത്തേയ്ക്ക കൈ ചൂണ്ടി:— 'ഒരെണ്ണത്തിനെ കണ്ടുപോകരുതിവിടെ.'

അവൻ അടുക്കളവാതിലിലൂടെ പുറത്തിറങ്ങി.

"ദേ, ഞാൻ പറഞ്ഞേക്കാം, ഈ സന്തതികളെ ഇവിടെ കേറ്റോപാ, നാഴി വെള്ളം കൊടുക്കേപോ ചെന്നുരുത്." സുബ്ബയ്യന്റെ മിഴിഞ്ഞ കണ്ണുകളിൽ ചീറ്റിനില്ക്കുന്ന സർപ്പം. 'പറേണതു കേട്ടില്ലെങ്കിൽ ഞാൻ നിന്നെ കണ്ടിയ്ക്കും'

നേശമ്മ തലയിൽ കൈവെച്ചു സങ്കടപ്പെട്ടു:

'എന്റെ ദൈവമേ, ഞാൻ വല്ല വിഷോം തിന്നു ചത്തുകളേം'

സുബ്ബയ്യനു് അതിഷ്ടപ്പെട്ടില്ല.

'നിനക്കു ചാകണോ?. എടീ, നിനക്കു ചാകണോന്നു്.'

'പിന്നെന്തിനാ ഇങ്ങനെ ജീവിക്കണെ?'

'എന്നാൽ നീ ചത്തോ! ഞാൻ വിഷം മേടിച്ചു തരാം. അല്ലെങ്കിൽ ഞാൻ കൊല്ലാം.'

'നിങ്ങളൊക്കെക്കൂടെ എന്നെക്കൊല്ലും,

'അല്ലെങ്കി ഞാനെന്തുചെയ്യണംന്നു നീ പറ.'

നേശമ്മ കണ്ണീരൊപ്പി

അമ്മയുടെ സങ്കടവും, അച്ഛന്റെ അരിശവും കണ്ടിട്ടു് അമ്മുവിനു് ഒരു ഭാവഭേദവുമില്ല. ഇതെന്നും കാണാറുള്ളതല്ലേ? ചാരായക്കുപ്പി ഷർട്ടിനടിയിൽ ഒളിച്ചുവെച്ചുകൊണ്ടു് സുബ്ബയ്യൻ പുറത്തിറങ്ങി.

ആത്മാവിന്റെ കാന്തം തേടി

ആ മുക്കിൽ മച്ചുനനിന്ന നാലുപേർക്കൊഴിച്ചു കൊടുത്താൽ രണ്ടു ശ്രുപാ സമ്പാദിക്കാം.

ഓത്തും വ്യസനിച്ചും നില്ക്കുന്ന അമ്മയോടു് അവൾ ചോദിച്ചു:

"ഇന്നിവിടെ കഞ്ഞിവെയ്ക്കുണ്ടോ?"

അമ്മ കണ്ണീരൊപ്പി. മൂക്കുപിഴിഞ്ഞു.

"അപ്രത്തുന്നെങ്കാനും നാഴി അരി കടം മേടിയ്ക്ക മോളേ "

മൂന്നു്

ശപ്പുറത്തു ക്രമം തെറ്റിക്കിടക്കുന്ന ഫയലുകളിൽ ഒന്നെടുത്തു് ഒരുതരം നിർവികാരതയോടെ അതിന്റെ നിറം മങ്ങിയ നാട അഴിയ്ക്കുമ്പോൾ വിനു ചൻ ഓർത്തു.

"പുനർജ്ജന്മത്തിലെ തന്റെ കർമ്മയോഗം ആരംഭിക്കുന്നു."

ഇതിപ്പോൾ അച്ഛൻ അറിയണം. പുകയ്ക്കൊണ്ടു ചുളുങ്ങുന്ന അച്ഛന്റെ മുഖം സങ്കല്പിക്കാം:

"ഹും, അവനൊരുദ്യോഗത്തിനുപോയിരിക്കുന്നു എന്റെ മാനം കെടുത്താൻ. കുരുത്തംകെട്ട നിഷേധി. എന്നിക്കുവന്റെ കാര്യം കേൾക്കണ്ടാ "

അച്ഛനിതൊട്ടും ഇഷ്ടമാവുകയില്ല. തന്റെ മകൻ ഇങ്ങനെ ഒരുദ്യോഗത്തിനു് ഇറങ്ങിപ്പുറപ്പെട്ടതു് കോൺട്രാക്ടർ ഭരതൻ എങ്ങനെ സഹിക്കും? വല്യേട്ടൻ ഉദ്യോഗത്തിനു പോകാൻ ഒരുമ്പെട്ടപ്പോഴും അച്ഛൻ വിലക്കി. സർക്കാരുദ്യോഗത്തിനു പോയിട്ടവേണോ ഇനി ഇവിടെ കഞ്ഞികുടിയ്ക്കാൻ?

ഇളയ മകൻ എന്തുചെയ്യുന്നു എന്നാരെങ്കിലും ചോദിച്ചാൽ അച്ഛൻ എന്തു പറയും? മാനം കെടാതിരിക്കാൻ അച്ഛൻ ഒഴിഞ്ഞുമാറും.

"എനിക്കിങ്ങനെ ഒരു മകനില്ല. അവനെക്കുറിച്ചൊന്നും എന്നോടു ചോദിക്കരുതു്. എവിടെയെങ്കിലും പോയി തുലയട്ടെ "

"ഓഫീസിസ്റ്റന്റ്"....

അച്ഛൻ അമർഷംകൊണ്ടു പുകയും:

അവനതിന്റെ ആവശ്യമുണ്ടായിരുന്നോ? എന്റെ മക്കൾക്കു് ഇഷ്ടംപോലെ ജീവിക്കാനുള്ള വക ഞാനുണ്ടാക്കിയിട്ടുണ്ടു്. പക്ഷേ, അനുഭവിക്കാൻ യോഗം വേണം. അതില്ലെങ്കിൽ പിന്നെ ഞാനെന്തുചെയ്യും?

അച്ഛന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി, അച്ഛന്റെ വരദാനങ്ങൾ അനുഭവിച്ചു് അടിമയായി ജീവിക്കാൻ തൻ തന്നാറില്ലായിരുന്നു.

ഉള്ളിന്റെ ഉള്ളിൽ അയാളുടെ ആത്മാവിന്റെ മൗനം മുഴങ്ങി.

എനിക്കെന്റെ ജീവിതം വേണം. ഈ ഉദ്യോഗമല്ല എന്റെ സാഫല്യം. ഇതല്ല എന്റെ പരമമായ ലക്ഷ്യം ഈ ഉദ്യോഗം നിലനില്പിനു സഹായകരിക്കുന്ന താല്ക്കാലികമായ ഒരു താങ്ങുമാത്രമാണു്.

അച്ഛൻ
അമ്മ.
രാജകൊട്ടാരംപോലുള്ള വീടു്.
അച്ഛനുണ്ടാക്കിയ തലമുറകൾക്കു ധ,

ത്തടിയ്ക്കാൻ മാത്രമുള്ള സമ്പത്തു്. പ്രതാപം. പ്രസിദ്ധി. അച്ഛൻ വെട്ടിപ്പിടിച്ചുണ്ടാക്കിയ ഭാഗ്യങ്ങൾ.

എല്ലാം ഉപേക്ഷിച്ചിരിക്കുന്നു.
എനിക്കെന്റെ ജീവിതം വേണം.
എന്റെ ജീവിതം.....
എന്റെ...

എല്ലാം ഉപേക്ഷിച്ചിട്ടിറങ്ങിപ്പോരുമ്പോൾ അഭിമാനമായിരുന്നു. ഏട്ടന്മാർ പേടിച്ചതിലില്ല, അച്ഛനെ എതിർക്കാനുള്ള ധൈര്യം തനിയ്ക്കു ഉണ്ടായിരുന്നുള്ളൂ. ഏട്ടന്മാർ അച്ഛന്റെ അടിമകളായിരുന്നു അവക്കു് അച്ഛനെതിരേ ചെല്ലാൻ പേടിയാണു്. അച്ഛൻ കേൾക്കെ മിണ്ടില്ല. വല്ലപ്പോഴും അച്ഛൻ വീട്ടിൽവന്നു കേറുമ്പോൾ അവർ മൂലകളിൽ പതുങ്ങും

രാജകൊട്ടാരം പോലുള്ള വീടിനുള്ളിൽ ശബ്ദം കേൾക്കാതെ എപ്പോഴും കണ്ണീരും നെടുവീർപ്പുമായി ഉരുകുന്ന അ

വൈരുദ്ധ്യം

ശ്രീധരൻ

മ്മയെക്കുറിച്ചോർക്കുമ്പോഴാണു് ദുഃഖം. അമ്മയുടെ വിധി. ഇന്നലെ ഉറക്കത്തിൽ, ഒരു സപ്നത്തിന്റെ സുതാര്യതയിൽ അമ്മയെ കണ്ടു:

"മോനേ വിശപ്പു്, ഒട്ടുക്കം നീ നിന്റെ വഴിക്കിറങ്ങിപ്പോയി. ഇപ്പോഴുള്ള കാര്യം പോരാഞ്ഞിട്ടു് അച്ഛനു് ഒരു ദുഃഖം കൂടിയായി എന്റെ മോനേ, ഈ അമ്മയുടെ ദുഃഖങ്ങൾ എന്നു തീരും.....?"

അമ്മയുടെ ദുഃഖങ്ങൾ എന്നെങ്കിലും തീരുമോ?

ആരോ പറഞ്ഞു് ഒരിക്കൽ കേട്ടു— അച്ഛൻ അമ്മയെ പ്രേമിച്ചു കല്യാണം കഴിച്ചതാണെന്നു്. അമ്മയുടെ പിന്നാലെ

അച്ഛൻ കുറേനാൾ നിഴൽപോലെ നടന്നു. അമ്മ ഒക്കെ അച്ഛന്റെ വലയിൽ വീണു. ആഗ്രഹിക്കുന്നതൊക്കെ കൈവശപ്പെടുത്താനുള്ള അച്ഛന്റെ വിജയം അമ്മയുടെ വീഴ്ചയിൽ ആരംഭിച്ചു പിന്നീടച്ഛൻ വെച്ചുകൊടുത്തതൊക്കെ കുറേക്കാലം അമ്മ ഓടിക്കേറി ഇതിനുവേണ്ടിയുള്ള ഓട്ടപ്പാച്ചിലിൽ അതിമാനുഷന്മാരെപ്പോലെ അഭിനയിച്ചു. അങ്ങനെ അമ്മ സന്തോഷിച്ചുകാണും, തന്റെ ഭാഗ്യമെന്നു്. തന്റെ നിർഭാഗ്യത്തിന്റെ ഭീകരമായ മുഖം കണ്ടെത്തിയ നിമിഷത്തെക്കുറിച്ചു് അമ്മയ്ക്കിന്നോർമ്മയുണ്ടോ?

ഒരിക്കൽ അമ്മ സുന്ദരിയായിരുന്നു. അച്ഛൻ ഒരിക്കൽ അമ്മയെ പ്രേമിച്ചിരുന്നു. അന്നു് ഒരിക്കൽ ഒരു കാമുകിയായിരുന്നു. അമ്മയുടെ ഒരു പുഞ്ചിരിക്കുവേണ്ടി, ഒരു കടാക്ഷത്തിനുവേണ്ടി അച്ഛൻ കൊതിച്ചിരുന്നു.

ഒരിക്കൽ അമ്മ അച്ഛന്റെ മധുരസ്വപ്നമായിരുന്നു.

ഇന്നു് അതൊരു നുണപോലെ തോന്നുന്നു വിശ്വസിക്കാൻ കഴിയുന്നില്ല.

രാജകൊട്ടാരം പോലുള്ള വീട്ടിനുള്ളിൽ, ഒരു പെറിയ മുറിയുടെ നാലു ചുമരുകൾക്കുള്ളിൽ തടവിൽ കിടക്കുപോലെ കഴിയുന്ന അമ്മ നേരേനിന്നു് അച്ഛന്റെ മുഖം കണ്ടിട്ടെത്രനാളായിക്കാണും!

അമ്മയുടെ ദുഃഖങ്ങൾ ആരും അറിയുന്നില്ല.

അമ്മ അച്ഛനു സ്നേഹം കൊടുത്തു.

പകരം, അച്ഛൻ അമ്മയ്ക്കു ദുഃഖങ്ങൾ കൊടുത്തു.

അർദ്ധരാത്രിയ്ക്കോ വെളുപ്പാൻകാലത്തോ വരുമ്പോൾ,

അല്ലെങ്കിൽ, രാവിലെയോ വൈകുന്നേരമോ ഇറങ്ങിപ്പോകുമ്പോൾ അച്ഛനെക്കാണാൻ ഡോർകർട്ടന്റെ മറവിലോ, ജനാലയുടെ പിന്നിലോ അമ്മ ഒളിച്ചുനില്പുണ്ടായിരുന്നു.

പണ്ടു് തന്റെ കാമുകിയായിരുന്ന, മധുരസ്വപ്നമായിരുന്ന, സ്നേഹം കൊണ്ടു് ആത്മാവിനെ കോരിത്തരിപ്പിച്ച, തന്റെ മക്കളെ ഗർഭംകൊണ്ടു പ്രസവിച്ച ഒരു സ്ത്രീ ഈ വീട്ടിലുണ്ടെന്നുള്ള ഓർമ്മ ഇപ്പോൾ അച്ഛനുണ്ടോ?

അച്ഛൻ ഒന്നും മറക്കുന്ന കൂട്ടത്തിലല്ല. അമ്മയെക്കുറിച്ചുള്ള ഓർമ്മയാവും അച്ഛനെ അലട്ടുന്നതു്:

നാശം! ചത്തു തുലഞ്ഞുപോയെങ്കിൽ ശല്യം തീർന്നേനെ എന്റെ അന്തസ്സിനും പ്രൗഢിയ്ക്കും ദുശ്ശകുനമായി തീന്നിരിക്കുന്ന ശവം!

എല്ലാം മനസ്സിലാക്കുന്നതുകൊണ്ടുള്ള ദുഃഖമാണു് അമ്മയ്ക്കു്. എല്ലാം കണ്ടുകൊണ്ടു്, എല്ലാം അറിഞ്ഞുകൊണ്ടു് ഒന്നുറക്കെ കരയാൻപോലും സ്വാതന്ത്ര്യമില്ലാതെ അമ്മ തടവിൽ കിടക്കുന്നു.

ഇളയ മകനായിരുന്നതുകൊണ്ടാണോ, അതോ അച്ഛനെ എതിർത്തിരുന്നതുകൊണ്ടാണോ അമ്മയ്ക്കു് തന്നോടിഷ്ടം? അച്ഛനെ എതിർത്തിരുന്നതുകൊണ്ടായിരിക്കും.

അമ്മയെപ്പോലും കത്തെഴുതിയാലോ? പലപ്പോഴും ഓർത്തു.

ഒരിക്കൽ എഴുതുകയും ചെയ്തു. പക്ഷേ, അയച്ചില്ല. കീറിക്കളഞ്ഞു.

അമ്മ എന്നെ മറക്കട്ടെ.

എന്നെ എല്ലാവരും മറക്കട്ടെ.

അവരുടെ മറവിയിൽ എനിയ്ക്കു ജീവിക്കണം

അജ്ഞാതവാസം.

ഈ നഗരത്തിൽ ആരും ആരെയും തിരിച്ചറിയാത്ത ഈ മഹാനഗരത്തിൽ, ഏകാകികൾ ചേർന്നുണ്ടായ ആൾക്കൂട്ടം. ഇരമ്പുന്ന ഈ മഹാസമുദ്രത്തിൽ സ്വന്തം ആത്മാവിലേയ്ക്കു് ഉൾവലിഞ്ഞുകൊണ്ടുള്ള ഒരജ്ഞാതവാസം ...

ഈ നഗരം, ഈ മഹാനഗരം. എന്റെ അജ്ഞാതവാസത്തിനുള്ള ആരണ്യമാണു്. മഹാരണ്യമാണു്. ദണ്ഡകാരണ്യമാണു്.

ഉച്ചകഴിഞ്ഞപ്പോൾ തുടങ്ങിയ മഴ ക്രമേണ പെരുമഴയായി. ആകാശം പൊട്ടിപ്പിളരുന്നമാതിരി തുടരെത്തുടരെ ഇടിവെട്ടി മിന്നൽപ്പിണരുകൾ പൊട്ടിച്ചിരിച്ചുകൊണ്ടു പൊട്ടിച്ചോട്ടുന്ന ഭൂതത്തെപ്പോലെ കൊട്ടിക്കാറുപ് ഇടമ്പിരി. കാലവർഷത്തിന്റെ രാസക്രീഡ.

കടയുള്ളവർ നേരത്തേ പോയി. കയില്ലാത്തവരിൽ ചിലർ മറ്റു സ്ഥലങ്ങളിലേയ്ക്കു

കുടക്കീഴിൽ പാറിക്കൂടി. ചിലർ ഗത്യന്തരമില്ലാതെ നനഞ്ഞുപോയി ബാക്കിയുള്ളവർ മഴയെ ശപിച്ചുകൊണ്ട് സെക്രട്ടേറിയറ്റിന്റെ വരാന്തയിൽ നിന്നു.

ഈ മഴ എപ്പോൾ തോരും?

ഇടിവെട്ടി.

കറുത്തിരുണ്ട ആകാശത്തിൽ മിന്നൽപ്പിണരുകൾ പുളഞ്ഞു.

മഴയുടെ ഇരമ്പം ഭീകരമായ സംഗീതമായി.

സന്ധ്യ ഇരുളാൻ തുടങ്ങുന്നു.

മറ്റൊരാളുടെ കുടക്കീഴിൽ വിശ്വൻ പുറത്തിറങ്ങി. മഴ അവരെ പൊതിഞ്ഞു. കുടക്കീഴിൽ പാതി നനഞ്ഞു് പാതി നനയാതെ ഗേറ്റുകടന്നു് റോഡുമുറിച്ചു നടന്നു് അടുത്തുള്ള ഹോട്ടലിൽ ചെന്നുകേറി. അസഹ്യമായ തണുപ്പു്.

ചൂടുകാപ്പി സിരകളെ ഉണർത്തി.

മഴ തോന്നിട്ടുവേണമല്ലോ പുറത്തിറങ്ങാൻ.

ഈ മഴ എപ്പോൾ തോരും?

ഇടിയും മിന്നലും കുറഞ്ഞു. കാറ്റിന്റെ ശക്തി തളർന്നു എന്നിട്ടും, സ്വഭാവികമായ കാമം പോലെ, മഴ ഊറ്റംകൊണ്ടു.

മുറിയിൽ ചെന്നെത്താൻ എന്തൊരു വഴി എന്നാലോചിച്ചു നില്ക്കുമ്പോൾ ഒരു കൈ തോളിൽവന്നു വീണു. ഞെട്ടലോടെ തിരിഞ്ഞുനോക്കി. വർഗീസു്. പ്രസിദ്ധനായ പത്രത്തിന്റെ പ്രസിദ്ധനായ ലേഖകൻ. കണ്ടുമുട്ടിയിട്ടു് രണ്ടോ മൂന്നോ ദിവസമേ ആയുള്ളൂ. അതിനിടയ്ക്കു് അയാൾ ഒരാത്മസുഹൃത്തായി തീർന്നിരിക്കുന്നു. ആകർഷകമായ വ്യക്തിത്വമുള്ള ഒരു യുവാവു്. മനുഷ്യന്റെ ഹൃദയത്തിലേക്കു് കടന്നുചെല്ലുന്ന കണ്ണുകൾ. ആ വിടർന്ന കണ്ണുകളാണു് അയാളുടെ അടയാളം.

"എന്താ ഇവിടെ, തനിച്ചു്?

"ഞാനെപ്പോഴും തനിയേ ആണല്ലോ—" എന്ന മനസ്സിലോർത്തു. പിന്നെ പുറത്തേക്കു് ചൂണ്ടിക്കാട്ടി.

"മഴ."

'എനിക്കൽ വാ...'

'എവിടാട്ടോ?'

'ഏതു നരകത്തിലേക്കെങ്കിലുമാകട്ടെ എന്റെ കൂടെ വരാൻ പേടിയുണ്ടോ?'

വർഗീസിന്റെ കുടക്കീഴിൽ പുറത്തിറങ്ങി. ചെളിവെള്ളം കുത്തിയൊലിയ്ക്കുന്ന റോഡിൽ വാഹനങ്ങൾക്കും ആളുകൾക്കും വഴിമാറി നടന്നു.

കളക്ടറേറ്റിന്നപ്പുറത്തു്, ചുറ്റും കന്മതിലിനാൽ അതിരിട്ട വളപ്പിനുള്ളിലെ വർഗീസിന്റെ വീട്ടിൽചെന്നു കേറുമ്പോൾ ആകെ നനഞ്ഞു കുഴഞ്ഞിരുന്നു. അടഞ്ഞുകിടന്ന വാതിലിനുമുമ്പിൽനിന്നു് വർഗീസു് കോളിംഗ്ബല്ലിൽ വിരലമർത്തി. ഉറക്കത്തിൽനിന്നു ഞെട്ടിയുണർന്ന പരിഭ്രമത്തോടെ വേലക്കാരൻ വന്നു വാതിൽ തുറന്നു

'കൃഷ്ണൻകുട്ടി ഉറങ്ങിപ്പോയി അല്ലേ?' അവൻ ഇട്ടുങ്ങിയ കണ്ണുകളിൽ ഒരു ഇളിഭ്യച്ചിരിയുമായി നിന്നു.

വർഗീസു് കസേര ചൂണ്ടിക്കാട്ടി,

'ഇരിയ്ക്കു വിശ്വൻ'

ഇരുന്നു. മേശപ്പുറത്തു കിടന്ന സിഗരറ്റു് പാക്കറ്റിൽ നിന്നു് ഒന്നെടുത്തു തീ കൊളുത്തി. അകത്തേയ്ക്കുപോയി മടങ്ങിവന്ന വർഗീസു് ചോദിച്ചു:

'മുഴുവൻ നനഞ്ഞു അല്ലേ? വേണമെങ്കിൽ മുണ്ടു മാറ്റിക്കോളൂ'

'വേണ്ടാ. ഇതിപ്പോൾ ഉണങ്ങിക്കോളും.'

'കുടിയ്ക്കാൻ എന്താണ വേണ്ടതു്? കാപ്പിയോ, ചായയോ?'

'എനിയ്ക്കിപ്പോൾ ഒന്നും വേണ്ടാ.'

'അതു പറഞ്ഞാൽ പറ്റില്ല. ആദ്യമായി എന്റെ വീട്ടിൽ വന്നതല്ലേ?'

'ഓ, അതു സാരമില്ല.'

'നോ, നോ. അങ്ങനെ നിസ്സാരമാക്കാനൊന്നും ഞാൻ സമ്മതിയ്ക്കില്ല.'

വർഗീസു് അകത്തേയ്ക്കു വിളിച്ചു:

'കൃഷ്ണൻകുട്ടീ...'

നിമിഷങ്ങൾക്കകം ഡോർകർട്ടൻ അനങ്ങി. ഡോർകർട്ടനു പിന്നിൽ കൃഷ്ണൻകുട്ടിയുടെ മുഖം.

'സാറെന്നെ വിളിച്ചോ'.

'ഉം. വേഗം രണ്ടു ഗ്ലാസ്സെടുത്തോണ്ടു വരൂ'

വർഗീസു് അലമാര തുറന്നു് ഒരു കുപ്പി മദ്യം പുറത്തെടുത്തു. ട്രിപ്പിൾക്രൗൺ ബ്രാണ്ടി.

'ഈ മഴയോടും തണുപ്പിനോടും നമുക്കൊന്നു ക്ഷോഭിക്കണം. എന്താ, വിരോധമുണ്ടോ?'

ഇല്ല എന്ന മൗനം.

ഭയം

— മുരളീധരൻ

'വൃത്തം!' ഒരുഗ്രവൃത്തം
ഭൂമിയൊരുങ്ങുന്ന വൃത്തം
— മലയാളഭാഷയ്ക്കു് പാണിനി—
—യാ ഹിപ്പിത്താപസിയെക്കണ്ടു ചെയ്ത
വൃത്തം, വിലക്ഷണവൃത്തം— അതല്ല,
അതില്ല!— അതെന്തിനു്?... പാവം,—
അതിന്റെ പിന്നാലെ—
—യാ മാരാരൊരിക്കലൊന്നോടി—
ഇന്നില്ല...!
പിന്നെയാവിഡ്ഢി തലകാഞ്ഞു്
പേപ്പറിൽ കോറിനിറച്ചതാം
'അമ്പലക്കണ്ണ'ക്കിലെ വൃത്തമോ—?
പൈതഗോറസ്— അപഹാസ്യം
അയാൾതന്നെയെന്റെ യീ—
വൃത്തത്തിൽ നിന്നുദ്ഭവിച്ചതാം.....
മനുഷ്യന്റെ ഭാഷയ്ക്കു് ഞാൻചേർത്ത
വൃത്തം—
അതിൽത്തന്നെ മർത്യൻ കറങ്ങുന്നവല്ലോ
മനുഷ്യന്റെ പൃത്തിൽ ഞാൻ—
കോരിയൊഴിച്ചതീ
വൃത്തം—
അതിൽ മുങ്ങിയെത്രപേരില്ലാതെയായി—
കഷ്ടം!!

തകർന്ന ചിത്തങ്ങളും വിടർന്ന ചിത്തങ്ങളും
ഈ വൃത്തത്തിനുള്ളിൽക്കിടന്നു കരഞ്ഞു—
തെന്നാൻ— തെന്നിമാറി—
—യനന്തതയിൽ ചേർന്നലിയാൻ,—
അലിഞ്ഞലിഞ്ഞില്ലാതെയാവാൻ,—
പക്ഷേ,... യിതെന്തൊരു ബന്ധനമീ—
വൃത്തം—
യിൽനിന്നു ഞാനെങ്ങനെ.....
വൃത്തം— ഇതുഗ്രവൃത്തം!
അനശ്വരവൃത്തം!!
വിഷമവൃത്തം!!!
ഇതദ്ഭുതവൃത്തം!!!!
തേൻമഷി തീർന്നവല്ലോമൽപ്പേനയിൽ—?!

—*—

പുറമേ പൂക്കളുടെ വർണ്ണചിത്രങ്ങളുള്ള രണ്ടു ഗ്ലാസ്സുകൾ കൃഷ്ണൻകുട്ടി മേശപ്പുറത്തു കൊണ്ടുവെച്ചു 'ഇനിയെന്തെങ്കിലും വേണോ?' എന്ന ചോദ്യഭാവമായി അവൻ ഒരു നിമിഷം കാത്തുനിന്നു.

'കൃഷ്ണൻകുട്ടീ, ശകലം വെള്ളം വേണം'

അവൻ വെള്ളമെടുക്കാൻ പോകുമ്പോൾ വർഗീസു് കൈയെടുത്തു വിലക്കി.

'നില്ലു്, തിന്നാൻ എന്തുണ്ടു്?'

'മീൻ വറുത്തതുണ്ടു്. ഉപ്പേരിയുണ്ടു്.'

'ശരി. ഉപ്പേരി കൊണ്ടുവാ.'

പുറത്തു മഴയുടെ അവിരാമമായ സംഗീതം. ഇരുണ്ടരാത്രി. അസഹ്യമായ തണുപ്പു് ഉറഞ്ഞുകിടന്ന ജനാലയിലൂടെ ഇരുട്ടും തണുപ്പും ഇരുണ്ട രാത്രിയും മഴയുടെ സംഗീതവും അകത്തേയ്ക്കു കടന്നുവന്നു.

വെള്ളത്ത ചില്ലുപാത്രത്തിൽ വെള്ളവും, പരന്ന തളികയിൽ ഉപ്പേരിയുമായി കൃഷ്ണൻകുട്ടി വീണ്ടുംവന്നു.

'മീൻ വറുത്തതു കൊണ്ടുവരട്ടെ?'

'അതു പിന്നീടു്—'

വർഗീസും ഗ്ലാസ്സുകളിൽ ബ്രാണ്ടി പകർന്നു. വെള്ളം കലർത്തി ഗ്ലാസ്സുകൾ നിറച്ചു.

ഗ്ലാസ്സുകൾ കൂട്ടിമുട്ടിച്ചു.

ചിയേർസു്.

ഒഴിഞ്ഞ ഗ്ലാസ്സുകൾ വീണ്ടും നിറഞ്ഞു.

തണുത്ത സിരകളിൽ ഉണർവിന്റെ നുര പതഞ്ഞു. കണ്ണുകളിൽ ലഹരിയുടെ നിലാവും നുരഞ്ഞു.

വീണ്ടും ഗ്ലാസ്സിൽ മദ്യം പകരാൻ തുടങ്ങിയപ്പോൾ വിശ്വൻ വിലക്കി.

"മതി ഇപ്പോൾ തന്നെ സപ്തം അധികമാണു്."

'ഛെ, മോശം! ഒരു ഗ്ലാസ്സുകൂടിയാവാം.'

'വേണ്ടാ. ഒട്ടും വേണ്ടാ. എനിയ്ക്കിനി നടന്നുപോകാനുള്ളതാണു്.'

(തുടരും)

—o—

ആരോഗ്യ സംരക്ഷണ ഔഷധങ്ങളിൽ
മറ്റൊന്നിനും കിടയ്ക്കാത്തത് പവർമാൾട്ട്
ശരീരത്തിനു ശക്തിയും തടിയും വർദ്ധിപ്പിച്ചു
ധാതുശക്തിയും യുവത്വവും നിലനിർത്തുന്നു
450 ഗ്രാം 40 നേരത്തിനു 10 രൂ.
V P. P ചിലവു പുറമെ.

ദി മദൻമിത്രാ ഔഷധാലയാ (Regd.)
മദൻമിത്രാ ബിൽഡിംഗ്, V. H. Road, P. B. No 44, പാലക്കാട് (കേരളാ)
THE MADANMITHRA AUSHADHALAYA, P. B. No. 44, PALGHAT, (KERALA)

Trivandrum	M/s. Medical Supplies, Near Statue	Ernakulam	M/s. Mambilly Dispensary Broadway
Neyyattinkara	" Jai Hind Medical Stores	Alwaye	" Suraj Medicals
Attingal	" Progressive Medical Stores	Tirupunittura	" Karappillil Pharmacy
Malayinkeel	" Raju Medical Stores	Perumbavur	" Parasuram & Co.
Quilon	" Western Medical Stores	Muvattupuzha	" Dass Brothers, Chemists
Alleppey	" Geetha Medical Stores	Kaladi	" Keyar Drugs
Changanur	" Universal Medical Stores	Koothattukulam	" Vannilam Medical Stores
Changanassery	" Elite Medicals, Market Road	Paravoor-N	" Chandra Pharmacy
		Udyogamandal	" Mambilly Medicals
Shertallay	" Royal Medical Stores	Trichur	" V. J. Paul & Co. Chemists
Mavelikkara	" Popular Medical Stores	Chalakkudi	" Santhi Medical Stores
Pandalam	" Excel Medical Stores	Irinjalakuda	" SriNarayana Medical Stores
Kottayam	" K. K. Kuruvila & Sons	Kunnamkulam	" Panakkal Pharmacy
Kanjirappilli	" Varghese & Co., Chemists	Kodungalur	" Kalyan Drug House
Vaikom	" Peri Medical Stores	Ottupara	" Polson Medical Stores
Pala	" Pala Medical Stores	Palghat	" K. H. Parasuram, Chemists
Kottayam	" S. H. Medical Hall	Mannarghat	" Mannarghat Pharmacy
Cannanore	" Sarada Pharmacy	Ottapalam	" Variety Medical Stores
Tellicherry	" Oriental Pharmacy	Perinthalmanna	" English Pharmacy
Madras (Periamet)	" Madanmithra Agencies Everest Hotel Road	Kozhikodu	" Kuttan Bros., Huzur Road
	" Kerala Ayurvedic Bhavan	Badagara	" Mammikutty & Sons Court Road
Bhilai	" Hakkim Dwaraka Dass		
Poona	" V. B Patel Road	Sultanbatery	" United Medical Stores
	" Exembu Esvando Dhond	Mysore	" Laxminarayana Stores Dhanwanteri Road
Madgam-Goa	" Jayanthy General Stores		" Shah & Co., Hambankatta
Bombay-Dadar	" Opp. Railway Station	Mangalore	

Bangalore (Cant)
Madanmithra Agencies, Near Laimasjid, Old Bamboo Bazar Behind Russel Market

എന്നെ തിരിഞ്ഞെടുപ്പിച്ച ഒരു നിമിഷം

ടി. എൻ. ഗോപിനാഥൻനായർ

സർ സി. പി. യുടെ ഭരണകാലം. തിരുവിതാംകൂർ സർവ്വകലാശാല നിലവിൽവന്നു. രാജധാനിയിലെ എല്ലാ കോളേജുകളേയും കോത്തിണക്കി യൂണിവേഴ്സിറ്റി യൂണിയൻ സ്ഥാപിച്ചു. ഒരു വിദ്യാർത്ഥിക്ക് കാംക്ഷിക്കാവുന്ന ഏറ്റവും ഉയർന്ന പദവിയാണ് യൂണിവേഴ്സിറ്റി യൂണിയന്റെ അദ്ധ്യക്ഷപദം.

ഞാനന്ന് ആർട്ട്സ് കോളേജിൽ ബി. എ. ക്ലാസ്സ് പഠിക്കുകയാണ്. കോളേജിലെ യൂണിയൻ സെക്രട്ടറിയായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. അപ്പോഴാണ് യൂണിവേഴ്സിറ്റി യൂണിയനിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കാനുള്ള വിജ്ഞാപനം പുറത്തുവന്നത്.

അടുത്ത ദിവസം ഞാൻ കോളേജിൽ ചെന്നപ്പോൾ എന്റെ കൂട്ടുകാർ പടിക്കൽ തന്നെ സംഘംചേർന്നു നിന്നിരുന്നു. 'ടി. എൻ. പ്രസിഡൻറായി പേരു പ്രഖ്യാപിക്കണം'— ഏകകണ്ഠത്തിൽ അവർ ആവശ്യപ്പെട്ടു. ഞാനീ തെരഞ്ഞെടുപ്പിനു നിന്നാൽ തോല്പിച്ചുതൊപ്പിയിടിക്കുമെന്നു് ആരോ വൻപു പറഞ്ഞുവത്രേ. എങ്കിലതൊന്നു് പരീക്ഷിക്കണമെന്നാണു് എന്റെ കൂട്ടുകാരുടെ വാശി. പ്രായമതല്ലേ. അപ്പുറമൊന്നുമാലോചിക്കാതെ ഞാൻ എടുത്തുചാടി.

തിരുവനന്തപുരത്തെ സകല കോളേജുകളിലും ചുറ്റിക്കറങ്ങി വോട്ടു പിടിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല കാറിന്റെ ചിലവു്. എന്നും ചായകുടിക്കാനുള്ള ചിലവു്, വീട്ടിൽ നിന്നു് പണം 'ഇസ്സു' ന്നതിനു് ഒരു പരിധിയില്ലേ? ഒരു ചക്കുറം കൊണ്ടു് പേരു പ്രഖ്യാപിച്ച ലഘുലേഖകൾ അച്ചടിച്ചു് വിതരണവും ചെയ്തു.

എഞ്ചിനീയറിംഗ് കോളേജിലെ ഒരു ജോസഫാണു് എന്നെ എതിർത്തതെന്നാണു് എന്റെ ഓർമ്മ വലിയ പണക്കാരൻ. ശ്രീ: സി. എം. സ്റ്റീഫനെപ്പോലെ പ്രഗത്ഭരായ പല പ്രാസംഗികന്മാരും എനിക്കെതിരായി പ്രവർത്തിച്ചിരുന്നു. നിർഭാഗ്യവശാൽ സാമുദായികമായ ഒരു ചേരിതിരിവുപോലും തെരഞ്ഞെടുപ്പിനു് വന്നുചേർന്നു. വിദ്യാർത്ഥികൾക്കു പുറമെ മുതിർന്ന പലനേതാക്കന്മാരും വോട്ടുപിടിത്തത്തിൽ സ്വാധീനം ചെലുത്തുന്നതായിരുന്നറിഞ്ഞു. തെരഞ്ഞെടുപ്പുദിനംഅടുക്കുംതോറും വീറും വാശിയും പെരുകിവന്നു. ഊണില്ല. ഉറക്കമില്ല ഓട്ടം തന്നെ ഓട്ടം. ഒരു ഡസൻ കൂട്ടുകാർ ഏതുനേരവും എന്നോടൊപ്പമുണ്ടാകും. തെരഞ്ഞെടുപ്പിനു് തലേന്നാൾ വൈ. ഡബ്ലൂ. സി എ്, വൈ. എം. സി. എ, യംഗ് ക്രിസ്ത്യൻ ഹോസ്റ്റൽ, ഇടങ്ങിയ സ്ഥാപനങ്ങളിൽ എനിക്കനുകൂലമായ ഒരു ചലനമുണ്ടായതായി അറിഞ്ഞു. അന്നർദ്ധരാത്രി മി. ജോസഫ് താമസിച്ചിരുന്ന ഹോസ്റ്റലിൽ ഒരു വിദ്യാർത്ഥിയുടെ ക്ഷണപ്രകാരം ഞാൻ കടന്നുചെന്നു് ചിലരെ 'ചാക്കിട്ട്' പിടിച്ചു.

തെരഞ്ഞെടുപ്പിന്റെ അന്നു് പല 'അത്യാഹിത'ങ്ങളും ഉണ്ടാകുമെന്നു് ഭയന്നിരുന്നു. വൈ. ഡബ്ലൂ.സി. എ–യിലെ പെൺകുട്ടികൾ എനിക്കു് വോട്ടുചെയ്യാൻ വരികയാണെങ്കിൽ അവരെ അപമാനിക്കുമെന്നു് ഒരു കിംവദന്തി പരന്നിരുന്നു. അവർക്കു സംരക്ഷണം നൽകാൻ ഞങ്ങൾ ആയുധപാണികളായ ചെറുപ്പക്കാരെ അങ്ങിനിരത്തിയിരുന്നു. ഭാഗ്യവശാൽ

ക്കുന്നം സംഭവിച്ചില്ല. വളരെ ശാന്തമായി തെരഞ്ഞെടുപ്പു നടന്നു. കടപ്പുറത്തിനടുത്തു് ഒരു വീട്ടിൽ രോഗശയ്യയിൽ കിടന്നിരുന്ന ഒരു കുട്ടിയെ പോലും അവസാനനിമിഷം എന്റെ കൂട്ടുകാർ ട്രക്കിയെടുത്തു കൊണ്ടു വന്നു.

മ്യൂസിയത്തിനടുത്തുള്ള യൂണിയൻ ആഫീസിൽ വെച്ചാണു് വോട്ടു് എണ്ണുക. ഞങ്ങളുടെ ഏജൻറന്മാരുടെ കണക്കുകൂട്ടൽ ശരിയാണെങ്കിൽ ഞാൻ ജയിക്കേണ്ടതാണു്. പക്ഷേ, എതിർകക്ഷിക്കാർ മിക്കവാറും ജയിച്ച ഭാവത്തിലാണു് സന്തോഷിച്ചിരിക്കുന്നതു്. അവരുടെ സ്ഥാനാർത്ഥിയെ അണിയിക്കാനുള്ള ഹാരം പോലും അവർ സജ്ജമാക്കിയിരിക്കുന്നു. വോട്ടെണ്ണൽ ആരംഭിച്ചപ്പോൾ അവർക്കു് ഘോഷയാത്ര നടത്താനുള്ള കാറുകൾ വന്നുചേർന്നു. വോട്ടെണ്ണൽ നടക്കുന്ന ഹാളിൽ ഞാൻ പോയില്ല. വിദ്യുത്തു കൂളിച്ചിരുന്ന ഞാൻ വെളിയിൽ കൂട്ടുകാരോടു് വെടിപറയുന്ന ഭാവത്തിൽ നിന്നതേയുള്ളു പത്തു മിനിറ്റു കൂടുമ്പോൾ വോട്ടെണ്ണലിന്റെ നിലവാരം അറിയിക്കാൻ എൻജിൻറന്മാരെ ഏർപ്പാടുചെയ്തിരുന്നു. തൊട്ടതൊട്ടുള്ള പോക്കുണ്ടു്.

ഫസ്റ്റു് പ്രിഫറൻസു് വോട്ടുകൾ എണ്ണിത്തീർന്നപ്പോൾ എന്റെ എതിർസ്ഥാനാർത്ഥിക്കു് ഒരോട്ടിന്റെ ഭൂരിപക്ഷമുണ്ടു്. സെക്കൻറു് പ്രിഫറൻസു് വോട്ടുകൾ കണക്കുകൂട്ടിത്തുടങ്ങി ഞാൻ പ്രജ്ഞയറ്റു നില്ക്കുകയാണു്. എതിർകക്ഷിക്കാർ ആർപ്പുവിളി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ആശ്ലേഷകയുണ്ടെന്നു് എന്റെ അംഗരക്ഷകനായ ശ്രീധരൻനായർ വന്നു മന്ത്രിച്ചു. എനിക്കു വിശ്വാസം വരുന്നില്ല. അഭിമാനം ത്രാസ്സിൽ തൂങ്ങുന്ന മുഹൂർത്തം. വോട്ടെണ്ണൽ സമാപിച്ചു. പ്രിസൈഡിംഗ് ആഫീസറായ പ്രഫസർ ശ്രീനിവാസൻ പുറമേവന്നു് ഉച്ചത്തിൽ ഉൽഘോഷിച്ചു:— 'ടി. എൻ പതിനേഴു് വോട്ടിന്റെ ഭൂരിപക്ഷത്തോടെ വിജയിയായിരിക്കുന്നു'— എന്നു് ആ ഒരു നിമിഷം പകുന്ന കുളിർമ്മ ഒന്നു വേറെതന്നെ— അതു പകുന്ന രസത്തിനു് എത്രടണ് ഘനമാണു്!

—*—

പതിനൊന്നു്

ഇൻസ്റ്റിറ്റ്യൂട്ടിലേക്കു് നടക്കുന്ന സുധയുടെ മനസ്സിൽ ചിന്തകൾ നരയിട്ട പൊന്തിവന്നു. അവളുടെ ശിരസ്സിൽ ചിന്തകളുടെ ജീവിബീജങ്ങൾ പതയുന്ന ഒരു വൃഷണമായിരുന്നു.

തലേരാത്രി അച്ഛൻ പ്രകാശനോടു പറഞ്ഞതെല്ലാം അവളും കേട്ടിരുന്നു. വാതിലിനപ്പുറത്തു് അവളും നില്പുണ്ടായിരുന്നു—മുത്തയുടെ മറവിൽ.

പെൻഷനാകാൻ ഇനി ഒമ്പതുമാസം മാത്രം...

അച്ഛനതു പറഞ്ഞതു് തന്നോടുകൂടിയായിരുന്നില്ലേ? അവൾക്കു തോന്നി. പ്രകാശനോടും തന്നെ തനിയ്ക്കും ഉത്തരവാദിത്വമില്ലേ? ഒരുപക്ഷേ, അവനേക്കാൾ കൂടുതൽ. കാരണം താൻ പഠിച്ചവളാണു്. ഡിഗ്രിയുള്ളവളാണു്.

—പ്രകാശനേക്കാൻ കൂടുതൽ അച്ഛനെ സഹായിയ്ക്കുവാൻ കഴിയുക തനിയ്ക്കല്ലേ?

കുസേരയിൽ ചാരിക്കിടക്കുന്ന അച്ഛന്റെ മുഖം അവളിൽ സന്നിവേശിയ്ക്കുന്നു. അച്ഛന്റെ ദുസ്സഹായതയും ഉല്ലണ്ണയും ഒരു പ്രേതത്തെപ്പോലെ അവളെ പിന്തുടരുന്നു.

അച്ഛൻ എനിയ്ക്കെല്ലാം സമ്മതം തരണം. ഞാനൊന്നാലോചിയ്ക്കട്ടെ...

പ്രകാശന്റെ ശബ്ദം.

പാവം പ്രകാശൻ—അച്ഛനോളമോ അച്ഛനേക്കാൾ കൂടുതലോ അവൻ വിഷമിയ്ക്കുന്നുണ്ടു്—തീർച്ച. അവന്റെ രൂപവും ഭാവവും അതു വിളിച്ചുപറയുന്നില്ലേ?

അച്ഛൻ തലയ്ക്കുപിറകിൽ കൈകെവച്ചു് നിശ്വാസദനായി കിടക്കുമ്പോൾ, പ്രകാശൻ മൗനിയായി നിശ്ചലം നില്ക്കുമ്പോൾ, ആലോചിച്ചതാണു്—അച്ഛന്റെ മുമ്പിൽ ഇറങ്ങിച്ചെന്നു പറയുക— അച്ഛനു് ഞാനുണ്ടു്.

പെട്ടെന്നവൾ അതിൽനിന്നു പിന്തിരിഞ്ഞു. ഡിഗ്രിയുണ്ടെങ്കിലും തനിയ്ക്കുത്തു ചെയ്യാൻ കഴിയും? പെണ്ണായ തനിയ്ക്കു്? നിലാവു കാണുമ്പോൾ കണ്ണുനിറയുന്ന ഈ ദുർബ്ബലയായ സ്ത്രീയ്ക്കു്?

എന്തെങ്കിലും ഒരു ജോലി സമ്പാദിയ്ക്കണം. വളരെ മൂന്നുതന്നെ അവൾ നിശ്ചയിച്ചിരുന്നതാണു്. മുടങ്ങാതെ ഇൻസ്റ്റിറ്റ്യൂട്ടിൽ പോകാനുള്ള പ്രേരണയും അതുതന്നേയായിരുന്നു.

ചിലപ്പോൾ തോന്നും, എന്തിനു് ടൈപ്പിംഗു് പഠിയ്ക്കുന്നു? അതില്ലാതെതന്നെ തനിയ്ക്കുതരം പണി അന്വേഷിച്ചുകൂടെ? ഡിഗ്രി എന്ന ആയുധം കൈയിലില്ലേ?

—രാത്രി ഉടനീളം ചിന്തകൾ അവളെ കുത്തിക്കൊണ്ടിരുന്നു. ചിന്തകൾക്കു് കൊമ്പുകൾ മുളച്ചു് രാത്രി. പുലർച്ചയ്ക്കു് എപ്പോഴോ ആണു് കണ്ണടഞ്ഞതു്.

ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കു പുറപ്പെട്ടപ്പോൾ അച്ഛൻ കോലായിൽ ഇരിയ്ക്കുന്നുണ്ടായിരുന്നു.

"ഞാൻ പോട്ടെ അച്ഛാ?"

"ഉം"

ടൈപ്പിംഗിന്റെ പുരോഗതിയെപ്പറ്റി അച്ഛൻ ഒരിക്കലും ചോദിച്ചിട്ടില്ല. നേരമ്പോക്കിനുവേണ്ടിയാണു് ഇൻസ്റ്റിറ്റ്യൂട്ടിൽ പോകുന്നതു് എന്ന മട്ടായിരുന്നു അച്ഛനു്.

പോവർ പാസ്സായ വിവരം അറിഞ്ഞദിവസം—അവൾ ഓർത്തു.

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു വരുമ്പോൾ ക്ഷീണിച്ചിരുന്നു. ശരീരം മാത്രം. തലയുടി കടൽക്കാറ്റേറ്റു് അലങ്കോലപ്പെട്ടിരുന്നു. തളർന്ന കണ്ണുകളിൽ ആഹ്ലാദം

തിന്റെ സൂര്യനാർ.

"മോളെന്താ ഇത്ര വൈകിയതു്?

മുറ്റത്തു നില്പുണ്ടായിരുന്നു മുത്ത. അധികമൊന്നും വൈകിയിരുന്നില്ല. ഏറിയാൽ പത്തുമിനിറ്റു്. മുത്തയ്ക്കു് ബോറാകുവാൻ അതു മതിയായിരുന്നു.

മുറ്റത്തേയ്ക്കു് ഓടിക്കയറി. നോട്ടുപുസ്തകവും പെൻസിലും താഴെയിട്ടു് മുത്തയുടെ കഴുത്തിൽ ചുറ്റിപ്പിടിച്ചു. ചുണ്ടുകളിൽ മുളിപ്പാട്ടുണ്ടായിരുന്നു.

— "എന്റെ മോൾക്കെന്താ ഇന്നിത്ര സന്തോഷം?"

"ഞാൻ ലോവറു പാസ്സായി മുത്തേ."

"അതെന്താ?"

"ടൈപ്പിംഗു് പരീക്ഷ. ഈ മുത്തയ്ക്കു് ഒന്നും അറിയില്ല—"

മുത്തയുടെ മുഖത്തു് ഭാവഭേദമൊന്നും കണ്ടില്ല.

"മുത്തക്കു് സന്തോഷമല്ലേ ഞാൻ പാസ്സായതിലു്?"

"ടൈപ്പിംഗു് പാസ്സാകുമ്പോൾ എന്തു ഗുണമു?"

മുത്തയുടെ ആലോചന പോയതു് ആ വഴിയ്ക്കാണു്.

സുധയുടെ ഡിയേറിസൽട്ടു് വന്ന ദിവസം അവർ ആഹ്ലാദം കൊണ്ടു് സ്വയം മറന്നിരുന്ന വീട്ടിൽ ഒരുത്സവമായിരുന്നു. ഈ വീട്ടിൽ ഒരു ബീയേക്കാരി ഉണ്ടായിരിയ്ക്കുന്നു. അതു് ഈ തറവാടിനെന്നെ ഒരു പേരല്ലേ?

പക്ഷേ, ടൈപ്പിംഗു് പാസ്സാകുന്നതു് അത്ര വലിയകാര്യമാണോ?

ഒരുപാടു വലിയകാര്യമായ രാമൻ മേസ്ത്രിയുടെ മകൾ കമല. ബീഡി തിരുമ്പുന്ന അനാഥനായ അനന്തജ്യോതി വത്സല— ഇവരൊക്കെയല്ലേ ഇൻസ്റ്റിറ്റ്യൂട്ടിൽ ചെന്നു് ടൈപ്പിംഗു് പഠിയ്ക്കുന്നതു്? തറവാട്ടിലെ പെൺകു

എം. മുകുന്ദൻ

ട്ടികൾ സത്യൻമാസ്റ്ററുടെ ഇൻസ്റ്റിറ്റ്യൂട്ടിൽ പോകാറുണ്ടോ?

ടൈപ്പ്‌റൈറ്റിംഗ് പരീക്ഷ പാസ്സായതിലുള്ള സന്തോഷം ആഹ്ലാദം പങ്കിടുവാൻ മുത്തശ്ശി കഴിഞ്ഞില്ല.

പിന്നെ സന്ധ്യ അച്ഛൻ വരുന്നതു കാത്തുനിന്നു.

വൈകിയാണു് അയാൾ വന്നതു്. അവൾ ഉറങ്ങാതെ കാത്തിരിയ്ക്കുകയായിരുന്നു.

'ഞാൻ ലോവർ പാസ്സായച്ഛാ.''

അച്ഛന്റെ പ്രതികരണം അറിയാനായി നെഞ്ചിടിപ്പോടെ അവൾ ശ്രദ്ധിച്ചു. അയാൾ ഒന്നു് മൂളുക മാത്രം ചെയ്തു. പിന്നീടൊന്നും ചോദിച്ചില്ല പറഞ്ഞില്ല.

എന്തുകൊണ്ടു് അഭിനന്ദിയ്ക്കുന്നില്ല? തന്റെ ആനന്ദം പങ്കിടുന്നില്ല?

കഠിനമായ നിരാശ തോന്നി. ഇനി ഞാൻ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കില്ല— അവൾ തീർച്ചയാക്കി ഇന്നത്തോടുകൂടി എന്റെ ടൈപ്പിംഗ് അവസാനിയ്ക്കുണം. ആർക്കും താല്പര്യമില്ലെങ്കിൽ, ഈയുള്ളവൾക്കും താല്പര്യമില്ല...

ഉണ്ണാനിരിയ്ക്കുന്ന അച്ഛന്റെ മുമ്പിൽ ചെന്നുനിന്നു് പറയുവാൻ ആഞ്ഞു—

"ഞാനിനി ഇൻസ്റ്റിറ്റ്യൂട്ടിൽ. പോകുന്നില്ല."

പക്ഷേ, പറഞ്ഞില്ല. മനസ്സിനു് കടിഞ്ഞാണിട്ടു. വിഡ്ഢിത്തം കാട്ടുകയോ? അച്ഛനും മുത്തശ്ശിയും ഇന്നുമാത്രമല്ല താല്പര്യക്കുറവു്. ടൈപ്പിംഗിനു് പോകുന്നു എന്നു പറഞ്ഞപ്പോൾതന്നെ അവർക്കു് സമ്മതം ഉണ്ടായിരുന്നില്ലല്ലോ. ആദ്യം എതിർത്തതുമല്ലേ?

തന്റെ സന്തോഷം തന്റെ സന്തോഷം മാത്രം. ആരുടെ സന്തോഷവും ദുഃഖവും ആരും പങ്കിടുന്നില്ല. അവൾക്കു തോന്നി.

ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നു വരുമ്പോൾ തോന്നിയ അഹ്ലാദം വറ്റിപ്പോയിരുന്നു. ചുണ്ടിലെ മുളിപ്പാട്ടു് അകലെ എവിടേയ്ക്കോ പറന്നുപോയി.

...ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കു പോകുമ്പോൾ അങ്ങിനെ പലതും അവൾ ഓർത്തുപോയി

ശ്രീധരന്റെ പിടികയുടെ മുമ്പിലെത്തിയിരുന്നു. അവിടെ എപ്പോഴും ചെറുപ്പക്കാർ ഇരിപ്പുണ്ടാകും. തമ്മിൽ എന്തെങ്കിലും പറയും നോക്കും... തലകുനിച്ചു് ധൃതിയിൽ നടന്നു് രക്ഷപ്പെട്ടു.

അപ്പോഴാണു് എതിരെ നിന്നു് ചന്ദ്രശേഖരൻ വരുന്നതു കണ്ടതു്. വെറുതെ ചിരിച്ചു് കടന്നുപോകാമെന്നാണു് അവൾ കരുതിയതു് അവനു് പ്രകാശന്റെ പ്രായമേയുള്ളു. എങ്കിലും നിരത്തിൽ നിന്നുകൊണ്ടു സംസാരിയ്ക്കുന്നതു് അവൾക്കു് ഇഷ്ടമായിരുന്നില്ല.

അടുത്തെത്തിയപ്പോൾ ചന്ദ്രശേഖരൻ നിന്നു. അവൻ ലോഹ്യപൂർവ്വം ചിരിച്ചു. എപ്പോഴുമെന്നപോലെ. പുതുമ മാറാത്ത ടെറിലിൻ ഷർട്ടാണു് വേഷം. കൈത്തണ്ടയിന്മേൽ സീക്കോ വാച്ചു്.

'ഇൻസ്റ്റിറ്റ്യൂട്ടിലേക്കായിരിക്കും.'

"അതേ."

അതുമാത്രം പറഞ്ഞു് അവസാനിപ്പിയ്ക്കാമെന്നാണു കരുതിയതു്. നടക്കുവാനായി മുന്നോട്ടു കാൽവെച്ചതാണു്. ചന്ദ്രശേഖരൻ വിട്ടില്ല—

'പ്രകാശൻ വീട്ടിലുണ്ടോ?'

'ഇല്ല.'

'എവിടെപ്പോയി?'

'ടൗണിലു് പോയിരിക്കയാ.'

ഒരു വലിയ കാര്യത്തിനു വേണ്ടിയാണു് പോയിരിയ്ക്കുന്നതു്. ആരേയോ കണ്ടു് ഒരു ജോലിക്കാര്യം സംസാരിയ്ക്കുവാൻ.

അവൾ നടന്നുതുടങ്ങിയിരുന്നു. ചന്ദ്രശേഖരൻ തിരിഞ്ഞു് അവളുടെ കൂടെ നടന്നു വല്ലാത്തൊരു ആൺകുട്ടി— അവൾ വിചാരിച്ചു. ഒരു നാണവുമില്ല.

'പ്രകാശനെ ഒന്നു കാണാമെന്നു വിചാരിച്ചു അവൻ വീട്ടിലില്ലെങ്കിൽ പിന്നെ അങ്ങോട്ടു ചെന്നിട്ടു് എന്തു കാര്യം?'

അവൻ സ്വന്തക്കാരനെ പോലെ അവളോടു ചേർന്നു് നടക്കുവാൻ തുടങ്ങി. അവളുടെ തല കമ്പിട്ടുപോയി. നെഞ്ചിടിപ്പിനു് വേഗത കൂടി എല്ലാ രക്തക്കുഴലുകളിലേയും ചോര തലച്ചോറിലേയ്ക്കു്.

'എന്താ പാർട്ടി തരാത്തതു്?'

'എന്തിനു്?'

'ടൈപ്പിംഗ് പരീക്ഷ പാസ്സായ വകയിൽ'

അവൻ മുഖത്തുനോക്കി മന്ദഹസിച്ചു. അവൻ തലയിൽ പുരട്ടിയിരുന്ന ഹെയർ ഓയിലിന്റെ മണം അവൾക്കറിയാൻ കഴിഞ്ഞു അവൻ മുഖത്തിട്ട പൗഡറിന്റെ സൗരഭ്യവും.

"കുട്ടി വേഗം നടന്നോളൂ."

"ഉം? എന്നെ പേടിയാണോ?"

'നിയ്യെന്റെ അനിയനാ.'

അവൾ പൊട്ടിച്ചിരിച്ചു. അവൾ ഉള്ളിലേയ്ക്കു വലിഞ്ഞുപോയി. അവന്റെ ചിരി ആരെങ്കിലും കേട്ടുവോ? ആരെങ്കിലും തങ്ങൾ ഒരുമിച്ചു നടന്നുപോകുന്നതു് ശ്രദ്ധിയ്ക്കുന്നുണ്ടോ?

അവൾ നടത്തം സാവധാനത്തിലാക്കി— അവൻ മുമ്പിൽ കടന്നുപോകട്ടെ എന്നു കരുതി.

അതു ഫലിച്ചില്ല. അവനും നടത്തം സാവധാനത്തിലാക്കി.

പ്രകാശനെ കാണട്ടെ — എങ്ങിനെ ഇവൾ നിന്റെ ചങ്ങാതിയായി എന്നു ചോദിക്കണം. ഈ തെമ്മാടി...

പ്രകാശൻ നല്ലവനാണു്. ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടെ കൂടെ ടൈപ്പ് ചെയ്യുന്ന വത്സല പറഞ്ഞു, ഒരിക്കൽ.

'കുട്ടിയുടെ അനിയൻ പെങ്കുട്ടികളുടെ മുഖത്തു നോക്കില്ല:'

പ്രകാശന്റെ സ്വഭാവഗുണത്തിൽ അഭിമാനമാണു് തോന്നിയതു്.

ആ പ്രകാശനെകിട്ടിയ ഒരു ചങ്ങാതി—

ഇൻസ്റ്റിറ്റ്യൂട്ടുവരെ ചന്ദ്രശേഖരൻ കൂടെവന്നു. ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. മുഖത്തു നോക്കാതെ മൂളുകമാത്രം ചെയ്തു. പ്രകാശന്റെ ചങ്ങാതിയായിപ്പോയി. അല്ലെങ്കിൽ ..

'പ്രകാശനോടു പറയണം ഞാൻ വന്നിരുന്നെന്നു്.'

ചന്ദ്രശേഖരൻ മുണ്ടു മടക്കിക്കുത്തി ചൂളംവിളിച്ചുകൊണ്ടു് നടന്നുപോയി. അപ്പോഴേ അവൾക്കു് ശ്വാസം നേരെ വീണുള്ളു.

ഇൻസ്റ്റിറ്റ്യൂട്ടിൽ എത്താറായിരുന്നു. സത്യൻമാസ്റ്റർ പതിവുപോലെ മേശയുടെ മുമ്പിൽ ഇരിയ്ക്കുന്നുണ്ടായിരുന്നു. എന്തോ എഴുതുകയായിരുന്നു. കണ്ടപ്പോൾ എഴുത്തു നിർത്തി നിവർന്നിരുന്നു.

അപ്പോഴാണു് ശ്രദ്ധിച്ചതു് തലമുടി പെട്ടിയിരിക്കുന്നു. മുടി വെട്ടുമ്പോൾ അയാൾക്കു് പ്രായം ഏറിയതായി തോന്നും. മുഖത്തു് ഗാംഭീര്യം വന്നതായും.

"ഇപ്പം ചന്ദ്രശേഖരനാ അകമ്പടി"

കണ്ണടച്ചിലുകളിൽ ചിരി പരന്നു

മലയാളനാടു്

വാരിക

വരിസംഖ്യനിരക്കു്.

ഒരു വർഷത്തേക്കു്	33–00
ആറുമാസത്തേക്കു്	16–50
ഒറ്റപ്രതി	0–60

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യ നിരക്കിൽനിന്നും പൊസ്റ്റേജ് കൂട്ടുതലായിരിക്കുന്നതാണു്.

—മാനേജർ.

"വഴിയിൽനിന്നു കിട്ടിയതാണുസാർ."

"സർ എന്നു വിളിക്കരുതു് എന്നു് എത്രതവണ പറഞ്ഞതാ — ഞാൻ സർ സി. പി. രാമസ്വാമിയോ ബർട്രാണ്ടു് റസ്സലോ മറ്റോ ആണോ?"

നഖംകടിച്ചു നിന്നു. നേരു്. അയാൾ എന്നും പറയാറുള്ളതാണു്, അങ്ങിനെ വിളിക്കരുതു് എന്നു്.

"ഇനി വിളിക്കില്ലാ?"

"ഇല്ല."

'വിളിച്ചാൽ ഞാൻ ചെവി പിടിക്കും. പറഞ്ഞേക്കാം.'

അതിനു് മടികാണിച്ചെന്നു വരില്ല. ഷോർട്ട്ഹാൻഡ് പഠിക്കുന്ന ലീല എന്ന പെൺകുട്ടിയുടെ ചെവി അയാൾ പിടിക്കുന്നതു് അവൾതന്നെ കണ്ടതാണു്. അന്നു് നേരത്തെ ചന്ദ്രശേഖരനോടു് തോന്നിയ അതേ വികാരമാണു് അവൾക്കു് അയാളോടു തോന്നിയതു്.

അഞ്ചുരൂപ്പികയുടെ ഒരു നോട്ടെടുത്തു മേശയിന്മേൽ വെച്ചു് അകത്തേയ്ക്കു് നടന്നു. മെഷിൻ ഒഴിഞ്ഞിരുന്നു. തന്റെ ഉഴമായിരിയ്ക്കുന്നു. അപ്പോഴാണു് അയാൾ പിറകിൽ നിന്നു വിളിച്ചതു്.

"ഇതെന്താ?"

"ഫീസു്."

അയാൾ നോട്ടുനേരവും അവളുടെ മുഖത്തും മാറിമാറി നോക്കി. അത്ഭുതംകൊട്ടി. എന്നിട്ടു് നോട്ടെടുത്തു നീട്ടി. അവൾക്കു് ഒന്നും മനസ്സിലായില്ല.

"പ്രകാശൻ തന്നു."

"എപ്പോ സാർ?"

"ഒരു മണിക്കൂർ മുമ്പ്."

പ്രകാശനു് എവിടുന്നാണു് പൈസ. പൈയിൽ പൈസ ഉണ്ടെങ്കിൽത്തന്നെ തന്നു അറിയിയ്ക്കാതെ എന്തിനാണു് കൊടുത്തതു്? വിശ്വാസം വരാതെ അവൻ അയാളുടെ മുഖത്തുനോക്കി. അയാൾ കസാലയിൽ പിന്നോക്കം ചാഞ്ഞിരുന്നു് അവളെ നോക്കി ചിരിയ്ക്കുകയാണു്.

വീട്ടിലെത്താൻ ധൃതിയായിരുന്ന പ്രകാശൻ വീട്ടിലുണ്ടായിരുന്നില്ല. അവൾ അവനേയും കാത്തു് കോലായിൽതന്നെ ഇരുന്നു.

ഒമ്പതുമണി കഴിഞ്ഞിരുന്ന അവൻ വരുമ്പോൾ, അച്ഛനമായി ജോലിയുടെ കാര്യം സംസാരിച്ചു കാണാൻ പോയ ആളെ കണ്ടുകിട്ടിയില്ല. വീട്ടിലും ഓഫീസേഴ്സ് ക്ലബ്ബിലും ലയൻസ് ക്ലബ്ബിലുമെല്ലാം അന്വേഷിച്ചുവെങ്കിലും. രാവിലെ മുതൽ തുടങ്ങിയതാണു് തിരച്ചിൽ.....

അവളുടെ മനസ്സൊന്നു് ആളി.

"പ്രകാശാ—"

അടക്കിയസ്വരത്തിൽ അവൾ വിളിച്ചു. അവൻ അടുത്തേയ്ക്കു വരുമ്പോൾ മനസ്സും് വിറയ്ക്കുന്നു.

"നീ പൈസകൊടുത്തോ സത്യൻ മാഷ്ക്കു്?"

"എന്തു പൈസ?"

"എന്റെ ഫീസു്?"

അവന്റെ മുഖം പെട്ടെന്നു് വിളറി. തല കുനിഞ്ഞു.

"അതിനുള്ള കഴിവു് എന്നെങ്കിലും ഒരിക്കൽ എനിയ്ക്കുണ്ടാകും സുധേടത്തീ അന്നു്. ..."

"നീ കൊടുത്തിട്ടില്ലേ?"

"ഇല്ല."

ഞാൻ പെട്ടെന്നു് പൊട്ടിക്കരഞ്ഞു. അന്നാദ്യമായി അവൾക്കു് ഉറങ്ങാൻ കഴിഞ്ഞില്ല. അവളുടെ പ്രജ്ഞ ചിന്തയെ ഗർഭംധരിച്ചു ഗർഭിണിയായിരുന്നു. നീണ്ട രാത്രി പിറ തലമുടി വെട്ടിയ, കട്ടിയുള്ള മീശയുള്ളൊരു കണ്ണടധാരിയുടെ, ചിരിയ്ക്കുന്ന രാത്രി.

—o—

സിമൻറുതൂണുകൾക്കിടയിലൂടെ വെളിച്ചം വാരിവിഴുന്ന പോർട്ടിക്കോവിൽ, വിളറിയിട്ട മുഖത്തുമ്പിൽ തുളസിപ്പൂക്കളോടെ, മുഖത്തു് ശോകത്തിന്റെ ഇതളുകളോടെ, ആരോടുന്നതു് അകലം നിലനിർത്തിക്കൊണ്ടു് അവൾ. എവിടെ ആരംഭിക്കണമെന്നറിയാതെ, അകലങ്ങളുടെ വളർച്ച വളരെ വലുതാകുന്നു എന്ന അലോസരത്തോടെ, കണ്ണുകളുടെ തടവിൽ അവളെ ബന്ധിക്കാനുള്ള ശ്രമത്തോടെ അയാൾ പകുതി തുറന്ന വാതിലിന്നപ്പുറത്തു് ക്ഷണവുമായി കാത്തിരിക്കുന്ന സെറാമിക്കുകൾ. അയാളുടെ ഓർമ്മകൾ പോലെ പതുക്കെ ഉണരുന്ന കാറ്റു്.

നിമിഷങ്ങൾ അവർക്കിടയിൽ തടഞ്ഞുനിന്നപ്പോൾ സിമൻറുതൂണിൽ കൈമുട്ടമർത്തി, വലത്തെ ചുമലിൽ കവിൾ ചേർത്തുകൊണ്ടു് അവൾ പറഞ്ഞു: "രഘുവിനെ ഒരിയ്ക്കൽ കാണണമെന്നു കരുതി. പക്ഷേ, ഈ രീതിയിലല്ല..."

"കാണണമെന്ന മോഹം കൊണ്ടല്ലോ ഞാൻ വന്നതു്. എത്രയോ രാത്രികളിൽ രേഖ എന്റെ മനസ്സിൽ ഉറങ്ങിക്കിടന്നു."

"ഇപ്പോൾ അവൾ മരിച്ചുപോയതായി തോന്നുന്നു, അല്ലേ?"

വിളർച്ചയുള്ള ചിരി. അവളുടെ മുഖത്തെ സൌന്ദര്യം നഷ്ടപ്പെടുത്തി. അവൾക്കു് തന്നെ തിരിയെ പറഞ്ഞയയ്ക്കണമെന്ന വിചാരമാണെന്നു് അയാൾ മനസ്സിലാക്കി ഡോർ തുറക്കാനെത്തിയപ്പോൾ ആ കണ്ണുകളിൽ മിന്നിയ പിടച്ചിൽ ശരിയ്ക്കും ശ്രദ്ധിച്ചതാണു്. ഒന്നും പറയാതെ ഒരു വശത്തേക്കു് മാറിനിന്നപ്പോൾ നേർത്ത ശങ്കയോടെ, അപരിചിതത്വത്തിന്റെ മുഖാവരണം വലിച്ചുനീക്കാനായി അയാൾ പറഞ്ഞു:

"രഘുവാണു് ഞാൻ—"

"രേഖ മറന്നിട്ടില്ല."

"രേഖ വളരെ മാറി, വളർന്നു."

"അതും ഞാൻ മറന്നിട്ടില്ല."

വാതിൽക്കർട്ടൻ ചുമപ്പും ചുമരുകളുടെ വെണ്മയും ഒരുക്കിയ ഭംഗിയിൽ അവളുടെ യൌവ്വനത്തിന്റെ തിളക്കം. ചെറിയ, നീണ്ട കണ്ണുകളിലെ മുഗ്ദ്ധഭാവം. മുടിക്കെട്ടു് ചുമലിലൂടെ മുന്നിലേക്കു് എടുത്തിട്ടു് അതിൽ വിരലോടിച്ചു നിന്നപ്പോൾ അവൾക്കൊന്നും പറയാനില്ലെന്നു തോന്നി.

നിമിഷങ്ങളുടെ ഈ ചലനമില്ലായ്മ, മൃകഭാവം മനസ്സിൽ വലിച്ചുവീഴ്ത്തുന്ന ഇരുട്ടിന്റെ അടുക്കുകൾ—

എത്ര ചുറുചുറുക്കുള്ള പെൺകുട്ടിയായിരുന്നു രേഖ. തുറമുഖത്തിനു് കാവൽനില്ക്കുന്ന ചുവന്ന മേൽക്കൂരകളുള്ള കെട്ടിടങ്ങളിൽ തൊട്ടുനില്ക്കുന്ന വഴികളിലൂടെ, കൊന്നക്കാട്ടുകളും കടലാസ്സുപൂക്കളും ഭംഗിയണിഞ്ഞുനിന്ന പാതയോരത്തു്, ആരോ നൽകിയ പരിചയത്തിന്റെ താക്കോലുപയോഗിച്ചു് കടന്നുചെന്ന കട്ടും ചുവപ്പുനിറത്തിൽ ചുമരുകളുള്ള വീട്ടിൽ—



തൻ ഒരു അന്യനേ തോന്നിയിരുന്നില്ല.

അവളോടു് താല്പര്യം തോന്നിയ ഏതോ ഒരു നിമിഷത്തിൽ അയാൾ പറഞ്ഞു: 'പാവിപ്രായം നിറഞ്ഞുകളിച്ചെങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നു രേഖാ.'

അവളുടെ മുണ്ടകളിൽ ചിരി ഉതിർന്നു വീണു. വെളുത്തു ചെറിയ പല്ലുകളിൽ പ്രകാശരശ്മികൾ തട്ടി. അവൾ പറഞ്ഞു: "ഇതു് ഞാൻ എന്നും കേൾക്കാറുള്ള വാക്കുകളാണു്. ദിവസത്തിൽ എത്രയോ തവണ. ഇതിൽ ഒരു പുതുമയുമില്ല, രഘു."

"എന്റെ ഹൃദയവികാരങ്ങൾക്കു പുതുമയുണ്ടു്, രേഖയ്ക്കു് അതു് എന്നെങ്കിലുമൊരിക്കൽ മനസ്സിലാകും."

"....."

"എന്തെങ്കിലും പറയു രേഖാ—"

അവൾ ഒന്നും പറഞ്ഞില്ല. പിന്നെ ഉള്ളിൽനിന്നു് എന്തോ കുത്തിയെടുത്തു ഒഴുക്കിൽ അവളുടെ കണ്ണുകൾ നനഞ്ഞുവന്നു അവൾ കരഞ്ഞു അവളെ ആശ്വസിപ്പിക്കാനുള്ള വാക്കുകൾ തേടുന്നതിനു പകരം അയാൾക്കും കരയാൻ തോന്നി കരയാനാവാത്തതിൽ വിഷമം തോന്നി. യാത്രപറഞ്ഞിറങ്ങിയപ്പോൾ വിലയ്ക്കുവാങ്ങിയ ഒരു ദിവസത്തെ മാത്രം ബന്ധം അയാളുടെ ഹൃദയത്തെ ഞെരടിത്തിയെടുത്തു് നേർത്ത നൂലിഴകളിൽ അവിടെ കോർത്തുവെച്ചിരുന്നു.....

അതു് തിരിച്ചെടുക്കാനാണു് താൻ വന്നതു്.

"രഘു എന്തെങ്കിലും പറഞ്ഞോ?"

അവളുടെ മുഖം അയാളുടെ കണ്ണുകൾക്കു നേരെ നീണ്ടുവന്നു.

അയാൾ പറഞ്ഞു:

"നമുക്കു് എന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കാം."

അവൾ തുടങ്ങട്ടെ എന്നു് അയാൾ കരുതി. അതേവിചാരംതന്നെയായിരിക്കണം അവൾക്കും; ആദ്യം രഘു. വിഷയം കണ്ടെത്താനുള്ള അന്വേഷണമോ അവളുടെ കണ്ണുകളോ മുഖത്തോ നിഴലിച്ചുകണ്ടില്ല നോക്കിനിൽക്കെ അയാൾക്കു് അവളോടു് അലിവു തോന്നി. കരയാനാവാത്ത ഏതോ ദുഃഖത്തിലാണു് അവർ. ഏതോ വിഷമപ്രശ്നം അവളുടെ മനസ്സിനെ ഞെരിക്കുന്നു. ആക്കം ചിലപ്പോൾ ഇനിയവളെ രക്ഷപ്പെടുത്താനായില്ലെന്നുവരാം.....

തന്റെ മൂഢവിചാരങ്ങൾക്കു് കടിഞ്ഞാണിട്ടുകൊണ്ടു് രഘു ശബ്ദിച്ചു.

ബാലകൃഷ്ണൻ മങ്ങാടു്

"രേഖ എന്നെ അകത്തേക്കു ക്ഷണിക്കാൻ മറന്നു."

"ഓ, വരൂ—" ചിന്തകൾ കുടഞ്ഞു തെറിപ്പിച്ചതുപോലെ അവൾ ഉത്സാഹം കൊണ്ടു: വാസ്തവത്തിൽ ഞാനതു് മറന്നു. ഓർമ്മിപ്പിച്ചതിനു് നന്ദി."

അയാൾക്കുവേണ്ടി അവൾ ഡോർ തുറന്നുപിടിച്ചു. അയാൾ തന്റെ കൃതജ്ഞത ചിരിയിലും വിനയത്തിലും ഒളുക്കി അകത്തുകടന്നപ്പോൾ തൊട്ടുപുറകെ അവൾ. സത്യമായും, അയാൾ ഓർത്തു, സന്തോഷത്തോടുകൂടെയാണോ അവൾ തന്നെ അകത്തേക്കു് ആനയിച്ചതു്? ഒഴിഞ്ഞുമാറാൻ പററാതെ വന്നപ്പോൾ പെട്ടെന്നു് എടുത്തണിഞ്ഞ മുഖപടമായിരുന്നില്ലേ ഈ ആതിഥേയത്വം?

"ഇരിക്കൂ—"

'ഫാന്റ'മിന്റെ സാഹസികകഥകൾ ഇതൾവിടർത്തിയ പുസ്തകങ്ങൾ സോഫയിൽനിന്നു് അവൾ എടുത്തുമാറ്റി.

"ഒടുവിൽ ഞാനൊരു ഉദ്യോഗസ്ഥനായി." തന്റെ അലച്ചിലിന്റെ കഥ അവസാനിച്ചപ്പോൾ കപ്പലിലെ ദിവസങ്ങൾ അവൾക്കുവേണ്ടി മറക്കാതെ കൊണ്ടുനടന്നു. അതിന്റെ കെട്ടുകൾ അഴിക്കാൻ ഒരുങ്ങവെ അവളിൽനിന്നു് പ്രതികരണങ്ങളൊന്നുമില്ലാതെ അയാളുടെ വീര്യം പതുക്കെ കെട്ടടങ്ങി. ശ്രദ്ധ സെറിയുടെ മിനുത്ത ഹാൻഡിൽ അമത്തിപ്പിടിച്ചിരിക്കുന്നതുപോലെ കൈപ്പത്തികളിൽ വീണ. സ്വർണ്ണവളകൾക്കു തവശത്തും നനുത്ത രോമാളികൾ. മിനുത്തുനീണ്ട വിരലുകൾ.

പതുക്കെ അവളുടെ കൈപ്പത്തിയിൽ കയ്യമർത്തി. പൊള്ളലേറ്റപോലെ അവൾ പെട്ടെന്നു് കൈ പിറകോട്ടു വലിച്ചു. കണ്ണുകളിൽ ദേഷ്യം ആളി. ഒരു നിമിഷം. പിന്നെ അതു് അണഞ്ഞു. അവൾ പറഞ്ഞു:

"രഘുവിനോടു് ഞാൻ പറഞ്ഞില്ലേ, ഞാൻ പഴയപോലെയല്ല. എന്റേതായിട്ടു് എന്നിൽ ഒന്നുമില്ല."

'ഞാൻ ഓർമ്മിക്കാം.' ക്ഷമാപണസ്വരത്തിൽ അയാൾ പറഞ്ഞു. 'ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാം.'

'അതുപോട്ടെ രഘുവിനു് അദ്ദേഹത്തെ കാണണ്ടേ?'

'ഭർത്താവിനെയോ?'

'ഉം?'

'എവിടെയാണു്?'

'ഇപ്പോൾ വരും. ഞാൻ എങ്ങിനെയാണു് പരിചയപ്പെടുത്തുക എന്നറിയേണ്ടേ?'

'പറയൂ—'

'മീറ്റു് മി. രഘു. എന്റെ പഴയ സുഹൃത്തു്—'

'അദ്ദേഹത്തിനു് ഏതെങ്കിലും സംശയം തോന്നിയാലോ?'

'അദ്ദേഹത്തിനു് എല്ലാം അറിയാം. പഴയ കഥകൾ എല്ലാം. ഒരു രാത്രിയിൽ ഇടമനേപഷിച്ചു വന്ന ആളായിരുന്നു അദ്ദേഹവും. പിന്നെ ഈ വീടും പറമ്പും വിലയ്ക്കുവാങ്ങിത്തന്നു. എന്നേയും. എനിക്കുവേണ്ടി ഇതെല്ലാം ഉണ്ടാക്കി.'

—

അവളുടെ മുഖത്തു് അപ്പോൾ നന്ദിയോ നന്ദികേടോ സ്ഫുരിച്ചില്ല. തികഞ്ഞ നിസ്സംഗഭാവം. അതു് അവളെ എവിടേയും കൊണ്ടെത്തിയ്ക്കുന്നില്ലെന്നു് അയാൾ ഊഹിച്ചു. അവൾ ഊറ്റംകൊള്ളുന്നപോലെ ആഹ്ലാദിക്കാനുള്ളവകയൊന്നും അവൾക്കില്ല. അവൾ വാസ്തവത്തിൽ ദുഃഖിതയാണു്. ഈ ചുമരുകൾക്കകത്തെ തടവിൽ ശക്തി നഷ്ടപ്പെട്ടുകയാണു് അവൾക്കു—

'രഘു ഇതു കണ്ടാൽ ചിരിച്ചേക്കാം. നരച്ച മുടിയും ചുളിഞ്ഞ മുഖവും ഇയാളേയേ കിട്ടിയുള്ളൂ എന്നു് ചോദിച്ചേക്കാം എനിക്കു് പതർച്ചയൊന്നുമുണ്ടാകില്ല; അപമാനബോധവും. കാരണം നാം മനുഷ്യർക്കു് ആഗ്രഹിക്കാനല്ലേ പറ്റൂ?'

അവൾ പുസ്തകങ്ങൾക്കിടയിൽനിന്നു് മൌണ്ടിൽ ഒട്ടിച്ചുവെച്ച ഒരു ഫോട്ടോ എടുത്തു് പൊടിതട്ടി. എന്നിട്ടു് അയാളുടെ മുന്നിൽ പിടിച്ചു അലസമായി അയാൾ കണ്ണുകൾ അതിൽ പതിപ്പിച്ചു. എന്തോ കണ്ടുഭയന്നപോലെ ആ നിമിഷം അയാൾ നടുങ്ങി. മുഖം വിവർണ്ണമായി. അയാൾ കണ്ണുകൾ പിൻതിരിച്ചു.

'എന്താണു് രഘു?'

അയാൾ ഒന്നും പറഞ്ഞില്ല.

ഒടുവിൽ പറഞ്ഞു:

'ഇതെന്റെ അച്ഛനാണു്.'

"അതേയുള്ളൂ?" അവളുടെ ശബ്ദം ഒരു പൊട്ടിച്ചിരിയിൽ കതിന്നുവീണു. പിന്നെ അവൾ സംസാരിച്ചുതുടങ്ങിയപ്പോൾ അവളുടെ വാക്കുകൾക്കു് കൂടുതൽ മൂർച്ചയുള്ളപോലെ തോന്നിച്ചു. അവളുടെ കണ്ണുകളിൽ എന്തോ കത്തിയാളുന്ന തിളക്കമുണ്ടായി. 'ഏതെങ്കിലും ഒരാളുടെ അച്ഛനായിരിക്കുമെന്നു് ഞാനും കരുതി അവൾ തുടർന്നു. 'ഇപ്പോൾ മനസ്സിലായില്ലേ രഘു, നാമൊക്കെ ചരടുകളിൽ കോർത്ത കളിപ്പാവകളെന്നു്.'

'എന്നെ പ്രണയിച്ചുതോൽപ്പിക്കൂ—' അതൊരു അഭ്യർത്ഥനയായിരുന്നു.

'കേൾക്കൂ, മറ്റൊരു തമാശകൂടി. നിങ്ങൾക്കു് ഒരു സഹോദരിയില്ലേ, രേണു. നിങ്ങളെക്കുറിച്ചു് അദ്ദേഹം ഇതുവരെ ഒന്നും പറഞ്ഞിട്ടില്ലെങ്കിലും അവളെക്കുറിച്ചു് എനിക്കെല്ലാമറിയാമായിരുന്നു, അദ്ദേഹത്തിൽനിന്നുതന്നെ—'

'പറയൂ, അവൾ എവിടെയാണു്?'

അയാളുടെ മനസ്സിൽ ഉണർന്നു. പതുക്കളിയുള്ള മൈതാനത്തിലേക്കും സ്കൂളിലേക്കും താൻകൂടെ നടത്തിച്ചുകൊണ്ടുപോയിരുന്ന രേണു. ഒരിയ്ക്കൽ തന്റെ നിഴലായിരുന്ന അനിയത്തി. കാലത്തിന്റെ ഒഴുക്കിൽ താൻ അന്യനായപ്പോൾ, അവൾ അന്യയായപ്പോൾ തങ്ങളുടെ ഇടയിൽ വന്നുവീണഅകലം. അതിനെതട്ടിയകറ്റിക്കൊണ്ടു് ഇപ്പോൾ ഒരു നിമിഷത്തിനകം

വളർന്ന സ്നേഹം. ഉൽക്കണ്ഠ ഉള്ളിൽ പൊതുകയായിരുന്നു. അയാൾക്ക് വീർപ്പുമുട്ടുകയായിരുന്നു.

'അവൾ വിവാഹിതയായി.'

'വിവാഹമോ? എന്നെ അറിയിക്കാതേ ടോ?'

'വിശ്വാസം വരുന്നില്ല, അല്ലേ? പാവം അവൾക്കും എന്നെപ്പോലെ ഒരു വൃദ്ധനേയേ ലഭിച്ചുള്ളൂ വരൻ ആരാണെന്നുകൂടി അറിയണ്ടേ; എന്റെ അച്ഛൻ. ഞങ്ങളുടേതു് ഒരു മാറക്കല്യാണമായിരുന്നു—'

തന്റെ മുഖത്തെ വ്രണിതഭാവം സമ്മാനിച്ച ദൈന്യതയിൽ സംതൃപ്തിയുടെ പതയണിഞ്ഞുകൊണ്ടു്, അവരുടെ വിവാഹഫോട്ടോ എടുക്കാനായി അവൾ അകത്തേക്കു ചെന്നപ്പോൾ അയാൾ ഡട്ടതിയിൽ എഴുനേറ്റു പുറത്തുകടന്നു. ശബ്ദമുണ്ടാക്കാതെ ചവിട്ടടികളിറങ്ങി വേഗം നടന്നു. പുറകിൽനിന്നു് അവളുടെ വിളിയുടെ പ്രഹരം ഏല്ക്കുന്നതേ എന്ന പ്രാർത്ഥനയോടെ കൊന്നക്കാട്ടകൾക്കിടയിലൂടെ വലിഞ്ഞുനടന്നപ്പോൾ, അകലെ ഉറമുഖത്തു് ചുവന്നചായത്തിൽ മുങ്ങിനിൽക്കുന്ന കെട്ടിടങ്ങൾ തിരിച്ചു വിളിക്കുകയായിരുന്നു. ആശ്വാസത്തിന്റെ നെടുവീർപ്പുകൾ തപ്പിപ്പെറുക്കാൻ മനസ്സു് അപ്പോൾ ശ്രമപ്പെട്ടു.

—*—

'A Success in marriage means life long happines. Pleasure – enthusiasm – enjoyment that last a life time. Adventure through knowledge. And a marriage illiterate is worse than an illiterate man. Both loose much in life. Enrich your happiness. Give pleasure to get it how?

Details: Director.
C. H. R. Agency
Chandiroor P. O. Kerala.

വി.ടി. നന്ദകുമാർ



സ്ത്രീ-അവളുടെഭാഗം

ആട, ആഭരണം, അലങ്കാരം എന്ന ലേഖനത്തിൽ അഞ്ചുതരം മുഖാകൃതികളെപ്പറ്റി എഴുതിയിരുന്നതു് ഓർക്കുമല്ലോ. (വൃത്തം, ചതുരം, സമകോണചതുർഭുജം. ഡൈമൺ, ഹൃദയാകൃതി) അവയിൽ ഏതുതരമാണു് നിങ്ങളുടേതെന്നു് തിട്ടപ്പെടുത്തേണ്ട വിധവും എഴുതിയിരുന്നു. അതുപോലെ തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ, ആ പ്രത്യേക ആകാരത്തിനു പറ്റിയവിധം മെയ്ക്കപ്പു് ചെയ്യുകയാണു് വേണ്ടതു്.

ചതുരത്തിലുള്ളതോ, സമകോണചതുർഭുജത്തിലുള്ളതോ ആയ മുഖത്തിനു് ഇരുണ്ട മെയ്ക്കപ്പുഫൌണ്ടേഷനാണു് ആവശ്യം. കാതുകൾ മുതൽ, താടിവരെ കോണോട്ടകോൺ ആ ഷെയ്ഡ് പ്രയോഗിക്കുക. അത്തരത്തിൽ ഒരു ഷെയ്ഡിങ്ങു്. ഹൃദയാകൃതിയിലുള്ള മുഖങ്ങൾക്കു് നെറ്റിയുടെ മൂലകളിൽ ആവശ്യമാണു്.

ഡൈമൺ ആകൃതിയിലുള്ള മുഖത്തിൽ നെറ്റിക്കു പ്രാധാന്യമുണ്ടാക്കാൻ മങ്ങിയ ഷെയ്ഡിങ്ങും, താടിയിൽ അല്പം ഇരുണ്ട ഷെയ്ഡിങ്ങും വേണം. സമകോണചതുർഭുജത്തിലുള്ള മുഖത്തിന്റെ മേൽഭാഗത്തും, കീഴ്ഭാഗത്തുമുള്ള മൂലകളിലും, താടിയെല്ലുഭാഗങ്ങളിലും, നെറ്റിയുടെ മുകൾത്തടത്തിലും, ഷെയ്ഡുകൾ ആവശ്യമാണു്.

ഇനി കാണുന്നവരിൽ മിഥ്യാസങ്കല്പമുണ്ടാക്കി, ചില മുഖപ്രത്യേകതകളുടെ ന്യൂനതകൾ ഇല്ലാതാക്കാനുള്ള മാർഗ്ഗങ്ങളിലേക്കു് തിരിയാം. നമുക്കിഷ്ടമില്ലാത്ത, നമ്മുടെതന്നെ ചില മുഖപ്രത്യേകതകളുണ്ടല്ലൊ. അവ ഇല്ലാതാക്കിയാൽ കൊള്ളാമെന്നും ആഗ്രഹിക്കാറുള്ളതല്ലേ? സല്പം വലിയൊരു മൂക്കു്, കുറുങ്ങിയ, വായ ഉത്തക്കവിളുകൾ അങ്ങിനെ പോകുന്നു അവ. മെയ്ക്കപ്പു് അത്തരം ന്യൂനതകൾ ഇല്ലാതാക്കില്ല. പക്ഷേ, കാണുന്നവരിൽ അങ്ങിനെ ഒരു ന്യൂനതയുണ്ടെന്നു് തോന്നിക്കാതിരിക്കാൻ മെയ്ക്കപ്പു് സഹായിക്കുന്നു.

കുറുങ്ങിയ പതിഞ്ഞ മൂക്കിനു് നിങ്ങളുടെ നിറത്തിനേക്കാൾ മങ്ങിയ ഒരു ഫൌണ്ടേഷൻ പുരികം മുതൽ നാസാദ്വാരങ്ങൾവരെ, മൂക്കിന്റെ ഇരുഭാഗങ്ങളിലും ഇടുക. വീതികുറഞ്ഞു് നീണ്ട മൂക്കിനു് വീതി തോന്നിക്കുവാൻ മൂക്കിന്റെ കീഴേസല്പം ഇരുണ്ട ഫൌണ്ടേഷൻ ഇടുക. അറ്റംവളഞ്ഞ മൂക്കിനു് മൂക്കിന്റെ അഗ്രത്തിലും, നാസാദ്വാരങ്ങളുടെ ഇരുഭാഗങ്ങളിൽ താഴേയും കുറച്ചു് ഇരുണ്ട ഫൌണ്ടേഷൻ ഉപയോഗിക്കുക. വലിയ മൂക്കു് ശ്രദ്ധിക്കപ്പെടാതാക്കാൻ മുഖത്തിന്റെ മറു ഭാഗങ്ങളിൽ പൂശുന്നതിനേക്കാൾ ഇരുണ്ട പൌഡർ മൂക്കിന്മേൽ പുരട്ടിയാൽ മതി. പക്ഷേ, വിഭിന്ന ഷെയ്ഡുകൾ സകലിച്ചു് ചേരത്തക്കവണ്ണം മെയ്ക്കപ്പു ചെയ്യണമെന്നു മാത്രം.

നേരിയ അധരങ്ങൾക്കു്—ശരിയായ അധരരേഖയ്ക്കു് പുറത്തായി ഒരു ഷെയ്ഡുകൊണ്ടു് വായയിടുക. തടിച്ച അധരങ്ങൾക്കു്, രേഖയുടെ അകത്തായി വരയിട്ടാൽ വീതികുറഞ്ഞതായി തോന്നും. മലന്നചുണ്ടിനു്, കീഴിലേയോ, മേലേയോ, ഒരു ഷെയ്ഡു് കൂടുതൽ ഇരുണ്ടതിടുക.

സാധാരണകണ്ണുകൾക്കു് — മുകളിലെ കൺപോളയുടെ മദ്ധ്യത്തിൽനിന്നും ഐലൈനർതുടങ്ങുക. വട്ടത്തെക്കന്ന കണ്ണുകൾക്കു് മൂക്കിനു് സമീപമുള്ള കൺകോണിൽനിന്നും ഐലൈനർ തുടങ്ങുക കുറുങ്ങിയ കണ്ണുകൾക്കു് — കൺപോളകളുടെ മീതേയും, താഴേയുംകൂടി ഐലൈനർ കൊണ്ടുപോണം; കൺകോണുകൾക്കു് പ്രാധാന്യം കൊടുക്കുകയും വേണം കുഴിഞ്ഞ കണ്ണുകൾ — കുഴിയുള്ള ഭാഗത്തു് മങ്ങിയ ഷെയ്ഡിന്റെ ഫൌണ്ടേഷനിടുക. മങ്ങിയ ഷാഡോഷെയ്ഡുകൾ കൺപീലികൾക്കരികിൽ പുരട്ടുകയും, ഐലൈനറും, മസ്കാരായും മുകളിലെപോളയിൽ മാത്രം ഇടുകയും ചെയ്യുക മുകളിലെ കൺപോളയിന്മേൽ രണ്ടു് ഷെയ്ഡുകൾ ഇരുണ്ട ഫൌണ്ടേഷൻ ഉപയോഗിച്ചാൽ ഉറിച്ച കണ്ണുകൾ സാധാരണനവയാണെന്നു തോന്നിക്കും. ഐലൈനർ ഉപയോഗിക്കേണ്ട. മുകളിലെ കൺപോളയിൽ മീതെ ഊതനിറത്തിലുള്ള ഐഷാഡോ ഉപയോഗിക്കുക.

കണ്ണുകളുടെ കീഴെയുള്ള തടിപ്പു് കുറച്ചു കാണിക്കാൻ കൂടുതൽ ഇരുണ്ട ഷെയ്ഡിലുള്ള പൌഡറിട്ടാൽ മതിയാകും. നേരെ മറിച്ചു് കണ്ണുകളുടെ താഴെ നിദ്രയില്ലായ്മകൊണ്ടു് കുത്തനിറം പ്രത്യക്ഷപ്പെട്ടാൽ, മങ്ങിയ ഫൌണ്ടേഷനും, പൌഡറും ഉപയോഗിച്ചു കണ്ണുകളുടെ ക്ഷീണിതഭാവം മറയ്ക്കാം. വട്ടക്കണ്ണുകൾ നീണ്ടവയായി തോന്നിക്കാൻ അറ്റത്തെ കൺകോണിൽനിന്നും ഒരു വര തുടങ്ങി അല്പം മങ്ങിമാഞ്ഞു് ഇല്ലാതാക്കുകയാണു വേണ്ടതു്.

വൃത്താകൃതിയിലുള്ള മുഖത്തിനു് യോജിപ്പു് നല്ലപോലെ വളഞ്ഞപുരികമാണു് ഹൃദയരൂപത്തിലുള്ള മുഖത്തിനു് നേരിയതും നീണ്ടതുമായ പുരികമാണു ഭംഗി. ചതുരാകൃതിയിലുള്ള മുഖത്തിനു് പുറത്തെ കൺകോണിൽനിന്നും കുറച്ചു തള്ളിത്തുടങ്ങി

ങ്ങുന്ന പുരികമാണ്" നന്നായിരിക്കുക. ഐബ്രോ പെൻസിൽ ഉപയോഗിച്ച്", രോമങ്ങൾ കുറഞ്ഞഭാഗത്ത്" ഷെയ്ഡിട്ട്" പൂർത്തിയാക്കുക.

റൂഷ്കൾക്ക മുഖത്ത്" മായാജാലങ്ങൾ കാണിക്കുവാൻ കഴിയും. പക്ഷേ, അവയെ വേണ്ടപോലെ ഉപയോഗിച്ചില്ലെങ്കിൽ ആഭാസമായിത്തീരുകയും ചെയ്യും. ചതുരാകൃതിയിലുള്ള മുഖം കൂടുതൽ വൃത്താകൃതിപൂണ്ടതായി തോന്നിക്കാൻ കവിളെല്ലുകളിൽ കൂടുതൽ കട്ടപ്പും കൊടുത്ത്" താഴോട്ടുതാഴോട്ട്" ഷെയ്ഡു കുറയ്ക്കുക. ഇരട്ടത്താടി മറയ്ക്കുവാൻ, താടിരേഖയിൽ ഒരു മങ്ങിയ നിഴലുണ്ടാക്കാൻ തക്കവിധം റൂഷ് ഉപയോഗിക്കണം. അമ്പിളിമുഖം, സ്വല്പം നീണ്ടതായി തോന്നിക്കുവാൻ കവിളെല്ലുകളിൽനിന്നും റൂഷ് പുരട്ടി പുറത്തേക്ക് കടക്കുംതോറും നിറം കഠുകൊണ്ടു വരിക. നീണ്ട മുഖം മനോഹരമാക്കാൻ കവിളെല്ലുകളിൽനിന്നും റൂഷ് പുരട്ടി മുകളിലേക്കും താഴേക്കും നിറംമങ്ങിയ താക്കിത്തീർക്കണം. ഓവലാകൃതിയിലുള്ള മുഖത്തിനു അപകടമില്ലാത്തതുകൊണ്ട് കവിളെല്ലുകളിൽനിന്നും പുരികങ്ങൾവരെ ഷെയ്ഡിടാം.

ലേഖനത്തിന്റെ ഈ അവസാനഭാഗത്തിനു ഷാഹനാസ് ഹൈസ്നോട്ട് കടപ്പാടുണ്ട്. ഇതിൽ പ്രതിപാദിച്ചതെല്ലാം മെയ്ക്കപ്പിന്റെ നാനാതരങ്ങളേയും, അതിർവരമ്പുകളേയും പറ്റി ഒരു ധാരണയുണ്ടാകാൻ മാത്രമാണ്. പരാശ്രയംകൂടാതെ അവനവന്റെ മുഖം സ്വയം നന്നാക്കാനുള്ള ആശയമുണ്ടാവാൻ ഇതു സഹായകമായേക്കും.

—o—

സുനിശ്ചിത വിജയത്തിനു്

ഹൈസ്കൂൾ മാസിക

സ്റ്റാൻഡാർഡ് VIII, IX, X എന്നീ ക്ലാസ്സുകളിലേക്ക് ഈ അദ്ധ്യയനവർഷം പഠിക്കാനുള്ള എല്ലാ വിഷയങ്ങളുടേയും എല്ലാ പാഠങ്ങളുടേയും പുതിയ മോഡലിലുള്ള ചോദ്യോത്തരങ്ങൾ പ്രമുഖരായ അദ്ധ്യാപകർ തയ്യാറാക്കിയതു് year plan അനുസരിച്ചു് ഓരോ മാസത്തേക്കും ഓരോ യൂണിറ്റുവീതം തിരിച്ചിരിക്കുന്നു. 10 യൂണിറ്റിനു ഇടവില 18 രൂപയാണു്. എന്നാൽ ഇപ്പോൾ പണമടയ്ക്കുന്നവർ മലയാളം മീഡിയം 9 രൂപയും ഇംഗ്ലീഷ് മീഡിയം 10 രൂപയും അടച്ചാൽ മതി. പോസ്റ്റേജും സൗജന്യമാണു്. ഇന്നുതന്നെ വില മണിയോർഡർ അയയ്ക്കുക.

'V' PUBLISHERS, KOTTAYAM
(Near C. M. S. College) P. B. No. 31. Phone 4470.

P. S: M. O. ഫോമിൽ ഏതു ക്ലാസ്സിലേക്ക് ഏതു മീഡിയത്തിലുള്ള മാസിക വേണമെന്നു് പ്രത്യേകം കാണിച്ചിരിക്കണം.

ഉറക്കം, ഉറക്കഗുളികകളില്ലാതെ

ബാർബറ യൻകർ, ഉറക്കഗുളികകളുടെ ഗുരുതരമായ അനന്തരഫലങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടു്, ഉറക്കം കിട്ടാനുള്ള ലളിതമായ മാർഗ്ഗങ്ങളെക്കുറിച്ചു് വിവരിക്കുന്നു. 'വേണ്ടത്ര വ്യായാമം ചെയ്യുക.' എന്നതാണാദ്യത്തെ നടപടി, പക്ഷേ, വ്യായാമം ഉറക്കത്തിനു തൊട്ടു മുമ്പായിരിക്കരുതെന്നു മാത്രം. സമയമാകുന്നതിനുമുമ്പുതന്നെ പോയി കിടക്കാതിരിക്കുക. കഴിയുന്നതും കൃത്യസമയത്തുതന്നെ കിടക്കുക. കിടക്കുന്നതിനു തൊട്ടു മുമ്പായി ഇളംചൂടുള്ള പാൽ 'കഴിക്കുന്നതു' ഉറക്കം വരാൻ സഹായിക്കുമെന്നു അവർ പറയുന്നു. കിടക്കുന്നതിനു മുമ്പായി ഇളംചൂടുവെള്ളത്തിൽ കുളിക്കാനും അവർ ഉപദേശിക്കുന്നു. എന്നാൽ അമിതമായ ചൂടോ തണുപ്പോ ഉള്ള വെള്ളം ഉറക്കത്തെ പ്രതികൂലമായി ബാധിച്ചേക്കും. ഉറങ്ങാൻ കിടന്നാൽ ഉറക്കം വരുന്നില്ലല്ലോ എന്നു ചിന്തിച്ചു നിങ്ങളെ അലട്ടാതിരിക്കാൻ ശ്രദ്ധിക്കുക. എന്തെങ്കിലും വായിക്കുക. ചെയ്യുവാനുള്ള കാര്യങ്ങൾ ക്രമപ്പെടുത്തിവെക്കുക. മറുപടി എഴുതാതിരിക്കുന്ന കത്തുകൾക്കു് മറുപടി എഴുതുക. നൂറായിരം പ്രശ്നങ്ങൾ മനസ്സിനെ അലട്ടുന്നുവെങ്കിൽ അവയിൽ ഒന്നിനെക്കുറിച്ചുമാത്രം ശാന്തമായി ചിന്തിക്കുക. അടുത്ത ദിവസത്തെ പരിപാടികളെ മനസ്സിൽ ക്രമപ്പെടുത്തുക. "ഒന്നും ചെയ്യാതിരിക്കുക. എന്തെങ്കിലും ചെയ്യുക" എന്നാണവർ പറയുന്നതു്.

നേത്രരോഗികൾ ശ്രദ്ധിക്കുക, പല്ലുരോഗികളും.

ജെ എൻ. ഡെഫില്ലി എന്ന സ്വിസ് ശാസ്ത്രകാരൻ നാല് നേത്രരോഗികളെക്കുറിച്ചു് വിവരിക്കുന്നു. കേട്ടുവന്ന പല്ലുകൾ നീക്കം ചെയ്തപ്പോൾ കുറേ മുഴുവനും നീക്കം ചെയ്യാതിരുന്നതായിരുന്ന അവരുടെ നേത്രരോഗത്തിനു കാരണം. അവ നീക്കം ചെയ്തപ്പോൾ നേത്രരോഗവും മാറി അതേ വിധംതന്നെ പല്ലുകൾക്ക വരുന്ന കേടുകൾ, UVEITS: ENDOPTALMITIS തുടങ്ങിയ ഗുരുതരമായ നേത്രരോഗങ്ങൾക്ക മേലിൽ കാരണമായേക്കും. കണ്ണും പല്ലും തമ്മിൽ ഞരമ്പുകൾ വഴിയും രക്തക്കുഴലുകൾ വഴിയും മേദോവാഹിനികൾ വഴിയും ഉള്ള അടുത്ത ബന്ധമാണിതിനു കാരണം. പുഴുക്കേറ്റു വീണതും കേട്ടുള്ളതുമായ പല്ലും തൊണ്ണുള്ളവർ ശ്രദ്ധിക്കേണ്ട വസ്തുതയാണിതു്.

ഹെക്സാക്ലോറോഫിൻ

"സിന്തോൾ" വിത്തു് ഹെക്സാക്ലോറോഫിൻ; "സിഗ്നൽ" വിത്തു് ഹെക്സാക്ലോറോഫിൻ — ഓർക്കുന്നില്ലേ? വെണ്ടയ്ക്കാക്ഷരത്തിലുള്ള പരസ്യം അടുത്ത കാലത്തിറങ്ങിയ പരസ്യങ്ങൾ കാണുന്നുണ്ടോ?— 'ഇതാ ഒരു സോപ്പ് ഹെക്സാക്ലോറോഫിൻ ഇല്ല—' ഇതെങ്ങനെ സംഭവിച്ചുവെന്നോ? ഒരിക്കൽ ഒരു അണുനാശക ഔഷധമെന്ന



ഡാ: ഹരിദാസു്

നിലയിൽ പ്രശസ്തിയാർജ്ജിച്ചഹെക്സാക്ലോറോഫിൻ അടങ്ങിയ വസ്തുക്കൾ പതിവായി ഉപയോഗിച്ച ശിശുക്കൾക്കു് അതു പില്ക്കാലത്തു് മസ്തിഷ്കവൈകല്യങ്ങൾക്കു് കാരണമാകും എന്നു് പരിശോധനകൾ തെളിയിച്ചു. 'താലിദോ' മൈഡിന്റെ അന്തർദ്ദേശീയമായ ഉപയോഗം ലക്ഷത്തിൽപരം അംഗവൈകല്യം സംഭവിച്ച കുഞ്ഞുങ്ങൾക്കു് ജന്മം നൽകിയില്ലെ? തക്ക സമയത്തു കണ്ടുപിടിക്കപ്പെട്ടതു മൂലം "HEXACHLOROPHENE" അത്ര ശ്രദ്ധയാകർഷിച്ചില്ലെന്നു മാത്രം.

അധികമായാൽ അമൃതും?

കുട്ടികളെ 'ആൻറിസെപ്ടിക്ക' ഔഷധങ്ങൾ ഉപയോഗിച്ചു് പലപ്പോഴും കുളിപ്പിക്കുന്നതു് കുഞ്ഞുങ്ങളുടെ തൊലിയുടെ

സ്വാഭാവികപ്രതിരോധശക്തി ഇല്ലാതാക്കുമെന്നു കണ്ടിരിക്കുന്നു. തൊലിയിൽ വസിക്കുന്ന ഗുണകാരികളായ ബാക്ടീരിയകളെ ഈ ഔഷധസ്നോപ്പുകൾ നശിപ്പിക്കുന്നതാണിതിനു കാരണം. അതിനാൽ കഞ്ഞുങ്ങളെ ദിവസത്തിൽ ഒരിക്കൽ മാത്രം സോപ്പ് ഉപയോഗിച്ച് കുളിപ്പിക്ക. മറ്റു സമയങ്ങളിൽ ഇളംചൂടുവെള്ളം മാത്രം മതിയാകും.

—

ലോഹരഹസ്യം

ശാസ്ത്രത്തിന്റെ ചരിത്രത്തിലെ ഏറ്റവും അത്ഭുതാവഹമായ കണ്ടുപിടിത്തങ്ങളിലൊന്നിൽ ഏതാനും സോവിയറ്റു ശാസ്ത്രജ്ഞന്മാർ വിജയം വരിച്ചിരിക്കുന്നു. ലോഹരഹസ്യം ഇതുവരെ വെറും കെട്ടുകഥ മാത്രമായിരുന്നതു് അനവധി കൊല്ലത്തെ അശ്രാന്തപരിശ്രമഫലമായി അവർ സാധിച്ചെടുത്തിരിക്കുന്നു. പക്ഷേ, ഈ ശാസ്ത്രജ്ഞന്മാരുടെ പേരോ അവർ ഗവേഷണം നടത്തുന്ന സ്ഥാപനത്തെപ്പറ്റിയുള്ള വിവരങ്ങളോ ഇനിയും വെളിവാക്കപ്പെട്ടിട്ടില്ല. അതേസമയം, രാജ്യരക്ഷയുമായി ബന്ധപ്പെട്ട ഏതോ ഒരു ഗവേഷണസ്ഥാപനത്തിലെ ശാസ്ത്രജ്ഞന്മാരാണു് പ്രസ്തുത ഗവേഷണത്തിനു നേതൃത്വം നൽകിയിരിക്കുന്നതു് എന്ന ഒരു ഊഹവും പടർന്നുപിടിച്ചിട്ടുണ്ടു്.

വാതകരൂപിയായ ഒരു മൂലകത്തിനു കൂടുതൽ വ്യത്യസ്ത അവസ്ഥയിലുള്ള ഒരു ലോഹമാക്കിയെടുത്തിരിക്കുന്നു എന്നതിലുപരി എന്തെങ്കിലും പ്രാധാന്യം ഈ കണ്ടുപിടിത്തത്തിനുണ്ടോ? ഉണ്ടെന്നാണു് വിവരമുള്ള കേന്ദ്രങ്ങൾ പറയുന്നതു്.

പി. പി കെ.

മുപ്പതുവയസ്സുകഴിഞ്ഞാൽ
വീണ്ടും വരാത്ത രാത്രി

താങ്കളുടെ വയസ്സു് മുപ്പതിനും നാല്പതിനും ഇടയ്ക്കാണോ? എങ്കിൽ അത്യന്തം ജാഗ്രതയോടെ വേണം ഇനിയുള്ള വർഷങ്ങൾ കഴിച്ചുകൂട്ടുവാൻ. മുപ്പതുകഴിഞ്ഞാൽ വാർദ്ധക്യം എന്നിടത്തോളം ഇതും ജീവിതത്തിലെ അപകടം നിറഞ്ഞ ഒരു 'തിരിവു്' ആകാവുന്നതാണു് കാലിഫോർണിയാ യൂണിവേഴ്സിറ്റി (അമേരിക്കയിലെ ഒരു ഗവേഷകനായ ഡോ: കൈനിന്റെ അഭിപ്രായത്തിൽ ഈ പ്രായത്തിലാണുപോൽ വിവാഹബന്ധം തകരാറിലാവുന്നതും കരിയറെക്കുറിച്ചുള്ള മോഹനപ്രതീക്ഷകൾക്കു സാരമായ കോട്ടംതട്ടുന്നതും. ഈ പ്രായത്തിലെത്തുന്നതോടെ ജീവിതത്തിലെ 'കയറ്റം' നിലയ്ക്കുകയും യുവത്വത്തിന്റെ ആരംഭത്തിൽ കരളിനകത്തു് ഒരുക്കിവെച്ച എണ്ണമറ്റ വർണ്ണസമ്പന്നങ്ങളൊക്കെ വെറും പൊള്ളയായിരുന്നുവെന്നു് തോന്നിത്തുടങ്ങുകയും ചെയ്യുന്ന പലപ്പോഴും ചിന്തിച്ചുപോകുമത്രേ: "എന്തൊരു വിരസമാണു് ഈ ജീവിതം!"

മെല്ലെച്ചെല്ലും, ജീവിതത്തിന്റെ അർത്ഥമില്ലായ്മ കരളാസകലം പടർന്നുപിടിക്കുകയും നൂതനമായ പരിവർത്തനം നിയന്ത്രിക്കാൻ സാധിക്കാതെ വരികയും ചെയ്യുമ്പോഴാണു് ചിലപ്പോൾ ചില ദുർബലഹൃദയർ ആത്മഹത്യയ്ക്കുപോലും മുതിർന്നുകളയുന്നതു്.

പകലിനുശേഷം രാത്രി, രാത്രിയ്ക്കുശേഷം പകൽ; പകലും രാവും അങ്ങിനെ മാറിമാറിവരുന്നതുപോട്ടെന്നല്ലോ നാം നാളിതുവരെ കണ്ടുപോന്നിട്ടുള്ളതു്. എന്നാൽ രാത്രിയെ വേണമെങ്കിൽ നിശ്ശേഷം അവസാനിപ്പിക്കാൻ കഴിയുമെന്നു് പറയുന്ന ശാസ്ത്രം അറിയുന്നവർ സൂര്യന്റെ പ്രകാശകിരണങ്ങൾ കൃത്രിമമായിക്കൂടി ഭൂമിയിൽ വന്നുപതിക്കുന്നതിനുള്ള ഏർപ്പാടുകൾ ഇപ്പോൾ സാദ്ധ്യമാണത്രെ!

ഇതിനായി അകാശത്തിൽ സൂര്യന്റെ നിഴലിന്നപ്പുറത്തു് ഏകദേശം 38000 കിലോമീറ്റർ അകലെ അരഞാഴികവ്യാസത്തിൽ ഒരു 'കണ്ണാടിവ്യൂഹം' നിർമ്മിക്കേണ്ടിയിരിക്കുന്നു പ്രസ്തുത കണ്ണാടിവ്യൂഹത്തിന്റെ സഹായത്തോടെ ഏതൊരു നഗരത്തിലും രാത്രിയുടെ നീളം കുറയ്ക്കുകയോ, അല്ലെങ്കിൽ രാത്രിയെത്തന്നെ അവസാനിപ്പിക്കുകയോ ചെയ്യാവുന്നതാണത്രെ.

യു എസ്സ്. എയിലെ ഫ്ലോറിഡാകാശസഞ്ചാരിയായ റോബർട്ട് ക്രിപെയ്നാണു് ഈയിടെ ഈ വിവരം വെളിപ്പെടുത്തിയതു്.

—വേണു മരുതായി

—o—

തീഫ്സ് ജേർണ്ണൽ ഓർമ്മവരുന്നു. സ്ട്രാറിലിറാനോയുടെ ശരീരത്തിലെ ഏറ്റവും മികച്ച ആ അവയവത്തെപ്പറ്റി ഉൾപ്പുളകത്തോടെയും ആവേശത്തോടെയും വിവരിക്കുന്ന ഷെനെയുടെ ആത്മാർത്ഥത ഇവിടെ ഒന്നെഫർലോംഗ് അകലെ ടാക്സി തയ്യാറാക്കി നിത്തിയശേഷം സ്ട്രീക്കിങ്ങ് നടത്തുന്ന ശ്രീമാൻമാർ. സ്പ്രാറ്റ് എന്ന ഒരുത്തൻ പറയുന്നതുപോലെ Castration complex വളരെ ക്ലേശകരമായിട്ടുള്ളതാണു് ഇവിടുത്തെ ചെറുപ്പക്കാർക്കു്.

ഉടുതുണിയില്ലാതെ നടക്കുന്ന ഒരു സംസ്കാരം നിലവിലുണ്ടെങ്കിൽ, അതു് അവിടത്തെ സാംസ്കാരികമായ പിൻനിലയെ, അനാഥതയെ ആണു കാണിക്കുന്നതു്. അതുമായി യാതൊരു ബന്ധവുമില്ലാത്ത നാം കേവലമായ ബഹുജനശ്രദ്ധയാകർഷിക്കലിനുവേണ്ടി അനുകരണത്തിനുവേണ്ടി, നമ്മുടെ വിശിഷ്ടമായ പൈതൃകത്തെ ബലികഴിച്ചുകൂടാത്തതാകുന്നു.

നമുക്കു മഹത്തായ ഒരു സംസ്ക്കാരത്തിന്റെ വിശിഷ്ടമായ പാരമ്പര്യമാണുള്ളതു് നൂറ്റാണ്ടുകളിലെ അശ്രാന്ത പരിശ്രമംകൊണ്ടു്, നിരന്തരമായ തപശ്ചര്യയിലൂടെ നമ്മുടെ ഋഷിമാർ സ്വായത്തമാക്കിയ ഈ ആർഷസംസ്കാരത്തിന്റെ മഹിമയാണു് ഭാരതത്തിനു് ലോകബഹുമാനം നേടിത്തന്നിട്ടുള്ളതു്. അത്യുദാത്തവും പരമനിർമ്മലവുമായ ഈ പൈതൃകത്തെ കേവലവിനോദത്തിനുവേണ്ടി നാം ധിക്കരിക്കരുതു്. മഹത്തായ ഒരു സംസ്കാരം കെട്ടിപ്പടുക്കുവാൻ ക്ഷിപ്രസാദ്ധ്യമല്ല. എന്നാൽ അതിനെ അലങ്കോലപ്പെടുത്തുവാൻ നിമിഷനേരത്തിനു കഴിയും ... ...

നഗ്നമായ ഒരവസ്ഥയെക്കുറിച്ചു ചിന്തിച്ചുനോക്കുക. 'എത്ര ബീഭത്സമായിരിക്കും അതു്! സ്ത്രീകളും പുരുഷന്മാരും നഗ്നരായി തെരുവിലൂടെ സഞ്ചരിക്കുന്ന ഒരവസ്ഥ ആലോചിക്കുവാൻതന്നു ഭയാനകമായിരിക്കുന്നു. എന്തെല്ലാമായിരിക്കും അവിടെ സംഭവിക്കുക! നാമിന്നോവരെവിലപ്പെട്ടതെന്നു കരുതിയ മൂല്യങ്ങളെല്ലാം അവിടെ കീഴ്മേൽ മറിയും. പുതുമയെ പുൽകാൻവേണ്ടി, എസ്സ്റാബ്ലിഷ്മെൻറിനെ തകർക്കാൻ വേണ്ടി ചെയ്യുന്നതു്, ഉള്ളതിനെ ഇല്ലാതാക്കുന്നതോ പോകട്ടെ, പുതുതായൊന്നും സൃഷ്ടിക്കാനിരിക്കെകൂടി ചെയ്യുമ്പോഴോ?

—തോന്ന്യാൽ ഷംസുദ്ദീൻ

യുവാക്കളെ വെറുതേ വിടുക

എസ്റ്റാബ്ലിഷ്മെൻറിനെ തകർക്കാൻതക്ക കരുത്താർജ്ജിച്ചിട്ടില്ലാത്ത യുവാക്കളെ വെറുതേ വിടുക.

ചെറുപ്പക്കാർക്കു് കാസ്ട്രേഷൻകോംപ്ലക്സ് കൂടുതലോ?

ഊച്ചാളി പാക്കരൻ കള്ളഷാപ്പിന്റെ പിന്നിലൂടെ നീങ്ങുന്ന ഞങ്ങളുടെ കരുപ്പമാണിയുടെ തലയിൽ മുണ്ടിട്ട് നിഷ്ക്കളങ്കനോട്ടം പറയുന്നതിങ്ങനെയാണു്. അതുതന്നെയോ?

—പി. പി. ശിവകുമാർ

കാലഘട്ടത്തിന്റെ ശാപം

പാശ്ചാത്യരാജ്യങ്ങളിൽ സാർവ്വത്രികമായി കണ്ടുവരുന്ന "ഉടുതുണിയഴിക്കൽ സംസ്കാര"ത്തിന്റെ അനുകരണമെന്നോണം നമ്മുടെ നാട്ടിലും ഏതാനും 'റെബലു'കളായ യുവാക്കൾ 'സ്ട്രീക്കിംഗ്' സംരംഭവുമായി മുമ്പോട്ടുവന്നിരിക്കുന്നു അതും ഉത്തരവാദിതാബോധമുള്ളവരായി വളരേണ്ട, രാജ്യത്തിന്റെ ഭാവിഭാഗധേയം കരുപ്പിടിപ്പിക്കേണ്ട, നാളെയുടെ വാഗ്ദാനങ്ങളായ എണാകുളം ലാക്കോളേജ് വിദ്യാർത്ഥികൾ! സാംസ്കാരികമായ അധഃപതനത്തിന്റെ പരകോടിയെയാണു് ഈ സംഭവം വിളംബരം ചെയ്യുന്നതു്. നിയമത്തിന്റെ ചട്ടക്കൂടിൽ, സുഗമജീവിതം ഭദ്രമാക്കാൻ ബാദ്ധ്യസ്ഥരായ നിയമവിദ്യാർത്ഥികൾതന്നെ ഇത്ര ഹീനമായ വിധത്തിൽ പ്രവർത്തിച്ചതു് കഷ്ടമായിപ്പോയി. പാശ്ചാത്യരാജ്യങ്ങളിൽ ഉ

വജനം പ്രതിഷേധം പ്രകടിപ്പിക്കുന്നതു ഉണിയുരിയൽ തുടങ്ങിയ പ്രസ്ഥാനങ്ങളിലൂടെയാണു്. അവർ അല്പം ലൈംഗികസ്വാതന്ത്ര്യത്തിനുവേണ്ടി ആഗ്രഹിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. മധുരാശ്രീലത്തിന്റെ ഇത്തിരി മാദകാസ്വാസ്ഥ്യം കൊതിച്ചുപോകുന്ന യുവജനങ്ങളെ കോലുമായി തല്ലാനിറങ്ങുന്ന പഴമക്കാരോടു്—സാംസ്കാരിക മാലാഖമാരോടു—ചോദിച്ചുകൊള്ളട്ടെ, സ്വന്തം ഭാര്യാവ്രതത്തിൽ മാത്രം അടങ്ങിനില്ക്കുന്നുണ്ടോ നിങ്ങളുടെ വൈകാരികജീവിതം? നിങ്ങളുടെ യൗവനകാലം സംഭ്രമജനകമായിരുന്ന എന്നവസ്തുത കിടക്കട്ടെ ഒരു ക്രിസ്തുവിനെപോലും കല്ലെറിയാൻ കഴിയാതെപോയ ഈ മഗ്ദലികവികാരത്തെക്കുറിച്ചു് ഇത്രമാത്രം ഒച്ചപ്പാടുണ്ടാക്കാൻ ഇവിടെ ആർക്കുണ്ടു യോഗ്യത?

പഴയ മൂല്യങ്ങൾ തകർന്നുവീഴുമ്പോൾ ആ സ്ഥാനത്തു പുതിയ മൂല്യങ്ങൾ വന്നുകൊള്ളും. കാലത്തിന്റെ താളം അതിനനുസരിച്ചു ചിട്ടപ്പെടുത്തികൊള്ളുകയും ചെയ്യും. ആകാശം ഇടിഞ്ഞുവീഴാൻ പോകുന്നില്ല. യുവാക്കളെ വെറുതെ വിട്ടേക്കുക. അവർ നല്ലവരായിക്കൊള്ളും.

പി. സി. സാമുവൽ

നമ്മെ വിഡ്ഢികളാക്കിയതോ?

ഇന്നത്തെ ശരി നാളത്തെ തെറ്റായി തീരാറുണ്ടല്ലോ. ഈ നഗ്നതാപ്രസ്ഥാനക്കാരും ഒരിക്കലിതേ ആശയത്തിനു് അടിമകളാവാതിരിക്കില്ല. വിക്ടർഹ്യൂഗോ പറയുന്നു—

"Life is like an onion you peal it one layer at a time and some times you weep."

ഇതു് തികച്ചും സത്യമാണു്. ഇന്നു് ഒരു പാളിഎടുത്തപ്പോൾകരഞ്ഞില്ലാ. ഇനിയും മറെറാരെണ്ണമെടുക്കുമ്പോൾ കരയുകതന്നെ ചെയ്യേക്കും. ഗർഭപാത്രം മുതൽ സിമിത്തേരിവരെയുള്ള പതിവൃത്തത്തിൽ കീറങ്ങാൻ തയ്യാറില്ലെന്നു് കാണിച്ചതായിരിക്കുമോ ഇക്കൂട്ടർ. അതോ... ഇവയെല്ലാം, ഇത്തരത്തിലെല്ലാം നമ്മെക്കൊണ്ടു് തെറ്റിദ്ധരിപ്പിച്ചു് നമ്മെ വിഡ്ഢികളാക്കിയതോ?

— ലതി. ടി. കെ.

പ്രശ്നാധിപത്യം

സ്ട്രിക്കിംഗിനെക്കുറിച്ചു് എന്തിനാണിത്ര ബഹളം കൂട്ടുന്നതെന്നു് മനസ്സിലാവുന്നില്ല. നഗ്നത നമുക്കൊരു പുതുമയൊന്നുമല്ല. സന്യാസിമാരുടെ നാടാണു് ഭാരതം എന്നു് പ്രസിദ്ധമാണല്ലോ. നഗ്നസന്യാസിമാർ ധാരാളം ഇവിടെ ഉണ്ടായിട്ടുണ്ടു്. ഇപ്പോഴും ഉണ്ടു്. നമ്മുടെ വിദ്യാർത്ഥികൾ വളരെ ചുരുങ്ങിയ തോതിലൊരു മിന്നലോട്ടം നടത്തുകമാത്രമേ ചെയ്യുള്ളൂ. അതിനിത്ര ബഹളം കൂട്ടിയാൽ?

നല്ലതൊന്നും അവകാശപ്പെടാനില്ലാത്ത, പ്രശ്നങ്ങൾ മാത്രമുള്ള ഒരു സമൂഹം. സ്ട്രിക്കിങ്ങു് കൂടി ഒരു 'പ്രശ്ന'മാക്കിയാൽ ഇവിടെ പ്രശ്നാധിപത്യമാണുണ്ടാവുക.

— രാധാകൃഷ്ണൻ എം. പി.

സമൂഹത്തിനുതന്നെ

താല്ക്കാലികമായ ഒരു അലസത യുവജനങ്ങളെ മൊത്തത്തിൽ സ്വാധീനിച്ചിട്ടുണ്ടു്. അനുകരണഭ്രമം ഭാരതീയയുവാക്കളുടെ മാത്രം സ്വഭാവവിശേഷമായി ഞാൻ കാണുന്നില്ല. ഹിപ്പിയിസത്തിനും, നഗ്നതാപ്രസ്ഥാനത്തിനും മറ്റും ഹരിശ്രീ കുറിച്ച പാശ്ചാത്യയുവജനങ്ങളിൽ അനേകായിരങ്ങൾ തികച്ചും ഭാരതീയമായ "ഹരേകൃഷ്ണ" പ്രസ്ഥാനത്തിൽ മുക്തി കണ്ടെത്തിയതായി കാണാം. ക്ഷേമരാഷ്ട്രശില്പികളാവേണ്ട ഭാരതീയയുവാക്കൾ ചരസും, കഞ്ചാവും, എൽ. എസ്സ്. ഡി. യും കഴിച്ചു് മന്ദബുദ്ധികളായി, പരസ്യമായി വസ്ത്രം ഉരിഞ്ഞു നടക്കേണ്ടിവന്നതിന്റെ ഉത്തരവാദിത്വം ഒരു പരിധിവരെ ഇന്നത്തെ സാമ്പ്രദായികുറുപ്പാടിനാണു്.

—പോൾ ഡേവിഡ്, ഇഡിക്കി.

'അവ്യക്തമല്ല.

സിനിമയിലൂടേയും, നാടകം കാർണിവൽ നൈറ്റ്ക്ലബ്ബു് എന്നിവയിലൂടേയും നഗ്നത പ്രദർശിപ്പിച്ചു് പണമുണ്ടാക്കുന്നവരും അതിനെ (അവരെ) അനുകൂലിക്കുന്നവരുമാണു് സ്ട്രിക്കിംഗിനെ സദാചാരധ്വംസനമെന്നു പറയുന്നതു്.

കാരണം അവ്യക്തമല്ലല്ലോ?

മിസ്സ്. ലൈല എം. കെ,

—o—

രണ്ടു്

സംബന്ധത്തിന്റെ പ്രാരംഭമായി ഇന്ദുലേഖയുടെയായി ഒന്നാം റൗണ്ടു സംസാരം കഴിഞ്ഞിട്ടു്, ആ കാമമൂർത്തിയുടെ കണ്ണുകൾ ഇന്ദുലേഖയുടെ അമ്മയിലേക്കു തിരിയുന്നു. ലക്ഷ്മിക്കുട്ടി പരപുരുഷന്റെ ഭാര്യയാണെന്നറിഞ്ഞിട്ടും അവരുടെ സ്വകാര്യകിടക്കറയിലേക്കു സംബന്ധക്കാരൻ കൂട്ടിക്കൊണ്ടു പോകാത്തതെന്താണെന്നാണു് സൂരിയുടെ അന്വേഷണം 'കുറത്തേടം ആകപ്പാടെ അശേഷം ലൗകികമില്ലാത്തോളാണു്. നമുക്കു കുറത്തേടത്തിന്റെ അറയിൽ പോയിരിക്കാമല്ലോ.' എന്നു പറയുന്നു. മകളെ പരിണയിക്കാൻ വന്ന സൂരിക്കു് മകളുടെ മാതാവിന്റെ കിടപ്പറ പൂകണം. അതിനു് അവളുടെ സംബന്ധക്കാരൻ വിളിച്ചുകൊണ്ടു പോകണം. സ്ത്രീകൾ മേൽമുണ്ടു മാററി മുലകാട്ടി മാന്യന്മാരെ ബഹുമാനിക്കണം എന്നനുശാസിച്ച ധാർമ്മികനീതിയുടെ കാലത്തു് ഇതും ഇതിനപ്പുറവും സംഭവിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ! കേശവൻനമ്പൂതിരിക്കു് 'ഈ അസത്തു തന്റെ സംബന്ധക്കാരിയെ തട്ടിപ്പറിക്കുമോ എന്നാശങ്ക' യാണുണ്ടായതു്. ലക്ഷ്മിക്കുട്ടിക്കു് ആ കുബേരനമ്പൂതിരിയുടെ തോന്ന്യാസത്തെ പല്ലുകടിച്ചമർത്തിക്കൊണ്ടു സഹിക്കേണ്ടിവന്നു. ചാഞ്ഞും ചരിഞ്ഞും തിരിഞ്ഞും കമ്പോളത്തിലെ പശുവിനെ നോക്കുന്നതുപോലെ സൂരിനമ്പൂതിരി ലക്ഷ്മിക്കുട്ടിയെ നോക്കി അവളുടെ മുമ്പിൽ കാട്ടിക്കൂട്ടിയ കാമചാപല്യങ്ങൾ അന്നത്തെ നമ്പൂരിത്തത്തിനല്ലാതെ കാണിക്കാനോ, അന്നത്തെ മലയാളിക്കല്ലാതെ സഹിച്ചിരിക്കാനോ കഴിയില്ല.

ഇതിനിടയിൽ ഇന്ദുലേഖയുടെ ദാസി അമ്മുവിനെ കണ്ടപ്പോഴുള്ള സൂരിയുടെ സംഭാഷണം ശ്രദ്ധിക്കുക.

സൂരി— നിനക്കു സംബന്ധം ആരെങ്കിലുമുണ്ടോ?

അമ്മു— ഇല്ല.

സൂരി— ഇന്ദുലേഖയെ ഞാൻ കൂട്ടിക്കൊണ്ടു പോകുമ്പോൾ നീ കൂടെത്തന്നെ വരണം.

അമ്മു— വരാം.

മധുവുള്ളിടത്തെല്ലാം ഭ്രമരങ്ങളെപ്പോലെ ഈ നമ്പൂതിരിമാർ വലിഞ്ഞുകയറി. അതിനനുസരിച്ചു് നമ്പൂരിമാഹാത്മ്യഗാഥകളായ 'കേരളമാഹാത്മ്യ'വും 'കേരളപ്പഴമ'യും എഴുതി മലയാളികളെക്കൊണ്ടു അംഗീകരിപ്പിക്കുകയും ചെയ്തു.

നമ്പൂതിരി ചെറുശ്ശേരിയോടു പറയുന്നു:

"എനിക്കു് ഇന്ദുലേഖയെക്കാൾ ബോധിച്ചതു് അവളുടെ അമ്മയെയാണു്."

ചെറുശ്ശേരി— ഇവിടെ വന്നതു് ഇന്ദുലേഖയെ ഭ്രമിച്ചല്ലേ?

സൂരി— വന്നതിന്റെ ശേഷം ലക്ഷ്മിക്കുട്ടിയിലും ഭ്രമം.

ചെറു — എന്നാൽ അമ്മയേയും മകളേയും ഒന്നായി ബാന്ധവിക്കാമോ?

സൂരി— ബാന്ധവം ഇന്ദുലേഖയെത്തന്നെ.

ഇക്കാര്യം സപ്തതിയിലെത്തിയ പഞ്ചു മേനവനോടും സൂരി പറയുന്നു. ആ മാനസികനിലയുടെ ഓടഗന്ധം നമുക്കു ഹിക്കാവുന്നതേയുള്ളൂ.

മലയാളനോവലും സൈനസങ്കൽപങ്ങളും

— തുമ്പമൺ തോമസ്

ഈ സമയമൊക്കെ സംബന്ധക്കാരനായ കേശവൻനമ്പൂതിരി ഉല്ലാസയുടെ നിമിഷങ്ങൾ തള്ളിനീക്കുകയായിരുന്നു. 'ശ്രുതിസ്മൃതികളെ ഭാര്യയാക്കിയാൽ ഇങ്ങനെ ഓരോ ആപത്തുകൾ വന്നേക്കാം' എന്നാണു കരുതുന്നതു്. ധനവാനായ നമ്പൂതിരി ആശിച്ചാൽ പഞ്ചുമേനോൻ തന്റെ ഭാര്യയായ ലക്ഷ്മിക്കുട്ടിയെ അയാൾക്കു കൊടുത്തെന്നു വരാം. തനിക്കു മറുത്തൊന്നും പറയാൻ കഴിയില്ല. ഇത്തരത്തിൽ ധർമ്മസങ്കടത്തോടുനില്ക്കുന്ന കേശവൻനമ്പൂതിരിയുടെ ചിത്രവും പഞ്ചുമേനോൻ വരച്ചു ചേർത്തിരിക്കുന്നു.

ബ്രാഹ്മണർ ഉണ്ടാക്കിയ നിയമങ്ങളും അവരുടെ സാമ്പത്തികതത്പരശാസ്ത്രവുമായിരുന്ന സാന്ദർഭികമൂല്യങ്ങളോടൊപ്പം ലൈംഗികബന്ധങ്ങളെയും നിയന്ത്രിച്ചിരുന്നതു്. ബ്രാഹ്മണനിയമങ്ങൾക്കു നായർ വഴങ്ങേണ്ടിയിരുന്നു. ഒരു കുബേര നമ്പൂതിരി വരുമ്പോൾ അത്രകണ്ടു പണമില്ലാത്ത മറ്റൊരു നമ്പൂതിരിപോലും തന്റെ സഹകാര്യകിടക്കറയിൽനിന്നും ഒഴിഞ്ഞുമാറേണ്ടിയിരുന്നുവെന്നാണു് കേശവൻനമ്പൂതിരിയുടെ ചിത്രത്തിൽനിന്നും നാം മനസ്സിലാക്കേണ്ടുന്നതു്.

നായർതറവാട്ടിലെ കാരണവർ പണത്തിന്റെ കൊഴപ്പുനോക്കി പെണ്ണിനെ മാറിമാറി സംബന്ധക്കാർക്കു വിട്ടുന്നു. അതിൽ പെണ്ണിനു് മറുത്തൊന്നും പറയാനാവതില്ലായിരുന്നു. കേശവൻനമ്പൂതിരിക്കുള്ള സംശയം അക്കാര്യത്തിലാണു്. ഭാര്യാഭർത്തൃബന്ധം പൂർണ്ണാർത്ഥത്തിൽ നമ്പൂതിരി—നായർ ബന്ധത്തിൽ കണ്ടെത്താനാവില്ല. പണത്തിന്റെയും ആഭിജാത്യത്തിന്റെയും കുടുംബസ്ഥിതിയുടെയും വെളിച്ചത്തിൽ അതു ചെയ്തിരുന്നു. കുഞ്ഞിക്കുട്ടിയമ്മ അതു പറയുന്നുണ്ടു്. 'പണമാണു മകളെ കാര്യം' എന്നു്. അവക്കു് സുന്ദരന്മാരായ പലരും സംബന്ധത്തിനു വന്നു. അതൊക്കെ ഉപേക്ഷിച്ചു. പെണ്ണു നന്നായാൽ കുടുംബം നന്നാക്കണം. പണം ഉണ്ടാക്കണം. അതാണു സംബന്ധത്തിന്റെ തത്പരാശയം.

ഈ ധാർമ്മികച്യുതിയെപ്പറ്റിയുള്ള പരാമർശം ശാരദയിലും കാണാം. ഒരു സുമുഖൻനമ്പൂതിരിയുടെ ചിത്രം ചന്തുമേനോൻ വരച്ചുചേർക്കുന്നു. 'ഇദ്ദേഹം വലിയ ഒരു സ്ത്രീഭ്രാന്തനും ഉത്സാഹപുരുഷനുമാണു്.....കല്യാണിയമ്മയുടെ മകളായിട്ടു് ഒരു പെൺകുട്ടി എത്തീട്ടുണ്ടെന്നു കണ്ടൻമേനോൻ പറഞ്ഞ ഉടനെ കുട്ടിയെ കാണേണമെന്നു് നമ്പൂതിരി മനസ്സുകൊണ്ടു് ഉറച്ചുകഴിഞ്ഞു. കണ്ടൻമേനോൻ ശാരദയുടെ അച്ഛനെക്കണ്ടു് പലകാര്യങ്ങൾ സംസാരിക്കാനായി പോകണമെന്നു പറഞ്ഞ തരുമുല്ലാടിനോടു് ആ സുമുഖൻനമ്പൂതിരി പറയുന്നു, 'ഞാൻ കൂടെ പോകാം,' എന്നു്. അയാൾ രണ്ടുദിവസം മുമ്പു അവിടേക്കു പോകുന്നതു ശാരദാദർശനത്തിനു മാത്രമാണു്. ക്ഷേത്രാചാരങ്ങളും സംബന്ധവും കൊണ്ടു കാലം കഴിച്ചു നമ്പൂതിരിമാരുടെ മനസ്സിന്റെ പാളിച്ചകളാണു് ചന്തുമേനോൻ വിടത്തിക്കാണിക്കുന്നതു്.

സുമുഖൻ ശാരദാഗൃഹത്തിലെത്തി. നേരിട്ടു കുട്ടിയുടെ അച്ഛനോടു പെൺകുട്ടിയെക്കുറിച്ചു തിരക്കുന്നു. 'ഈ കുട്ടിയെ കാണ്മാൻ ഈ ആഗ്രഹം ഉണ്ടാവാൻ കാരണം' എന്താണെന്നു ചോദിച്ചപ്പോൾ "ആഗ്രഹം. ആഗ്രഹം. ആഗ്രഹംതന്നെ" എന്നു നമ്പൂതിരി പറയുന്നു. തിരുമുല്പാടു് രാമൻമേനോനെ കാണാൻവരുന്നുണ്ടെന്നും വളരെ ഗൗരവമുള്ള കാര്യത്തിനാണെന്നും ഒന്നും 'കാമപുരാണക്കാരനായ ഈ സുമുഖൻ അറിയുന്നതേയില്ല. നമ്പൂതിരിയുടെ ദൃഷ്ടിയിൽ ശാരദ എന്ന 'മധുരമാംസം' പുത്തനായി കമ്പോളത്തിലെത്തിയിരിക്കുന്നു. അന്നത്തെ രീതിയനുസരിച്ചു് ആ മാംസഭോജനത്തിനു് മറ്റാരേക്കാളും മുൻഗണന നമ്പൂതിരിക്കുമായിരുന്നു. അതൊരു വിലക്കപ്പെട്ട കാര്യമാണെന്നു് അന്നത്തെ ആർഷകേരളയുക്തി വച്ചുകൊണ്ടു് ആരും പറയുമായിരുന്നില്ല. അതു കൊണ്ടാണു് എന്തിനു വന്നെന്നു ചോദിക്കുന്ന "അജ്ഞന്മാ"രുടെ മുന്നിൽ സുമുഖൻ മൂക്കുത്തി വിരൽവച്ചുപോകുന്നതു്!

പുഞ്ചോലക്കര അച്ഛന്റെയും തിരുമുല്ലാടിന്റെയും തറവാട്ടുകളെ തകർക്കുന്ന പ്രശ്നങ്ങൾ, വ്യക്തികളുടെ അന്തഃസംഘർഷങ്ങൾ, അവരുടെ കുടുംബത്തിലെ പുകഞ്ഞുനീറിക്കൊണ്ടിരിക്കുന്ന ഗാർഹികാഗ്നിപർവ്വതങ്ങൾ എന്നിവയെക്കുറിച്ചൊന്നും നമ്പൂതിരി പ്രശ്നമാക്കുന്നതേയില്ല. "ചത്തെങ്കിലും ബ്രാഹ്മണനെ രക്ഷിക്കണം" എന്നുള്ള ധർമ്മസംഹിതയുടെ "ഷെൽട്ടറിൽ" സുമുഖൻനമ്പൂതിരി എന്ന കുട്ടിദൈവത്തെ പ്രസാദിപ്പിച്ചേ മതിയാവൂ അവക്കു് "അർഘ്യപാദ്യ"ങ്ങളും "മധുപക്വവും" നൽകാൻ നായർ പെൺകൊടിമാക്കു് അഷ്ടമംഗല്യതാലമൊരുക്കി നില്ക്കേണ്ടിവന്നു. "അനുസരിക്കുവാനും സ്വയം സമർപ്പിക്കുവാനും" അവർ സന്നദ്ധരായെന്നാണു് തേഴ്സ്റ്റണും പറയുന്നതു്.

"കുട്ടിയെ കാണാനുള്ള അത്യാഗ്രഹം കൊണ്ടു് ഞാൻ മുമ്പു കടന്നുപോന്നു," എന്നാണു് പൊള്ളിനീറുന്ന സംഘർഷങ്ങളുടെ പുറത്തിരിക്കുന്ന ശാരദാപിതാവിനോടു് സുമുഖൻ പറയുന്നതു്. സുമുഖൻനമ്പൂതിരിയിലൂടെ അയാൾ ഉൾക്കൊള്ളുന്ന വർഗ്ഗവികാരത്തെ അവയവനിഷ്ഠമായി ടോർച്ചുതെളിച്ചു കാട്ടുകയാണു് ചന്തുമേനോൻ ചെയ്യുന്നതു്. "നമ്പൂതിരി കുട്ടിയുടെ രൂപം കണ്ടു് അത്യന്തം ആനന്ദിച്ചു. വഴി നടന്ന ക്ഷീണം എല്ലാം തീർന്നു. കണ്ണുകൾകൊണ്ടു ശാരദയെ പാനം ചെയ്തു. തൃപ്തിവന്നില്ല. തനിക്കു നല്ല പെൺകിടാങ്ങളെ കാണണം. അവരോടു സംസാരിച്ചും രസിച്ചും പാട്ടുപാടിയും ഉത്സവങ്ങൾ കണ്ടും നല്ല സാപ്പാടു കഴിച്ചും കാലക്ഷേപം ചെയ്യണമെന്ന മാത്രമേ മോഹമുണ്ടായിരുന്നുള്ളു." ഊട്ടുപുരകളും സംബന്ധവും കൊണ്ടു ജീവിതം തുഴപ്പിച്ച നമ്പൂതിരിമാരുടെ വാങ്മയ ചിത്രമാണതു്.

ബ്രാഹ്മണസങ്കേതങ്ങൾ തീണ്ടുകയും തൊടുകയും ചെയ്തിരിക്കുന്നുവെന്ന വാത്ത അടക്കിപ്പിടിച്ച ശ്വാസത്തോടെ കേൾക്കുന്നതിനിടയിലും 'കുട്ടിയെ ഞാൻ കണ്ട അതിസുന്ദരി തന്നെ. നിറം അതിവിശേഷം. വെള്ള ക്കാരുടെ പെണ്ണുങ്ങളുടെ നിറംതന്നെ.' എന്നൊരു നമ്പൂതിരി പറയുമ്പോഴേക്കും മറ്റൊരാൾ 'നിറം മാത്രമോ? സപ്തപത്തിന്റെ ഒരു ഭംഗി പറഞ്ഞറിയിക്കാനാവില്ല' എന്നാണു പറയുന്നതു്.

ചന്തുമേനോനു് കേരളത്തിന്റെ ധാർമ്മികാപചയത്തെക്കുറിച്ചു് പരാതിയുണ്ടു്. അതിന്റെ കാരണക്കാർ ഈ നമ്പൂതിരിമാർതന്നെ എന്നു് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നതായി തോന്നുന്നു. കേരളത്തിലെ ധാർമ്മികാപഭ്രംശത്തിനു കാരണം ധർമ്മശാസ്ത്രം പഠിക്കുകയും ധർമ്മവാദികളായി പ്രത്യക്ഷപ്പെടുകയും ചെയ്ത നമ്പൂതിരിമാരാണെന്നാണു് ചന്തുമേനോൻ കരുതിയിരുന്നതെന്നു വ്യക്തം. അദ്ദേഹത്തിന്റെ നോവൽസാമ്രാജ്യത്തിലെ സമസ്ത നമ്പൂതിരിപ്രഭൃതികളെക്കൊണ്ടും അദ്ദേഹം വിളിച്ചുപറയിക്കുന്നതുംഅതാണു്. നിയമനിർമ്മാതാക്കളായ നമ്പൂതിരിമാർതന്നെ നിയമത്തിന്റെ 'സ്പിരിറ്റ്' നെ തിരുപിന്നു. അതിന്റെ ജീവനുള്ള ഒരു ളിവാണു്, തുടങ്ങിയപ്പോൾ വെപ്പാട്ടി സമ്പ്രദായത്തിന്റെ മുഖപോലുമില്ല തിരുന്ന സംബന്ധരീതിയെ വെപ്പാട്ടിസമ്പ്രദായമാക്കിയതും, പോരാഞ്ഞിട്ടു് അതിനെ വ്യഭിചാരത്തിലേക്കു വഴിനടത്തിയതും. മലയാളനമ്പൂതിരി എന്ന കേട്ടാൽ ഈ അധമവികാരങ്ങളുടെ ചിത്രമാണു് ചന്തുമേനോന്റെ സൃഷ്ടിപഥത്തിൽ തെളിയുന്നതെന്ന കാര്യം അദ്ദേഹത്തിന്റെ നോവലുകൾതന്നെ വ്യക്തമാക്കുന്നു. ചന്തുമേനോൻ അതു പച്ചയായി പറയിപ്പിക്കുന്നുമുണ്ടു്.

"ഞാൻ നമ്പൂതിരിയുടെ മകളല്ല, രാമവർമ്മ രാജാവിന്റെ മകളാണു്," എന്നു് ഇന്ദുലേഖയും, 'ഞാൻ രാജാവല്ല മലയാളത്തിലെ ഒരു നായരാണു്,' എന്നു് മാധവനും പറയുന്നു. അന്നത്തെ പരിതഃസ്ഥിതിയിൽ അച്ഛനാരെന്നു തിരിച്ചറിയുക, അങ്ങനെ ഒരാളെ എടുത്തു പറയാനുണ്ടാവുക, എന്നതുതന്നെ നമ്പൂതിരിസംബന്ധം ഇല്ലാത്ത സ്ത്രീക്കു മാത്രമേ കഴിഞ്ഞിരുന്നുള്ളു എന്നു് നായർസമുദായാചാര്യനായ മന്നത്തു പത്മനാഭൻ എടുത്തു പറയുന്നുണ്ടു്. കോടതിവിധിവരെ അക്കാര്യത്തെക്കുറിച്ചുണ്ടായതാണു്. നായർക്കു വിവാഹബന്ധമില്ലെന്നും അവരുടെ അച്ഛനാരെന്നു നിശ്ചയമില്ലെന്നും അവർ വേശ്യാപുത്രന്മാരാണെന്നും മറ്റും! ഈ ധാർമ്മികാപഭ്രംശത്തിന്റെ പൂർണ്ണചുമതലക്കാർ നമ്പൂതിരിമാരാണെന്നു് ചന്തുമേനോൻ സാഹിത്യവിളംബരം ചെയ്യുന്നു.

ഈ ലൈംഗികവാസനാപാരമ്പര്യത്തെ ചെറുത്തു തോല്പിക്കുന്ന ധർമ്മനീതിയുടെ നവചിത്രമെഴുതാൻ മലയാളത്തിൽ നോവൽരചയിതാക്കളാണാദ്യം മുന്നിട്ടിറങ്ങിയതു്. അതു നടക്കുന്നതു് പച്ചക്കാമവും റൊമാന്റിക്സ്നേഹവും തമ്മിലുള്ള ഏറ്റുമുട്ടലിനെത്തുടർന്നാണു്. ആ ഏറ്റുമുട്ടലിൽ രക്തസ്ഥിമാംസനിബദ്ധമായ കാമാതുരതയുടെ ഹുങ്കാരഗാത്രത്തിന്റെ ചുട്ടുപഴുത്ത വികാരങ്ങൾ കീഴടക്കി. പ്രേമത്തിന്റെ മധുരഗീതികൾ മാംസളവികാരത്തിന്റെ രതിഗീതാലാപത്തെ വിലക്കി. സംഗീതത്തിലെ സപ്തസ്വരവീചികൾ പോലെയും, വാഗർത്ഥങ്ങൾ പോലെയും ചേർന്നിരിക്കുന്ന സ്ത്രീ—പുരുഷഹൃദയബന്ധങ്ങളുടെ സംനിഗ്ദ്ധഭാവങ്ങൾ മലയാളത്തിൽ നോവലിസ്റ്റുകളു

ടെ കൈകളിലൂടെയാണ് പുതിയ മേച്ചിൽപുറങ്ങളും ശക്തിയും നേടിയതെന്നു പറയാം. 'ഘാതകവധ'ത്തിലെ കേളി കൊട്ടിലൂടെ 'കന്ദലത'യിലെ മേളപ്പദവും പിന്നിട്ട് 'ഇന്ദുലേഖ'യിൽ അരങ്ങേറ്റം നടത്തുകയാണ് ശുദ്ധ റൊമാൻറിക് സ്നേഹം

ലൈംഗികവാസനയുടെ 'സർപ്പയോഹ'കൾ ഊരിയെറിയാൻ ഏറെക്കുറെ ഒരു പെട്ടിറങ്ങിയതു കന്ദലതയാണ്. പുത്തൻപ്രബുദ്ധതയ്ക്കു ചേരുന്ന താത്ത്വികമായുള്ള സ്നേഹസങ്കൽപ്പത്തിനു ഭാവരൂപപരിണാമങ്ങൾ നൽകിയതു അപ്പുനെടുങ്ങാടിയും. പ്രബുദ്ധകേരളത്തിലെ സ്ത്രീസ്വാതന്ത്ര്യപ്രബോധത്തിന്റെ അന്തഃസത്തയ്ക്കു ചേരുന്ന വിധത്തിൽ സ്ത്രീകളെ അപഗ്രഥിച്ചു വിധേയയ്ക്കുവാൻ തുടങ്ങിയതോടെ കഥാസരിക്കൽലോകം പ്രവചിക്കുന്നതിൽനിന്നു ഭിന്നമായ സ്ത്രീലോകം നോവലിൽ കടന്നു വന്നു. സ്ത്രീ-പുരുഷ വൈകാരികബന്ധങ്ങൾക്കു ആഴവും വ്യാപ്തിയും ഉണ്ടായി. സ്നേഹമെന്ന പ്രാക്തനസാഹിത്യായുധം കന്ദലതാകാരന്റെയൊക്കെയുള്ളവരുടെ കൈകളിൽ പുതിയ ഉർവ്വരഭൂമികൾ കണ്ടെത്തി

മറ്റൊരാംശത്തിലും നോവലിന്റെ മണമോ ഗുണമോ കാണാത്ത കന്ദലത റൊമാൻറിക് സ്നേഹത്തിന്റെ സത്ത ഉൾച്ചേർന്നു നിൽക്കുന്ന മുഹൂർത്തങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ട്. അപായക്ക വേണ്ടത്ര ജീവനോ, ചൈതന്യമോ ഉണ്ടോ എന്നു നോക്കുന്നതിനുപരി അതു തുടങ്ങിവച്ചുവെന്നതിലാണ് നാം കന്ദലതാകാരനെ കണക്കിലെടുക്കുന്നതു. കാമത്തിന്റെ കീചകസന്തതികൾ പിശാചിനെപ്പോലെ ഉടനീളം നടന്ന കൈരളിയുടെ കരൾക്കാമ്പിലേക്ക് ശുദ്ധാനുരാഗത്തിന്റെ ജീവബിന്ദുവിനെ സംക്രമിപ്പിച്ചുപ്പോൾ അവിടെയുണ്ടായിരുന്ന ഊന്നുവടിയുണ്ടോ എന്നു നോക്കുകയല്ല, പ്രത്യുത, അതിലടങ്ങിയിരിക്കുന്ന സാഹസികത്വജിജ്ഞാസയുടെ ദീർഘനേത്രങ്ങളെ തിരിച്ചറിയുകയാണ് നാം ചെയ്യേണ്ടതു.

'കന്ദലതയും രാമകിശോരനും ആഴ്ചമാസത്തോളമായി ഒരേ ഗൃഹത്തിൽതന്നെ പാർത്തുവന്നിരുന്നു എങ്കിലും അവർക്കു സൈരസല്ലാപത്തിനു' ഇടയായില്ലെന്നു പറയുന്ന കന്ദലത മലയാള റൊമാൻറിക് സ്നേഹവാനിടത്തിലുദിച്ച പ്രഭാതനക്ഷത്രമാണ്. പ്രേമരംഗങ്ങളിൽ കാണുന്ന ഇന്ദുലേഖയുടെ മുന്നോടിയാണ് കന്ദലത. രാമകിശോരൻ പറയുന്നതു, 'ഭവതിയുടെ സ്നേഹവിശ്വാസങ്ങൾക്ക് എന്നെ പാത്രമാക്കിക്കൊള്ളേണമേ... ഈ ദേഹദേഹികൾ വേർപെടുന്നതുവരെ യാതൊരു കല്ലുകടിയും തട്ടുന്നതുമില്ല,' എന്നാണ്. അവരുടെ തിളങ്ങുന്ന സ്നേഹത്തിന്റെ നിഗൂഢചൈതന്യത്തെപ്പറ്റി, 'ദർശനം ചെയ്യണമെന്നു വളരെക്കാലമായി ആഗ്രഹിച്ചുവരുന്ന ഒരു പുണ്യസ്ഥലത്തു ഏറ്റവും പണിപ്പെട്ടു എത്തിയ തീർത്ഥവാസികൾക്ക് തോന്നുംപോലെ'യാണെന്നാണ് അപ്പുനെടുങ്ങാടി പ്രസ്താവിക്കുന്നതു. കന്ദലതാ-രാമകിശോരന്മാരുടെ ഹൃദയങ്ങളിൽ 'യഥേഷ്ടം വളരുവാൻ സമ്മതിച്ചിരുന്ന ചില വികാരങ്ങൾ' താമസിയാതെ കാര്യമായിത്തന്നെ മാറാനുള്ളതായിരുന്നില്ല. കന്ദലതയുടെ ഉള്ളിന്റെയുള്ളിൽ വളർന്നുവരുന്നുകൊണ്ടിരുന്ന സ്നേഹത്തിന്റെ തീക്ഷ്ണഭാവങ്ങൾക്കു സമാനമായ രാഗവ്യാപാരം രാമകിശോരനിലും വളർന്നുപടർന്നുകൊണ്ടിരുന്ന 'നമ്മുടെ ഹൃദയങ്ങൾ അനുരാഗോൽഭൂതങ്ങളായ പല ചേഷ്ടകളെക്കൊണ്ടും അന്യോന്യം പ്രദർശിപ്പിച്ചില്ലേ? എന്റെ പ്രേമഭാരം അനിർവ്വചനീയമായ വാക്കുകളെക്കൊണ്ട് അധികം വ്യക്തമാക്കുവാൻ എനിക്കു കഴിയാത്തതാണ്' എന്ന തരത്തിലുള്ള സ്നേഹസകല്പം കന്ദലതയുടെ മൊഴിയടികളിൽ കൂടിയാണ് മലയാളത്തിലേക്കെഴുന്നള്ളിയതെന്നു പറയാം. എന്നിട്ട് 'എന്റെ അനുരാഗം മുഴുവനും ഭവതിയുടെ മേൽ നിക്ഷിപ്തമായിരിക്കുന്നു. ഭവതി എന്റെ പ്രാണനായകിയാണ്,' എന്നുപറഞ്ഞു കന്ദലതയുടെ മാറിടം രാമകിശോരന്റെ മാറിടത്തോടണച്ചു ധാരാളമായി വന്ന കണ്ണുനീർ തുടച്ചുകൊണ്ട്, ... 'ഇനി എന്റെ പ്രിയരാമകിശോരാ എന്നു വിളിക്കാമല്ലോ എന്നുപറഞ്ഞു ഒരു ദീർഘനിശ്വാസം അയച്ചു.' ഈ സ്നേഹോപനകളുടെ അന്തർദ്ധാരകൾ അസംസ്കൃതവികാരങ്ങളിൽ നിന്നല്ല ഉറവ പൊട്ടിച്ചു വന്നതു്. (തുടരും)

—o—

പത്തു്

നോവൽ

ഞാൻ വലിയ സംഭാഷണപ്രിയനാണ്. മിക്കവാറും നേരങ്ങളിലൊക്കെ, വിഷയമില്ലെങ്കിൽ നിർമ്മിച്ചു് ഞാൻ സംസാരിക്കും. ആരോടെങ്കിലും.'

സുധാകരൻ ബീഡി ആഞ്ഞുവലിച്ചുകൊണ്ടു പറഞ്ഞു. ഏതിനോ, കൈകൾ പിന്നിലേക്കു നീട്ടിയിരുന്നു. രാഹുലൻ കൗതുകത്തോടെ കേട്ടിരുന്നു. ജനലഴികൾക്കപ്പുറത്തു് ഇരുട്ടുവന്നു കനംവെച്ചിരുന്നതു് ഇരുവരും കണ്ടില്ല. അല്ലെങ്കിൽ ശ്രദ്ധിച്ചില്ല. മനസ്സു് ഒരു വലിയ ഭാണ്ഡമാണെന്നു് സുധാകരനു തോന്നി. ഭാണ്ഡം അഴിച്ചുവെയ്ക്കാൻ, അകത്തെ വസ്തുക്കൾ കാണിക്കാൻ ഒരവസരം തേടി നടക്കുകയായിരുന്ന ഇരുനാളും. പലരും വന്നു. ആരും അനുയോജ്യരായിരുന്നില്ല രാഘവന്റെ കാര്യം സുധാകരനോർമ്മിക്കാൻ ശ്രമിച്ചു. പെട്ടെന്നു കോപിക്കുന്നവർ സാധുക്കളാണെന്നു കേട്ടിട്ടുണ്ടു്. അവർ നിമിഷത്തിനുള്ളിൽ തണുത്തുപോകുമത്രെ. അമ്മ അച്ഛനെപ്പറ്റി പറയുമ്പോഴൊക്കെ ഈ വാക്യം ഉദ്ധരിക്കുമായിരുന്നു അച്ഛനു് ദ്വേഷ്യം വരാൻ മതിയായ കാരണമോ, പ്രേരണയോ വേണ്ട അമ്മ പറഞ്ഞതാണു്. വാഗ്വാക്യമുച്ചരിക്കുന്നതിനു മുമ്പത്തെ ഒരു കഥ.

നല്ല കുടുംബത്തിലെ സ്ത്രീകൾ ക്ഷേത്രദർശനം നടത്തണമെന്നു നിർബ്ബന്ധമാണു് അച്ഛനു്. അമ്മ, തിരക്കുകളിൽ വിസ്മരിച്ചാലും ഉടൻ വരാന്തയിലെ ചാരുകസാലയിൽ നിന്നു വിളി ഉയരുന്നു.

'ഇവിടെ വരൂ.'

മുഖത്തു് കരിയുടെ അടയാളങ്ങളുമായി അമ്മ അടുത്തുചെന്നുനില്ക്കും. അച്ഛൻ ആ സാമീപ്യം അറിഞ്ഞാലും അറിയാത്ത ഭാവംനടിച്ചു്, മുഖത്തു് ഗൗരവത്തിന്റെ മേലങ്കിയണിഞ്ഞു്, ദൂരെ ആകാശം ഭൂമിയിലേക്കു വീണുകിടക്കുന്നിടത്തേക്കു നോക്കിയിരിക്കും. അമ്മയ്ക്കു ചുമയ്ക്കണമെന്നുണ്ടു് ചുമ വരുന്നുണ്ടു്. തൊണ്ടയിൽ ഏതോ വലിയൊരു ജന്തുവിനെപ്പോലെ ചുമയെ ഒതുക്കിയിരിക്കുന്ന ശ്വാസനാളത്തിൽ കൊളുത്തുകൊണ്ടു് ഇടിക്കുന്നു

അമ്മ ചുമച്ചുപോയി

അച്ഛൻ തിരിഞ്ഞുനോക്കി.

'ഹ എന്തിനാ വന്നതു്?'

'വിളിച്ചു...'

'ആരു വിളിച്ചു? ഞാനൊ?'

അമ്മ പതിഞ്ഞസ്വരത്തിൽ മൂളി. അച്ഛൻ തീപാറുന്ന കണ്ണുകൾ കൊണ്ടു് അമ്മയെ ഒന്നഴിഞ്ഞു. പിന്നെ പൊട്ടുന്നയൊയിരുന്ന ചോദ്യം.

'വിളിച്ചിട്ടെത്രമണിക്കൂറായി? എന്താ നിന്റെ സൗകര്യമനുസരിച്ചാണോ ഞാൻ വിളിക്കേണ്ടതു്? ആണൊ?'

'അതല്ല...'

'ഏതല്ല? അധികപ്രസംഗം കാണിക്കുന്നതും പോര. നോക്കു്. ഞാനിതു് കുറെ ദിവസങ്ങളായി കാണുന്നു:'

അമ്മയുടെ കണ്ണു നിറഞ്ഞുതുടങ്ങി.

മൂക്കിനുള്ളിൽ നീരുറവകൾ പൊട്ടി. അമ്മ മേൽമുണ്ടുകൊണ്ടു് കണ്ണു തുടച്ചു്, ഭീതിയോടെ നിന്നു. മാറത്തെ സപർണ്ണമാലയിൽ തെരുപ്പിടിച്ചുകൊണ്ടു്, ഒടുവിൽ പറഞ്ഞു:

'പോയ്ക്കൊ!'

അമ്മ പതറിയ പാദങ്ങളിൽ അകത്തേക്കു പോയി അടുക്കളഭിത്തിയിൽ ചാരിനിന്നു് വളരെനേരം കരഞ്ഞു. അടുപ്പിൽ തീ മരിച്ചു. പുക നിർബ്ബാധമുയർന്നു. അടുക്കളയിൽ നിന്നും പുക പുറത്തേക്കൊലിച്ചുപൊയ്ക്കൊണ്ടിരുന്നപ്പോൾ, ചുമലിൽ ആരോ തൊട്ടതു. അമ്മ വേഗം മുഖമുയർത്തി നോക്കി

'കരയ്യാണൊ?'

'അ ല്ല '

'അതിനു പാകത്തിൽ എന്തുണ്ടായി? ഞാനെന്തെങ്കിലും ദേഷ്യപ്പെട്ടതു് നിനക്കു് അനിഷ്ടമാണൊ?

'അ ..ല്ല .'

'എന്നാൽ കണ്ണീരു തുടയ്ക്ക.'

അമ്മയുടെ ചുണ്ടിൽ സാധുവായ ഒരു ചിരി വിരിഞ്ഞു. അതു നിലനിർത്തിക്കൊണ്ടു് അമ്മ വടക്കുപുറത്തു പോയി മുഖം തണുത്തജലത്തിൽ കഴുകി, തിരികെവന്നു. തോടിയിൽ കൈവിരൽ തൊട്ടുകൊണ്ടു് അച്ഛൻ ചോദിച്ചു:

'കളഞ്ഞൊ?'

'ഇല്ല ..'

'പോയി അസ്സലായി ഒന്നു കുളിക്കു കുളിച്ചിട്ടു് ക്ഷേത്രത്തിലേക്കു പൊയ്ക്കോളൂ ..'

രാഘവനു് ലോകത്തിലൊന്നിനോടും കൗതുകമില്ലായിരുന്നു. ഉദയവും അസ്തമയവും ഒരുപോലെ അയാളുടെ കണ്ണുകൾക്കു മുമ്പിൽ തെളിഞ്ഞുവന്നു. ഉദയത്തിലേക്കും അസ്തമയത്തിലേക്കും രാഘവന്റെ നിസ്സംഗതയുടെ രാപ്പക്ഷികൾ പറന്നുപോയി. താടിരോമങ്ങൾ പൊറിഞ്ഞു്, അലങ്കോലപ്പെട്ട വസ്ത്രങ്ങളുമായി, ഒരു ഭ്രാന്തനെപ്പോലെ വൃക്ഷച്ചോട്ടുകളിൽ അയാൾ നിന്നു. താഴെ മണ്ണിൽ ചിതറിവീണ പഴുത്ത ഇലകളിൽ പൊതെ സൂക്ഷിച്ചുനോക്കി.

'നീ കുടി വെട്ടിക്കുന്നില്ലെ?'

'ഓ ..'

'എടോ, പനിപിടിക്കും. അതുകൊണ്ടു പറഞ്ഞതാണു്.'

'മഹർഷിവര്യന്മാർക്കു പനി പിടിക്കുന്നില്ലല്ലൊ'

'നീ മഹർഷിയാണൊ?'

'അതെ ..'

"ആരെ കൊല്ലും" ചെയ്യുന്നു!"

'മരണത്തെ.'

'അതിനു തപസ്സു് എന്തിനു്? ഇത്തിരി വിഷം പോരെ?'

'അതു് ആത്മഹത്യയല്ലെ?'

'ആത്മഹത്യ മരണമല്ലെ?'

'ആത്മഹത്യയെ മരണത്തിന്റെ സ്വർണ്ണപീഠത്തിലേക്കു കൊണ്ടുവരരുതു്. ആത്മഹത്യ വിഡ്ഢിത്തമാണു്. ഭീരുതയാണു്. മരണം അനുഗ്രഹമാണു് '

'എന്നാൽ നീ തപം ചെയ്യു്. ഞാൻ പോകട്ടെ.'

'ഗുഡ്ബൈ.'

ദൂരെ ഇലകൾ നിർബ്ബാധം കൊഴിഞ്ഞുകൊണ്ടിരിക്കുന്ന മരത്തിന്റെ ചുവട്ടിൽ, ഇരുട്ടുപോലെ, വെളിച്ചംപോലെ അയാൾ നിൽക്കുന്നു. വീട്ടുകാര്യങ്ങൾ ചോദിച്ചാൽ രാഘവനിലെ സിംഹം ഒടുകടഞ്ഞുണരും. അത്യന്തരവും കണ്ട വ്യക്തി എങ്ങോ മറഞ്ഞതുപോലെ

'ഈ ഹോളിഡേസിനു് വീട്ടിൽ പോവുന്നൊ?'

'എന്തിനു്?'

'അവധിക്കു വീട്ടിൽ പോകുന്നതെന്തിനാ?'

'എന്തിനാണെന്നാണു ചോദിച്ചതു്.'

'വീട്ടിലുള്ളവരെ കാണാൻ'

'സുധാകരാ!'

'അപ്പൊഴേക്കും ദേഷ്യമായി നീ എന്തുനാൾ ഇങ്ങനെ കഴിയാനാണു ഭാവം? കഴിഞ്ഞതൊക്കെ മറക്കാൻ ശ്രമിച്ചുകൂടെ? അല്ലെങ്കിൽ പിന്നെ നമുക്കൊക്കെ മറവി എന്നൊരു കഴിവു് എന്തിനാണു തന്നതു്?'

'ആരു?'

'ആരെങ്കിലുമാകട്ടെ. നീ ഇത്തവണ പോകണം.'

'എന്നെ ഉപദേശിക്കയാണൊ?'

'ഞാനാരാ നിന്നെ ഉപദേശിക്കാൻ? നീ മഹർഷിവര്യനല്ലെ.'

'സുധാകരൻ മിണ്ടാതിരിക്കുകയാണു പറഞ്ഞതു്!'

അതൊരു അലർച്ചപോലെ പ്രതിധ്വനിച്ചു. പഴക്കംചെന്ന പ്രേതഗൃഹത്തിന്റെ ചെതുക്കിച്ച ജാലകങ്ങൾ അലർച്ചയിൽ കിടുങ്ങിവിറച്ചുകൊണ്ടിരുന്നു. ഇത്തിരിനേരം കഴിഞ്ഞപ്പോഴേക്കും രാഘവൻ ഉറങ്ങിയിരുന്നു സൂക്ഷിച്ചുനോക്കി

യപ്പോൾ കണ്ണിൽ രണ്ടു തുള്ളികൾ തിളങ്ങുന്നതുകണ്ടു. സുധാകരൻ അതു് വിരൽത്തുമ്പിലേക്കു് സ്വീകരിച്ചു.....

സുധാകരൻ വിളിച്ചു:

'രാഹുലാ.'

'ഉം?'

'നാം തമ്മിൽ നേരത്തെ എവിടെയെങ്കിലും വെച്ചു കണ്ടിട്ടുണ്ടൊ?'

'എനിക്കു തോന്നുന്നില്ല ..'

'എനിക്കു തോന്നുന്നു. എവിടെയോ ഞാൻ ഈ മുഖം കണ്ടിട്ടുണ്ടു്. അതുകൊണ്ടു് ഒരു ചിരകാലപരിചയം തോന്നിപ്പോവുകയാണു്.

രാഹുലൻ മന്ദഹസിച്ചുകൊണ്ടു് പറഞ്ഞു:

'അതു നല്ലതല്ലേ.'

കെട്ടപോയ, എരിഞ്ഞുതീർന്ന ബീഡി പഴകിയ ആഷ്ട്രേയിലേക്കു് തിരുകി. മറെറാന്നിനു് തീകൊളുത്തിക്കൊണ്ടു് സുധാകരൻ ചോദിച്ചു.

'സമയമെന്തായിക്കാണും?'

രാഹുലൻ വാച്ചിൽ നോക്കി

'എട്ടുപതിനഞ്ചു്.'

'മൈ ഗോഡ്. അപ്പോട്ടൻ ഇനി ചോറു തരില്ലെന്നു തോന്നുന്നു. സംസാരിച്ചിരുന്നു നേരം മറന്നു. വരു.'

മുറിയിലെ ലൈറ്റു് കെടുത്തി, ടോർച്ചെടുത്തു് പുറത്തേക്കിറങ്ങിനിന്നു. ആകാശത്തു് നക്ഷത്രങ്ങൾ പ്രകാശിച്ചിരുന്നു. ദൂരെ, താഴത്തെങ്ങോ ചന്ദ്രക്കലയും കൺമിഴിച്ചിരുന്നു.

'പകൽ ചുട്ടുപൊള്ളുന്ന ചൂടു് രാത്രിയിൽ കളർമ്മയാന്ന നിലാവും. എന്തൊരു വൈരുദ്ധ്യങ്ങൾ!'

അലതല്ലുന്ന
ആനന്ദനിർവൃതിയിലേക്ക്
അല്ലലും അലട്ടും മറന്ന മുന്നേറ്റവിൻ!

കേരള
ദിനേശ് ബീഡി

അദ്ധ്വാനിക്കുന്നവന്റെ എന്നും
ഒരുത്തമമിത്രമാണു്.

നിർമ്മാതാക്കൾ:—

The Cannanore Beedi Workers'
Central Co-op Society Ltd.,
No. 8. (IND) C. 61.
CANNANORE
Phone: 699. Tel: DINESBEEDI

Comp Reg: No. 2370. **Head office Phone 3158.**

NEW KERALA CHITS & TRADES (P) LTD

(Money Lenders Contractors Agents etc)
H.O. Press club Building QUILON-1
(ഒരു ദശവത്സരക്കാലത്തെ പ്രശസ്തസേവനപാരമ്പര്യം)
കമ്പനിയുടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് (കറിസ്റ്റ്) എന്നീ ബ്രാഞ്ചുകളിൽനിന്നും പ്രത്യേകം പ്രത്യേകമായ ഉടൻ ആരംഭിക്കുന്ന ചിട്ടികൾ.

A	Rs.	250 x 40	മാസം	Rs. 10,000
B	Rs.	125 x 40	"	Rs. 5,000
C	Rs.	75 x 40	"	Rs. 3,000
D	Rs.	50 x 40	"	Rs. 2,000
E	Rs.	25 x 40	"	Rs. 1,000

ഈ സ്ഥാപനത്തിന്റെ പ്രത്യേകതകൾ

1. ഏറ്റവും മിതമായ ജാമ്യത്തിൽ താമസംവിനാ ചിട്ടിപ്പണം കിട്ടുന്നു.
2. വ്യവസായികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേകം ചിട്ടികൾ.
3. "തുണയേ മലയാളി" സുഹൃത്തുക്കൾക്ക് കണ്ണുമടച്ചേ ചിട്ടിപിടിക്കുന്നതിനും നാട്ടിൽ വരാതെതന്നെ ചിട്ടിപ്പണം പറ്റുന്നതിനും ഉള്ള സൗകര്യവും ഇതര ആനുകൂല്യങ്ങളും, വിശദമായും മറ്റു വിവരങ്ങളും ആഫീസുമായി ബന്ധപ്പെടുന്നതാണു്.

ജീവിതംപോലെതന്നെ.'

'വളരെ ശരിയാണു്. പണ്ടുള്ളവർ പറയുന്നതുപോലെ കുന്തണ്ടെങ്കിൽ കഴി. പുതിയൊരു പരിഷ്ക്കാരം നടത്തിയാൽ—വെയിലുണ്ടെങ്കിൽ നിലാവും. ഓർമ്മ. അല്ലെ?'

രാഹുലൻ കുലുങ്ങിച്ചിരിച്ചുകൊണ്ടു മുറത്തേക്കിറുങ്ങി. മുറത്തു് നിലാവിന്റെ കൈവിരലുകൾ വിദഗ്ദ്ധമായി നെയ്തിട്ട കളങ്ങളിലൂടെ അവർ പാദങ്ങൾ ന്ട്ടി വെച്ചു. ഒതുക്കിറങ്ങുമ്പോൾ കാട്ടുചെടികൾ കാലിൽ കോഞ്ഞു. പിന്നെ പിന്നോട്ടുനീങ്ങി അനങ്ങാതെ കിടന്നു.

നിലാവിൽ വിസ്തൃതമായ വയൽ ശാന്തനായ, ദൃശ്യാഹ്യങ്ങളില്ലാത്ത കുട്ടിയെപ്പോലെ കിടന്നിരുന്നു. ദൂരെദൂരെ അപൂർവ്വം നിഴലുകൾ നിങ്ങിപ്പോയി.

വയൽവരമ്പിലൂടെ നടക്കവേ, ഇടതേയറ്റത്തു് തെങ്ങുകൾ സമൃദ്ധമായി വളർന്നില്ലുന്ന മുലയിലേക്കു വിരൽചൂണ്ടി സുധാകരൻ ചോദിച്ചു.

'അവിടെ ഒരു വെളിച്ചം കണ്ടോ?'

'കണ്ടു.'

ഇരുട്ടിൽ, ഓലമറയ്ക്കപ്പുറത്തെങ്ങോ മഞ്ഞനിറമാർന്ന ഒരു കുഞ്ഞു വെളിച്ചം എരിഞ്ഞു. സുധാകരൻ മുന്നോട്ടു നടക്കുന്നതുകണ്ടു്, സുധാകരൻ നിശ്ശബ്ദനാവുന്നതുകണ്ടു്, രാഹുലൻ ചോദിച്ചു.

'അവിടെയാരാണു താമസിക്കുന്നതു്?'

'യക്ഷി.'

'യക്ഷിയൊ? ഈ നൂറ്റാണ്ടിലോ?'

'യക്ഷിയെന്ന ആ കോൺസപ്റ്റിനെപ്പറ്റിയാണു ഞാൻ പറഞ്ഞതു്. എന്നു വെച്ചാൽ, പൊട്ടകുത്തി, കണ്ണെഴുതി, സുന്ദരിയായി, ആടയാഭരണങ്ങളിൽ മുങ്ങി രാത്രികളിൽ ജനങ്ങളെ ആകർഷിക്കുന്നതായി ഒരു സങ്കല്പമില്ലെ. അതു്.'

'അതിനിവിടെയെന്താ പ്രസക്തി?'

'ആ വീട്ടിൽ യക്ഷിയാണു പാർക്കുന്നതു്. ശിവൻ പ്രഭാതത്തിലേ ലോഡ്ജിലെത്തും യക്ഷിബാധ നിലയ്ക്കുണമെങ്കിൽ പ്രഭാതമാവും.'

സുധാകരൻ നടന്നു.

ടോർച്ചിന്റെ പ്രകാശവൃത്തത്തിലേക്കു മിഴിച്ചുനോക്കിക്കൊണ്ടു് ഒന്നും മനസ്സിലാവാതെ, കെട്ടപിണയുന്ന മനോവിചാരങ്ങളുമായി രാഹുലൻ അനുഗമിച്ചു.

'ഈ ശിവൻ എന്നപറയുന്ന ആൾ...'

'രാഹുലന്റെ ഓഫീസിൽത്തന്നെ ഗുമസ്തനാണു്.'

'വീട്ടു്?'

'മാന്നാർ.'

'ഒറ്റയാനാണൊ ഇപ്പോഴവും?'

'വാച്യാർത്ഥത്തിൽ—അല്ല. ഒരു ഭാര്യയുണ്ടു്. മൂന്നു കുട്ടികളുണ്ടു്. വയസ്സും ചെന്ന അച്ഛനുണ്ടു്. പക്ഷേ, ശിവനു് ആരുമില്ല ഭാര്യയും കുട്ടികളും അച്ഛനും ശിവനില്ല.'

'അതെന്താ അങ്ങനെ?'

'ശിവൻ ഒറ്റയാനാണു്. ശിവനു ബന്ധങ്ങൾ വേണ്ട. ക്ലേശതലൊന്നും ഇപ്പോൾ വിസ്തരിക്കില്ല. ക്രമേണ രാഹുലനറിയും തന്നെ. ഇതൊക്കെപ്പറയുമ്പോൾ രാഹുലനു തോന്നിയേക്കാം, ഈ സൂത്രധാരൻ വളരെ പെർഫെക്ടാണെന്നു്. ആത്മപ്രശംസയുള്ള വഴിയൊക്കുകയാണെന്നു്. അത'ന്റെ ആവശ്യമില്ല. തൽക്കാലം മുഖപ്രസംഗങ്ങൾ ഇത്രയും മതി. ഇനിയെത്തെ സബ്ജക്ടു് ... ഔവർ ഡിന്നർ!'

പന്തലിൽ, റാന്തൽവിളക്കു ദൂരെനിന്നു കണ്ടു. അപ്പുവേട്ടനെയോ മറ്റാരെയുമോ അരികിലെങ്ങും കണ്ടിരുന്നില്ല. റാന്തലിൽനിന്നും മങ്ങിയ പ്രകാശം ചിതറി പന്തലിലും നിരത്തിലേക്കും വീണിരുന്നു. അടുത്തെത്തവെ, പൊടുന്നനെ അകത്തുനിന്നും പന്തലിലേക്കൊരു നിഴൽ ഇറങ്ങിവന്നു. രാഹുലൻ ശ്രദ്ധിച്ചുനോക്കി.

അപ്പുവേട്ടന്റെ മകൾ.

പേരു്.....

രാഹുലൻ പേരോർമ്മിക്കാൻ ശ്രമിച്ചു. അതിനിടയിൽ സുധാകരൻ ചോദിച്ചു.

'എന്താ ശാരദേ റാന്തലുംകൊണ്ടു പോവുകയാണോ?'

ശാരദ! രാഹുലൻ ആ പേരു് ഉരുവിട്ടുകൊണ്ടിരുന്നു. സുധാകരനെനോക്കി നോക്കിക്കൊണ്ടു് അവൾ പറഞ്ഞു:

'റാന്തലെടുക്കാൻ വന്നതല്ല. അച്ഛൻ പുറത്തേക്കു പോയിട്ടു് ഇതുവരെ വന്നില്ല. വഴീലെങ്ങാനും...'

അവൾ മുഖം കുനിച്ചു.

സുധാകരന്റെ മുഖം വാടി.

രാഹുലൻ ഒന്നും മനസ്സിലാകാതെ നിന്നു. ഇത്തിരി നിമിഷങ്ങൾ കഴിഞ്ഞപ്പോൾ സുധാകരൻ പറഞ്ഞു.

'സാരമില്ല. ഞങ്ങളൊന്നു നോക്കിട്ടു വരാം. ശാരദ വിഷമിക്കേണ്ട.'

'ഞാൻ വിഷമിക്കേണ്ടവളാണു്...'

രാഹുലനു വിഷാദം തോന്നി. കാര്യമെന്തെന്നറിയാതെയാണെങ്കിലും അയാൾ വ്യസനിച്ചു. ശാരദയുടെ കവിതകൾ നനഞ്ഞിരുന്നതു് അവൾ മാറത്തെ തോത്തിൻതുമ്പുകൊണ്ടു് ഒപ്പി അപ്പോഴാണു് അവൾ സുധാകരനു പിന്നിൽ നിന്ന രൂപത്തെ ശ്രദ്ധിച്ചതു്. അവൾ രഹസ്യമായി രാഹുലനെ കാണാൻ ശ്രമിച്ചുകൊണ്ടിരിക്കവെ, അവർ നിരത്തിലേക്കിറങ്ങി. ടോർച്ചിന്റെ വെളിച്ചത്തിനു പിന്നാലെ അവർ നടന്നു.

രാഹുലൻ ചോദിച്ചു:

'അപേക്ഷയെന്താ അസുഖം?'

'അസുഖമൊന്നുമില്ല. കുറെ നാളുകളായി ഒരബോധാവസ്ഥയിലാണു് ജീവിതം. അബ്നോർമാലിറ്റി. എവിടെയെങ്കിലും ഇത്തിരിനേരം ഒറ്റയ്ക്കിരിക്കാൻ കഴിഞ്ഞാൽ വീണ്ടും കടിഞ്ഞാണില്ലാത്ത ചിന്തകളാണു്. അതാണപകടവും. പാവം.'

'എന്താ അപകടകരമായ ചിന്ത?'

'ഓ. രാഹുലനു് ആ കഥയൊന്നുമറിഞ്ഞുകൂടല്ലൊ. ഞാനും പറഞ്ഞുകേട്ടതാണു്. അപേക്ഷയുടെ ജീവനതുല്യം സ്നേഹിച്ചിരുന്ന ഭാര്യയെ. ഭാര്യയുടെയും. ശാരദയ്ക്കു പത്തുവയസ്സുള്ളപ്പോഴാണു്. അമ്മ മരിക്കുന്നതു്. വസൂരി ബാധിച്ചു് അപേക്ഷയും മരിക്കാൻ ശ്രമിച്ചതുതന്നെ. ആരൊക്കെയോ ചേർന്നു പിന്തിരിപ്പിച്ചതാണു്. ഇപ്പോഴും അപേക്ഷയുടെ ലോകത്തിലാണു്. അർദ്ധരാത്രികളിൽ ഉറക്കത്തിൽ നിന്നെഴുന്നേറ്റു പോകും...എവിടെയെങ്കിലും പോയി വീഴുകയും ചെയ്യും. ഇതാണു കഥ.'

'കഷ്ടം!'

'അതെ. കഷ്ടമാണു് ഇല്ല. അപേക്ഷയ്ക്കു് രക്ഷപെടാൻ കഴിയുമെന്നു് തോന്നുന്നില്ല. അല്ലെങ്കിൽ വല്ല മാനസികരോഗവിദഗ്ദ്ധനെയും കാണിച്ചാൽ...അതിനുള്ള കഴിവുണ്ടായിരുന്നെങ്കിൽ...'

ഒരു പൊന്തക്കാടു കടന്നു് അവർ വയൽവരമ്പിലെത്തി. വെളിച്ചം ചെന്നുവീണതു് മുഖത്തായിരുന്നു. മൺകട്ടകൾക്കു മീതെ, ഒരാലിംഗനത്തിന്റെ മാധുര്യമനുഭവിക്കുന്ന മുഖഭാവത്തോടെ കണ്ണടച്ചുകിടക്കുന്ന രാഹുലൻ തെറ്റിദ്ധരിപ്പിച്ചതുപോലെ അതു കണ്ടുനിന്നു.

മടങ്ങവെ, ബോധം തെളിഞ്ഞ അപ്പുവേട്ടന്റെ ചിരിയെക്കാളും ബോധം മറഞ്ഞ അപ്പുവേട്ടന്റെ ചിരി മനസ്സിൽ വിതുമ്പിനിന്നു.

ഒപ്പം രണ്ടു കണ്ണുകളും.

കണ്ണുകളിൽ കണ്ണീർ.

—o—

സിനിമാ പ്രേമികളുടെ ശ്രദ്ധയ്ക്കു്.

സിനിമാതാരങ്ങളുടെ ഫോട്ടോകൾ ആവശ്യമുള്ളവർ മുൻകൂട്ടി M. O. ആയി പണം അയയ്ക്കുക.

ചാർജ്ജു വിവരം

ഫുൾപ്ലേസസ് 10 രൂപ കപ്പാർപ്ലേസസ് 3 രൂപ
ക്യാബിനറ്റു് പ്ലേസസ് 5 രൂപ പാസ്പോർട്ട്പ്ലേസസ് 1 50 രൂപ

വിശദവിവരങ്ങൾക്കു് ആവശ്യമുള്ള പോസ്റ്റൽ സ്റ്റാമ്പുസഹിതം താഴെക്കാണുന്ന വിലാസത്തിൽ എഴുതുക.

R. Rajan Cinema Still Photographer, Chittoor House, Quilon-13.

(16-ൽനിന്നും തുടർച്ച)

ക്കാൻ എന്റെ അമ്മയുടെ ശവം തിന്നുമെടാ."

എന്നു പറഞ്ഞിട്ടു് പൊട്ടിപ്പൊട്ടിക്കരയുകയാണു് കോമിനായർ. ആ വലിയമനുഷ്യന്റെ ശബ്ദം രോദനമായി മാറുന്നു. ദുഃഖത്തെ ഞെരിച്ചുകൊല്ലുന്നതിൽ വിദഗ്ദ്ധനായ കോമിനായർ ദുഃഖിക്കുന്നു. കോമിനായരുടെ ദുഃഖത്തിനു് പ്രത്യേകതയുണ്ടു്. അതു് ഒറ്റപ്പെട്ടതാണു്. തീവിടിച്ച ദുഃഖം. നീലൻ പോയതിനുശേഷം നാം കാണുന്നതു് സ്വന്തം അമ്മയുടെ തണുത്തു വിറങ്ങലിച്ച പാദങ്ങളിൽ കണ്ണീർ മുത്തുകളായി ഉരുകിയൊലിച്ചു വീഴുന്ന രാക്ഷസനായ കോമിനായരെയാണു്.

കാവാലം വിശ്വനാഥക്കുറുപ്പിന്റെ "കായൽ" എന്ന നോവലിലെ അസാധാരണനായ കഥാപാത്രമാണു് എന്നെ ആകർഷിച്ച കോമിനായർ. വേമ്പനാട്ടുകായലിന്റേയും ആ കായൽകരയിൽ നിലങ്ങളാക്കിയ സാഹസികന്മാരുടേയും കഥപറയാനുള്ള വിശ്വനാഥക്കുറുപ്പിന്റെ ആഭിനന്ദനമർഹിക്കുന്ന അവേശത്തിനിടയിൽ ഉരുത്തിരിഞ്ഞുവന്ന ഒരു ഭീമനാണു് കോമിനായർ. കോവിലകത്തു കുറുപ്പന്മാരും വല്യവീട്ടിൽ നായന്മാരും തമ്മിലുണ്ടായ കൊടിപ്പകയുടെ കഥ കായൽപോലെ ഈ 'കായലിൽ നീണ്ടപരന്നു് കിടപ്പുണ്ടു്. പക്ഷേ, എന്നെ ആകർഷിച്ചതു് കോമിനായരുടെ ക്രൂരതയാണു് അല്ലെങ്കിൽ ശക്തിയാണു്. സ്നേഹത്തെയും. ബന്ധങ്ങളേയും ആത്മാർത്ഥതയേയും കായലുമായി തട്ടിച്ചുനോക്കുന്ന ഈ കട്ടനാടൻപ്രഭു എല്ലാറ്റിനെയും വിഴുങ്ങിനിൽപ്പുണ്ടു്: ഉണ്ണിയേയും,പാറുക്കുട്ടിയും കുഞ്ഞിലാപ്പുലയനും, കണ്ടപ്പനും, കിട്ടുക്കുറുപ്പും, റാഹേലും, വിക്രമനും, സാവിത്രിയും ഒക്കെത്തന്നെ കായലിലെ മോഹിപ്പിക്കുന്ന കഥാപാത്രങ്ങൾതന്നെ. പക്ഷേ, എന്നെ ആകർഷിച്ചതു് കോമിനായർ മാത്രം. കാരണം കോമിനായരുടെ മെതിയടികർ ചലിക്കുന്ന ശബ്ദത്തിൽ ലയിച്ചില്ലാതായിപ്പോകാനേയുള്ളു ഈ കഥാപാത്രങ്ങൾ.

കൂട്ടുനാടിനെ തഴുകി താലോലിച്ചു നില്ക്കുന്ന, കോമിനായർ എന്ന വലിയ മനുഷ്യന്റെ കഥ പറയുന്ന 'കായൽ' ശ്രദ്ധിക്കപ്പെടേണ്ട ഒരു നോവലാണു്. കാവാലം വിശ്വനാഥക്കുറുപ്പിനു് അഭിമാനിക്കാം ഈ ഒരു നോവൽകൊണ്ടതന്നെ. നാഷണൽ ബുക്സ്റ്റാൾ (കോട്ടയം) വിതരണം ചെയ്യുന്ന ഈ ഗ്രന്ഥത്തിന്റെ വില 12 രൂപ 50 പൈസയാണു്. ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ. എന്റെ അഭ്യർത്ഥനയനുസരിച്ചു് ഈ നോവൽ വായിച്ച ഒന്നരണ്ടു് യുവതികളുൾപ്പെടെ നാലഞ്ചുപേർ എന്റെ അഭിപ്രായത്തോടു പൂർണ്ണമായി നോജിക്കുന്നില്ല. നിങ്ങൾ ഈ നോവൽ വായിച്ചിട്ടു് കോമിനായരെക്കുറിച്ചു് നിങ്ങൾക്കു തോന്നുന്നതെന്തോ, അതു് എന്നെ എഴുതിയറിയിക്കാനഭ്യർത്ഥിക്കട്ടെ.

വാണി ജയറാം

വാണിജയറാം—ലതയെ പിന്തുടരുന്നുവോ?

എൺപത്തിയഞ്ചു് പാട്ടുകൾ പാടിയിട്ടും വാണിജയറാമിനു് അർഹിക്കുന്ന പ്രശസ്തിയോ ബഹുമതിയോ ലഭിച്ചുവോ?

ഇല്ല. കാരണമെന്താണു"? ലതാമങ്കേഷ്കർ, ആശാബോൺസ്ളേ എന്നിവർ നമ്മിൽ സ്വാധീനം ചെലുത്തിനില്ലുന്നു. പലപ്പോഴും കഴിവുള്ളവർക്കു്. അർഹിക്കുന്ന പ്രോത്സാഹനമോ പ്രശസ്തിയോ ലഭിക്കാൻ ഇന്നും സ്വാധീനം തഴസ്സമായി നില്ലുറുണ്ടു്. മലയാളസിനിമാരംഗമടക്കമുള്ള നോക്കു പുതിയ ആളുകൾ അടിസ്ഥിക്കാനും, പാടാനും രംഗത്തേക്കു് വരുമ്പോൾ അവരുടെ കഴിവു് നാംതാരതമ്യപ്പെടുത്തുന്നതു് നസീറിനോടോ, യേശുദാസിനോടോ ആയിരിക്കും. തന്റെ വ്യക്തിത്വത്തിനു് സ്ഥാനം കല്പിച്ചുകൊടുത്താലെ പുതിയ കലാകാരന്മാർക്കും കലാകാരികൾക്കും സിനിമാരംഗത്തു് പിടിച്ചുനില്ലാൻ കഴിയൂ.

ലതാമങ്കേഷ്കർ ഭാരതീയ ചലച്ചിത്രഗാനലോകത്തിലെ ഒരിക്കലും വറ്റാത്ത നദീധാരയാണു്. ആ നദിയുടെ നീരൊഴുക്കിൽ ഒരു വൃൽക്കൊടി പോലെ 'ബോൽ രേ പപീഹരാ' എന്ന ഗാനശകലവുമായി കടന്നുവന്നു് സ്വന്തം വ്യക്തിത്വം സ്ഥാപിച്ച വാണി ജയറാം വെറും ഗായികയായി കണക്കാക്കാൻ പറ്റുകയില്ല. വസന്തഋതുവിനെ കാത്തിരിക്കുന്ന വാണിയെ കുറിച്ചു് ഗുൽസാർ എഴുതിയ ഗാനമാണു് വാണിയെ ശ്രുതിയാക്കിയതു്. പക്കീസ, ഒർഹിത, വിഷ്ടുവർധൻ, ഹരിദർശൻ, ബാൻസിബ്രിജു..... തുടങ്ങിയ ചിത്രങ്ങളിലൂടെ വാണിജയറാം ചലച്ചിത്രഗാനരംഗത്തെ ഒരു യാഥാർത്ഥ്യമായി മാറി. ഹിന്ദിചലച്ചിത്രരംഗത്തു് എൺപതുകളുടെ ഗാനങ്ങൾകൊണ്ടു് ലതയോടൊപ്പം പേരെടുക്കാനുള്ള ഭാഗ്യമുണ്ടായവർ അതു് അസാധാരണഭാഗ്യംതന്നെ.

'ബോൽ രേ പപീഹരാ' യിലൂടെയാണു് വാണിജയറാം എന്നെ ഒരു ദാഹമായതു്. ആ ദാഹം ലതയെ പലപ്പോഴും മാറിനിന്നുതാൻ എന്നെ പ്രേരിപ്പിക്കുന്നു, ഇൻഡ്യയിലെ ഏറ്റവും നല്ല. ഏറ്റവും വലിയ ചലച്ചിത്രഗായിക ലതയാണെന്നു് പൂർണ്ണമായും സമ്മതിച്ചുകൊണ്ടുതന്നെ ഹിന്ദിയിലെ ഏതാനും പ്രസിദ്ധീകരണങ്ങൾ മറിച്ചുനോക്കിയ എനിക്കു് വാണിജയറാം ലതയുടെ സ്ഥാനം ക്രമേണ കയ്യടക്കിക്കൊണ്ടിരിക്കുന്നു എന്നുഹിക്കാൻ കഴിഞ്ഞു. മറാത്തിയിൽ ഇവർ അനേകം ഗാനങ്ങൾ ആലപിച്ചിട്ടുണ്ടു്. മലയാളസിനിമയിലും വാണി പാടിയിട്ടുണ്ടു്. ഓർമ്മിക്കുന്നില്ലേ സപ്തസ്വരത്തിലെ 'നിന്നെ ഞാനെന്തു വിളിക്കും' എന്ന ഗാനം?

വിവാഹിതയാണു് വാണി. ഭർത്താവിന്റെ പേരാണു് ജയറാം. 'എന്റെ എല്ലാ വിജയത്തിനേറയും പിന്നിൽ എന്റെ ഭർത്താവുണ്ടു്' ആ ആത്മവിശ്വാസത്തിലാണവർ. ഒരു എയർഹോസ്റ്റസ്സായിരുന്ന വാണിയുടെ ജീവിതലക്ഷ്യം ഒരു ചലച്ചിത്രഗായികയാകണമെന്നതൊന്നായിരുന്നു. അവർ ഓർമ്മിക്കുന്നു 'ഓരോ യാത്രക്കാരനേറയും ചെവിയിൽ ശബ്ദിക്കുമ്പോൾ എന്റെ മാധുര്യം നഷ്ടപ്പെടുന്നല്ലോ എന്ന ഖേദമായിരുന്നെനിക്കു്. കരയുന്ന കുട്ടികളെ ഞാൻ പാട്ടുപാടി ഉറക്കിയിട്ടുണ്ടു്. പ്രിയമുള്ള വാണിയെയാണു് റേഡിയോയിൽ നിങ്ങളുടെ പല പാട്ടുകളും കേട്ടു് ഞാൻ ഉറങ്ങാറുണ്ടു് ഞാൻ മാത്രമല്ല ഞങ്ങളെല്ലാം.'

സുന്ദരിക്കളില്ലാത്ത സുന്ദരികളുടെ നാടു്

ലോകത്തിലെ ഏറ്റവും സുന്ദരികളായ പെൺകുട്ടികൾ സ്വീഡനിലാണെന്നു് പരക്കെ വിശ്വസിക്കുന്നു. ഇതുമൂലം മദാലസകളായ സ്ത്രീകളെ മറ്റെങ്ങും കാണുകയില്ലത്രെ. ബ്രൗൺ നിറമുള്ള തൊലിയും കുറുത്തമുടിയുമുള്ള പുരുഷന്മാർ—സ്വീഡനിലെ സുന്ദരികളുടെ ദൗർബല്യമാണെന്നു് മറ്റൊരു സത്യവും പരക്കുന്നുണ്ടു് ഈയിടെ ലണ്ടനിൽ സ്ഥിരതാമസത്തിനെത്തിയ 'ഒരു സുഹൃത്തു്' ഒരു ദിവസം ഷോപ്പിംഗും കഴിയുമ്പോഴേക്കെഴിഞ്ഞു് സുമുഖനായി സ്വീഡനിലെ രണ്ടാമത്തെ വലിയ പട്ടണമായ ഗോഥ്ബർഗിലേക്കു് വണ്ടികയറി. സ്വീഡനെക്കുറിച്ചു് ലോകംമുഴുവൻ അലയടിക്കുന്ന വാർത്തകളാണു് ഈ മനുഷ്യനെ ഗോഥ്ബർഗിലെത്തിച്ചതു്. സുന്ദരികളും മാദകത്തിടമ്പുകളുമായ പെൺകുട്ടികളെത്തേടി ഏഴു പകലുകളും ഏഴു രാത്രികളും അയാൾ ആ പട്ടണത്തിൽ അലഞ്ഞുതിരിഞ്ഞു. പല സ്ത്രീരൂപങ്ങളും അയാൾക്കു മുന്നിലൂടെ കടന്നുപോയി. പക്ഷേ ആരും അയാളെ തിരിഞ്ഞുനോക്കിയില്ല... ഒടുവിൽ ആ സഞ്ചാരിക്കു് മൂന്നാലു സുഹൃത്തുക്കളെ കിട്ടി. പെൺവേട്ടസ്സായി പോക്കറിലെ അവസാനപ്പൈസവരെ ചിലവഴിച്ച നിർഭാഗ്യവാന്മാർ. ഒടുവിലവർ സ്വീഡിഷ്ഗവണ്മെന്റിലെ ഇൻഫൊർമേഷൻ മന്ത്രിക്കു് ഇപ്രകാരം ഒരു പരാതി അയച്ചു 'സുന്ദരികളായ പെൺകുട്ടികൾ, കുറുത്തമുടിയുള്ള ബ്രൗൺനിറത്തിലെ തൊലിയുള്ള പുരുഷന്മാരെ മോഹിക്കുന്ന മാദകത്തിടമ്പുകൾ—സ്വീഡന്റെ പ്രത്യേകതകളിലൊന്നിതാണെന്നു് പ്രചരിപ്പിക്കുന്ന നിങ്ങളുടെ ഇൻഫൊർമേഷൻ വിഭാഗം ഇല്ലാതാക്കുക. സുന്ദരികളേ സ്വീഡനിലെ അമ്മമാർ ഇനിയും ജനിപ്പിക്കേണ്ടിയിരിക്കുന്നു.'

—o—

(13-ൽനിന്നും തുടർച്ച)

നസ്സിലാവുകയില്ല. മാർക്സിനെക്കുറിച്ചു നാലു വാക്യങ്ങളും സാർത്രിനെക്കുറിച്ചു മൂന്നു വാക്യങ്ങളും മറ്റാരോ എഴുതിയതു കാണാതെപഠിച്ചുകൊണ്ടു നടന്നു്, ആളുകളെ ആകർഷിക്കുകയും പുതിയ തലമുറയുടെ കൂടെ നില്ലുകയും ചെയ്യാൻ കൊതിച്ചു് കാണ്ടാക്കുവാൻ വേണ്ടി സമയാസമയം കുരയ്ക്കുന്ന അത്തരം ഹിപ്പോക്രിറുകൾക്കുവേണ്ടിയല്ല ഈ ലേഖനം എഴുതപ്പെട്ടിട്ടുള്ളതു്.

(പുറം 64)

വാക്യത്തിലെ സമുച്ചയം നോക്കുക. എന്നെ കഴുത, പട്ടി, ഹിപ്പോക്രിറ്റ് എന്നൊക്കെ വിളിക്കുന്നതിന്നിടയിൽ നരേന്ദ്രപ്രസാദ് സമുച്ചയം തൊറിച്ചുകളഞ്ഞു. എങ്ങനെ തൊറിക്കാതിരിക്കും? ലേഖനത്തിന്റെ ആദ്യഭാഗത്തു് ജീവിതലക്ഷ്യം 'സൗകര്യമുള്ളപ്പോൾ ഉടുക്കുകയും അസൗകര്യമുള്ളപ്പോൾ അഴിക്കുകയും ചെയ്യാവുന്ന ഒരു കോണകമല്ല' എന്നു് അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അലങ്കാരങ്ങളുടെ ആവിർഭാവത്തിനു് പ്രയോക്താവിന്റെ മാനസികനിലയോട്ട ബന്ധമുണ്ടു്. കൗപീനം അഴിക്കുന്നതിൽ 'ദത്തശ്രദ്ധ'നായ പ്രസാദു് വ്യാകരണനിയമം ഓർമ്മിക്കാത്തതിൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു!

പ്രിയപ്പെട്ട വായനക്കാരേ! ചന്ദ്രൻ ഉദിച്ചുനില്ലുന്നു. ഇതാ ഒരു പട്ടി അതിനെ നോക്കി കുരയ്ക്കുന്നു. ഇതുപോലെ മനോഹരമായ രാത്രിയിലായിരിക്കണം നരേന്ദ്രപ്രസാദ് ലേഖനമെഴുതിയതു്. ചന്ദ്രനെ കണ്ടമാത്രയിൽ അദ്ദേഹത്തിന്റെ കഴുത്തു നീണ്ടു. മാംസപേശികൾ വലിഞ്ഞു. വാ തുറന്നു. അതാ ഊ ഊ എന്ന അസഹനീയമായ ശബ്ദം മലയാളനാട്ടിൽ കേൾക്കുന്നു.

...o...

നദീമുഖത്തു്

— ജോൺസൺ ടി, എൽ.

അമ്പിളിത്തോണിൽ, വെള്ളി–
ത്തിരകൾ നദീമുഖ–
ത്തുമ്മവെച്ചുണർത്തിട്ടും
വസന്തം കാണും വ്യാജാൽ,
രണ്ടിണക്കുരുവികൾ
പോലെ നാമിരിക്കവെ
കണ്ടുനിൻ വദനത്തിൽ
വിടരും മന്ദസ്മേരം.
(ഒരു സാഹസം ചെയ്യാ–
നണയും വിരലുകൾ
ഒരു പൂഴിക്കൊട്ടാരം
തീർക്കണതോർത്തിച്ചാവും!)
മിടുക്കിപ്പെണ്ണേ! പശ്ചി–
മാബ്ധിയിൽ മാനം നോക്കി–
പ്പൊട്ടിനെ തുക്കാൻ പിന്നെ
തന്മുഖം കനിക്കവെ;
അടരും കാർക്കുന്തലിൽ
ചൂടിയ പിച്ചിപ്പൂക്കൾ,
താരകൾ, മാത്രം വാനിൽ
കൺചിമ്മിച്ചിരിക്കവെ;
ഇഴയും വിരലുകൾ
നിന്റെ മേനിയിൽ നിത്യ–
വസന്തം വരയവെ
തടയാഞ്ഞതെന്തെയേ?
സംശയമാരാഞ്ഞപ്പോൾ
സ്മൈണജന്യമാം ശക്ത–
സംശയ ചിത്തം ചൊല്ലി:!
"ലോകരെ സൂക്ഷിക്കേണ്ടേ!"

—o—

സത്യജിത്‌റേയുടെ ഏറ്റവും പുതി

യ ചിത്രത്തിന്റെ പേരാണ് 'സോനാർ കെല്ല'. മലയാളത്തിൽ സ്വർണ്ണദുർഗ്ഗം എന്നു പറയാം. റേയുടെയുള്ള ചില അഭിമുഖ സംഭാഷണങ്ങളിൽനിന്നും എല്ലാത്തരം പ്രേക്ഷകരെയും ആകർഷിക്കുന്ന ഒരു മുന്നാംതരം ചിത്രമാണ് സോനാർ കെല്ല എന്നു വ്യക്തമാവുന്നു. 'ചിരിയാങ്കാനെ' എന്ന കഴിഞ്ഞ ചിത്രത്തിന്റെ ദയനീയ പരാജയമാണോ റേയെ ഇത്തരമൊരു ചിത്രമെടുക്കാൻ പ്രേരിപ്പിച്ചതെന്നു വ്യക്തമല്ല. അദ്ദേഹത്തിന്റെ ചില മറുപടികളിൽനിന്നും ആ ഊഹം സ്ഥിരീകരിക്കാൻ ന്യായം കാണുന്നുണ്ട്.

റേയുടെ സിനിമാചരിത്രത്തിലെ വലിയൊരുവീഴ്ചയിലിരിവായിരിക്കും. 'സോനാർ കെല്ല' ലോകചലച്ചിത്രവേദിയിൽ ഇൻഡ്യയുടെ മുഖമുദ്ര പതിപ്പിക്കുവാൻ പര്യാപ്തമായ ചിത്രങ്ങൾ നിർമ്മിച്ച റേ എന്തോട്ടു തിരിയുകയാണു ഭാവം എന്നാണു പലരും ചോദിക്കുന്നത്. 'സാങ്കേതിക-സംവിധാനരംഗത്തുണ്ടായ പുരോഗതിയുടെ പ്രതിഫലനം കഴിയുന്ന ഈ ചിത്രത്തിനു ചില പ്രത്യേകതകളുണ്ട്. അതന്താണെന്നു ഇപ്പോൾ വിശദീകരിക്കുന്നില്ല. നിങ്ങൾ എന്റെ മൂന്നാംതരം ചിത്രം കണ്ടുനോക്കു. നിങ്ങൾ അതിനെയല്ലേ സോനാർകെല്ലയെ വിശേഷിപ്പിക്കുന്നത്'. 'സോനാർകെല്ലയെക്കുറിച്ച്' റേ പലതും മൂടിവയ്ക്കുകയാണു. ഈ മൂടിവയ്ക്കൽ പല ഊഹാപോഹങ്ങൾക്കും കാരണമാവുന്നു 'ഒരു മുന്നാംതരം കഥയായിരിക്കാം, പക്ഷേ റേ എന്ന സംവിധായകന്റെ മുദ്ര അതിലുണ്ടാവും; സസ്പെൻസ് ത്രില്ലറുകൾക്ക് ചില പ്പോളൊരു മാറ്റുമുണ്ടാവാം'. പലരും സമാധാനിക്കുന്നതിങ്ങനെയാണു. സോനാർകെല്ലയുടെ കഥ റേയുടേതാണോ കൊള്ളക്കാരനും, അടിയും ഇടിയും കത്തിക്കുത്തും, നിധിക്കുവേണ്ടിയുള്ള മൽപ്പിടുത്തങ്ങളും— ഒരു സാധാരണ സസ്പെൻസ് ചിത്രത്തിനാവശ്യമായ എല്ലാംചേർന്നതാണു ഇതിലുമുണ്ടാവും. സൗമിത്രചാറ്റർജിയാണു പ്രധാനറോളിൽ പ്രത്യക്ഷപ്പെടുന്നത്. സന്തോഷ് ദത്തഞ്ജയ് ബാനർജി, മൈസൂർമുക്കർജി, യൂഷൻ ചക്രവർത്തി, സിദ്ധാർത്ഥചാറ്റർജി തുടങ്ങിയവരാണു മറ്റു താരങ്ങൾ.

സത്യജിത്‌റേയുടെ ജന്മസിദ്ധമായ ലളിതകലാവൈദഗ്ദ്ധ്യം പൂർണ്ണമായും മനസ്സിലാക്കാൻ സോനാർകെല്ല സഹായിക്കുമെന്നു അദ്ദേഹത്തിന്റെ സഹപ്രവർത്തകരും ചില നിരൂപകരും പ്രസ്താവിച്ചിരിക്കുന്നു റേ ഏറ്റവും വലിയ ഒരു സംഗീതജ്ഞനാണെന്നും 'ഗോപി ഗായേ ബാഗാ ബായേ' തെളിയിച്ചു സർഗ്ഗധനനായ ഒരു നോവലിസ്റ്റാണെന്നു 'നായകിൽ' വ്യക്തമാക്കി ഇൻഡ്യയിലെ ഏറ്റവും പ്രഗത്ഭനായ ക്യാമറാമാനാണു താനെന്നു ബിനോദ് ബെഹാറി മുക്കർജിയുടെ 'ദി ഇന്നർ ഐ' യിൽ തെളിയിച്ചു. ചിരിയാങ്കാനാവരെയുള്ള എല്ലാ ചിത്രങ്ങളും ലോകത്തിലെ ഏറ്റവും പ്രശസ്തരായ സംവിധായകരുടെ നിരയിൽ തനി

സോനാർ കെല്ല

റേയുടെ മൂന്നാംതരം ചിത്രമോ?

ക്കും മാന്യമായ സ്ഥാനമുണ്ടെന്നു അദ്ദേഹം അതിവ സാമർത്ഥ്യത്തോടെ നമുക്കു കാട്ടിത്തന്നു. പക്ഷേ സോനാർകെല്ലയിൽ പൂർണ്ണതപ നേടുകയാണു റേ. മൃണ്മയി ഷ്യൻ, ഛായാഗ്രാഹകൻ, ക്യാമറാമാൻ, ഡയറക്ടർ - എന്നീ നിലകളിൽ പ്രശസ്തിനേടിയ ഒരുകലാകാരന്റെ പ്രതിഭകൾ ഒന്നായിച്ചേരുകയാണിതിൽ. സത്യജിത്‌റേയുടെ ജീവിതത്തിൽ സോനാർകെല്ല എന്ന മൂന്നാംകിട ചിത്രം ഒരു കറുത്തപാടാകുമോ അതോ ഒരു കിരീടപ്പൊട്ടാകുമോ? ചിത്രം കണ്ടു തീരുമാനിക്കാനല്ലേ കഴിയൂ.

★

വെള്ളിത്തിരകളെ കീടിലം കൊള്ളിക്കുന്ന— ആലങ്കാരികമായി നാം ഉപയോഗിക്കാറുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ വെള്ളിത്തിരകളെ കീടിലം കൊള്ളിക്കുന്ന ഒരു ചിത്രം നിർമ്മാണത്തിലിരിക്കുന്നു. യൂണിവേഴ്സൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ പേരു്, 'എത്ത്കേപ്പക്ക്' എന്നാണു്. 'സെൻസറൗണ്ട്' എന്ന പുതിയ ഒരു സൗണ്ട്സിസ്റ്റം ഈ ചിത്രത്തിലുപയോഗിക്കുന്നുണ്ട്. ഭൂമികുലുക്കമുണ്ടാക്കുമ്പോഴുണ്ടാകുന്ന ശബ്ദം അതേപോലെ തീയേറ്ററിനുള്ളിലും കേൾക്കാമെന്നതാണു് ഇതിന്റെ പ്രത്യേകത. സെൻസറൗണ്ടുള്ള ഈ ചിത്രം പ്രദർശിപ്പിക്കുന്നതിനുമുമ്പു് തീയേറ്ററിന്റെ അടിത്തറയും മറ്റും ശരിയായി പരിശോധിക്കണമത്രെ. ഉറപ്പില്ലാത്ത തീയേറ്ററിൽ ഈ ചിത്രം പ്രദർശിപ്പിച്ചാൽ കെട്ടിടം തകർന്നുവീണു് ആപത്തുകളുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നു് സെൻസറൗണ്ടിന്റെ ഉപജ്ഞാതാക്കൾ മുന്നറിയിപ്പു് നല്കുന്നു.

ലോകത്തിലാദ്യമായി 'സെൻസറൗണ്ടു്' സൗണ്ടുസിസ്റ്റം ഉപയോഗിക്കുന്ന ഈ എർത്ത്കേപ്പക്കിന്റെ കഥ ഗോഡ്ഫാദറിലൂടെ ലോകപ്രശസ്തനായ മാരിയോപുസോയുടേതാണു്. മാർക്ക് റോബ്സൺ നിർമ്മാണവും സംവിധാനവും ഏറെറടുത്തിരിക്കുന്ന ഈ ചിത്രത്തിൽ വലിയ 'സ്റ്റാർകാസ്റ്റാണുള്ളതു്. ആവാഗാർഡനർ, ചാൾട്ടൻഹെസ്റ്റൻ, ലോയിഡ് നോലാൻ, ജെനേവി ജോൾഡ് ജോർജ് കെന്നഡി തുടങ്ങിയവർ സെൻസറൗണ്ടു് ആദ്യമായി ഉപയോഗിക്കുന്ന ഈ ചിത്രം ലോകചലച്ചിത്രവേദിയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സഹായിക്കുമെന്നു് ഹെസ്റ്റൻ ഒരഭിമുഖസംഭാഷണത്തിൽ പ്രസ്താവിച്ചു.

★

മലയാളത്തിൽ വമ്പിച്ച വിജയം നേടിയ 'വാഴ്വേമായ'ത്തിന്റെ ഹിന്ദിയാണു് ആപ് കി കസം. ഈയിടെ മൂന്നാലു് നിരൂപണങ്ങളിൽനിന്നു് കഥയെക്കുറിച്ചു് നല്ല അഭിപ്രായം രേഖപ്പെടുത്തികണ്ടു. പ്രസിദ്ധമായ ഒരു പത്രത്തിലെ നിരൂപണത്തിലെ വരികളിങ്ങനെയാണു്

It is a beautiful story and holds the viewers interest from beginning to end. The unexpected shaltering climax is something very novel for the Hindi screen.' ഹിന്ദി സിനിമയ്ക്കു് പുതുമ പകർന്ന "ആപ് കി കസ്" ത്തിന്റെ കഥാകൃത്താരെന്നും ചിത്രം കാണുന്നവർക്കു വ്യക്തമല്ല. രാംപ്രകാശ് കഥാകൃത്തായ ശ്രീ. പി. അയ്യനേത്തിന്റെ പേരു്, ഒരു മലയാളിയായതുകൊണ്ടു മനഃപൂർവ്വം വിട്ടുകളഞ്ഞു എന്നേ കരുതാനാവൂ. "വാഴ്വേമായം ഹിന്ദിയിലേക്കു് പരിഭാഷപ്പെടുത്തിയവർ അതിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിക്കളഞ്ഞു. രാജേഷ്ഖന്നയും, മുംതാസും സഞ്ജീവ്കുമാറുമുള്ളതുകൊണ്ടു് ചിത്രം ഒരുവിധം രക്ഷപ്പെട്ടു." ചിത്രം കണ്ടതിനു ശേഷം ബോംബയിൽനിന്നു് ഒരു സുഹൃത്തു് എനിക്കെഴുതിയതാണു്. കഥാകൃത്തായ പി. അയ്യനേത്തിന്റെ പേരു് ടൈറ്റിലുകളിൽ ഉൾപ്പെടുത്താതിരുന്നതു് അദ്ദേഹത്തോടു് രാംപ്രകാശ് നീതികാണിച്ചതാണെന്നു് ഞാൻ കരുതുന്നു. കാരണം വാഴ്വേമായത്തിന്റെ ആത്മാവിനെ നശിപ്പിച്ചാണല്ലൊ ആപ്കി കസമാക്കിയതു്! ഏതായാലും ഇത്തരം ദുഷിച്ച പ്രവണതകൾക്കെതിരെ ശക്തിയായ നീക്കങ്ങൾ ആവശ്യമായിരിക്കുന്നു.

കഴിഞ്ഞയാഴ്ചയിൽ രണ്ടുചിത്രങ്ങൾ കാ

മംഗലശ്ശേരി

ണാനവസരമുണ്ടായി. അടുത്തകാലത്തു് പുറത്തിറങ്ങിയ മലയാളചിത്രങ്ങൾ മനസ്സിലുണ്ടാക്കിയ മരവിപ്പു മാറാൻ ഇവ സഹായിച്ചു. ജോസഫ് ഇൻ ലെവിൻ നിർമ്മിച്ച റെനിക്ളമന്റു് സംവിധാനം ചെയ്ത "ടൈഡർ ഓൺ ദി റെയിൻ", ബാസുഭട്ടാചാര്യ സംവിധാനംചെയ്ത 'അനുഭവ്" എന്നിവയായിരുന്നു ആ ചിത്രങ്ങൾ. കൊല്ലം കൃഷ്ണാതിയേറ്ററിൽ രണ്ടു ദിവസത്തെ ഗ്യാപ്പിനാണു് അനുഭവ് പ്രദർശിപ്പിച്ചതു്. ഇന്ത്യാഗവണ്മെൻറിന്റെ വെള്ളിമെഡൽനേടിയ ചിത്രത്തിന്റെ പ്രദർശനം പകുതിയോളം കഴിഞ്ഞപ്പോൾ ആരംഭിച്ച കൂവൽ ചിത്രം തീരുന്നതുവരെ നിലനിന്നു. ഗൗരവപൂർവ്വം, അതിവത്സല്യത്തോടെ ചിത്രം കണ്ടുകൊണ്ടിരുന്ന പലരേയും അത്യധികം വേദനിപ്പിച്ചു ഈ സംഭവം. നമ്മുടെ ചലച്ചിത്രബോധത്തെ സംപൂർണ്ണമാക്കുന്ന 'അനുഭവ്" ആസ്വദിക്കാൻ കഴിവില്ലാത്ത നമുക്കു്, കലാമൂല്യ

മുള്ള സിനിമയെക്കുറിച്ച് ചിന്തിക്കാൻ പോലും കഴിയില്ലല്ലോ.

അനുഭവ് പ്രദർശിപ്പിച്ച അതേ തിയേറ്ററിൽവച്ചുതന്നെയാണ് ആർ.ബി. പ്രൊഡക്ഷന്റെ 'മോഹം' എന്ന ചിത്രം കണ്ടത്. ഇന്ത്യയിൽ ഏറ്റവും നല്ല ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നത് ബംഗാളിലും കേരളത്തിലും മാത്രം എന്നാണ് ലോകം മുഴുവനും അറിയുന്നത്. പക്ഷേ, ഇവിടെ ഇത്തരം ക്ഷമയേയും ചലച്ചിത്രബോധത്തേയും ഞെക്കിക്കൊല്ലുന്ന ചിത്രങ്ങളും നിർമ്മിക്കുന്നുവെന്നു് അവർ അറിയുന്നുണ്ടോ! ബാംഗ്ലൂരിൽ 50,000 രൂപ സബ്സിഡി ലഭിക്കുമെന്നതുകൊണ്ട് മാത്രമാണ് ഇത്തരം കുട്ടത്ത സൗഹൃങ്ങൾ കാണിക്കുന്നത്. ഒരു പത്രവാർത്തയിൽ ആന്ധ്രാഗവർണ്മെന്റ് തങ്ങൾ ചിത്രനിർമ്മാതാക്കൾക്ക് നൽകിവന്ന സബ്സിഡി 50,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതായി കണ്ടു. ഈ സഹായധനം ഇനിയും ഇത്തരം വികൃതമായ മോഹങ്ങളേയും അലഞ്ഞുനടക്കുന്ന അലകളേയും സൃഷ്ടിക്കാനേ സഹായിക്കൂ. 'ഒരു ചലച്ചിത്രം നിർമ്മിക്കുകയെന്നത് ഒരിക്കലും ഒരു മോഹമാവരുത്. അതു് അടങ്ങാത്ത ആവേശമുള്ള ഒരു കലാകാരന്റെ മാത്രം ലക്ഷ്യമായിരിക്കണം' 'ഹിറോഷിമ മോൺ അമർ' എന്ന ലോകപ്രസിദ്ധചിത്രം സംവിധാനം ചെയ്ത അലെയ്ൻ റെസ്നെയിൻസ് പറഞ്ഞ വാക്കുകൾ മലയാളത്തിൽ വേരോടാത്തിടത്തോളം ഇത്തരം മോഹങ്ങളും അലച്ചിലും -അനാഥപ്രേതങ്ങളെപ്പോലെ അലഞ്ഞുതിരിയുന്നതു് നമുക്ക് കാണേണ്ടിവരും.

'മദിരാശിയിലെ മലയാളിവിരോധവും ചലച്ചിത്രങ്ങളും' എന്ന തലക്കെട്ടിൽ, മലയാളചലച്ചിത്രപരിഷത്തിന്റെ ഓണറിസെക്രട്ടറി എം. ഓ. ജോസഫ് എഴുതിയ ലേഖനം മലയാളികളുടെയെല്ലാം സവിശേഷശ്രദ്ധയാകർഷിക്കേണ്ടതാണ്. മലയാളചിത്രങ്ങൾ പ്രദർശിപ്പിച്ച തീയേറ്ററുകളിൽ തമിഴർ കല്ലെറിഞ്ഞ സംഭവം

PASS PRIVATELY!
Excellent Postal
Tuition and Oral Classes
For
M. A., B. A., Pre-Degree,
Matriculation
For details, apply with Re. 1/- stamps stating educational qualifications,
PREMIER COLLEGE,
Ambujavilasam Road,
Trivandrum-1. Phone 4801.

ഉദ്ധരിച്ചുകൊണ്ട് ശ്രീ: ജോസഫ് ചില കണക്കുകളുദ്ധരിക്കുന്നു. ഒരു മലയാളചിത്രത്തിനു് തമിഴ്നാട്ടിൽനിന്നും ലഭിക്കുന്ന ഏറ്റവും ഉയർന്ന വരുമാനം 15000 രൂപയാണ്. ഒരു വർഷം ഏഴോ എട്ടോലക്ഷം രൂപയാണ് നമുക്കു ലഭിക്കുക. പക്ഷേ, തമിഴ്ചിത്രങ്ങൾക്കു് കേരളത്തിൽനിന്നും രണ്ടുകോടിയോളം രൂപയുടെ റവന്യൂവാണ് കിട്ടുന്നതു്. മലയാളികൾ എത്ര നല്ല വരും വിശാലമനസ്കരുമാണ് ശിവാജിയും എം. ജി ആറും ഇവിടത്തെ തീയേറ്ററുകളിൽ ഭരണം നടത്തുന്നു. 'പരസ്പരധാരണകൊണ്ടും സ്നേഹംകൊണ്ടും രൂപീകരിച്ച സാംസ്കാരികനേതാക്കൾ വെട്ടിപ്പിടിച്ച സ്നേഹസാമ്രാജ്യങ്ങളെ വിഡ്ഢികളുടെ ക്ഷുദ്രപ്രമണ്ഡൂകങ്ങളും ക്ഷുദ്രനശിപ്പിക്കാൻനാം അനുവദിക്കരുതു്.' എം. ഒ ജോസഫിനോടു് പൂർണ്ണമായി യോജിക്കുന്നു. അതോടൊപ്പം 'മലയാളചിത്രനിർമ്മാണം മലയാളമണ്ണിലേക്കു് കൊണ്ടുവരണം' എന്ന മുദ്രാവാക്യത്തിനു് കൂടുതൽ ശക്തി ചെലുത്തേണ്ട കാലം കഴിഞ്ഞിരിക്കുന്നു.

—o—

(5-ാം നിന്നും തുടർച്ച)

സംബന്ധിച്ച് ചില കണ്ടുകൾ എഴുതിയയച്ചതു് (എന്റെ ഒരു ശുദ്ധത!) ചെന്നുവീണതു് ചവറുകുട്ടയിലാണ്.

നമ്മുടെ ആകാശവാണിക്കാർക്കും ശരിയുച്ചാരണം പ്രചരിപ്പിക്കാൻ കുറേയൊക്കെ കഴിയും.

ഇതിനുമുണ്ട് ഒരു മറുവശം: ചില മറുനാടൻമലയാളികളുണ്ട്, അന്യഭാഷകളുടെ ഗന്ധമില്ലാതെ (എന്നല്ലേ പറയേണ്ടു) അവയിലെ ചലച്ചിത്രങ്ങളേയും മറ്റും നിരൂപണം ചെയ്യുന്നവർ. അക്കൂട്ടത്തിൽപെട്ട ഒരു വീരൻ, സത്യജിത് രായുടെ ഒരു പടത്തിനു് എഴുതിയ നിരൂപണത്തിലാണെന്നാണ് ഓർമ്മ, പിനാകിയെ പിണ്ണാക്കിയാക്കിയതു് ഞാൻ കണ്ടതാണ്. കല്ക്കത്തയിൽ താമസിക്കുന്ന ഒരാൾ (എന്നുവേണം വിചാരിക്കാൻ), അതും സത്യജിത്രായുടെ പടങ്ങളെ വിമർശിക്കാൻ മുതിർന്ന ഒരു മനുഷ്യൻ, ബാങ്ങാലിപ്പേരുകൾപോലും പിടിയില്ലാത്തവനാണെന്നു് ആരു ശങ്കിക്കും?

ഇവരേയും വെല്ലുന്ന മറെറാരു കൂട്ടരുണ്ട്—മറുനാടരെക്കുറിച്ചു് കഥകളെഴുതുന്ന ചെറുകഥാകൃത്തുക്കൾ. അവർ തങ്ങളുടെ കഥാപാത്രങ്ങളുടെ സംഭാഷണം പകർത്തുന്നതു് വായനക്കാർക്കു് അവരുടെ വികാരവിചാരങ്ങൾ മനസ്സിലാകണമെന്നുവെച്ചല്ല, തങ്ങൾക്കു് അന്യഭാഷകൾ അറിയാമെന്നു് (!) വായനക്കാരെ ബോധിപ്പിക്കാനാണ്. അതുകൊണ്ട മറുനാടൻകഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ അവർ മറുനാടൻഭാഷകളിലെ (എന്നു് വിശ്വസിക്കണം നമ്മൾ) പകർത്തും: അവരുടെ മുമ്പിൽനിന്നു്, സാഹസകർത്രേ നമസ്തുഭ്യം എന്നുപറഞ്ഞു് പുറം തിരിഞ്ഞോട്ടുകയേ രക്ഷയുള്ളൂ.

ഇവരെയൊക്കെ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ വിട്ടുകൊണ്ടു് നമുക്കു് നമ്മുടെ മധ്യമമാർഗ്ഗത്തിലേക്കു് കടക്കുക.

ബാങ്ങ്ലഭാഷയിൽ പിടിയില്ലാത്തവർ നമ്മുടെയിടയിൽ പറഞ്ഞുപരത്തിയ ഒരു നുണയാണ് നമ്മുടെ 'അ' കാരത്തിന്റെ സ്ഥാനത്തു് 'ബംഗാളി'യിൽ 'ഒ' കാരമാണെന്നു്. സംസ്കൃതപദങ്ങളിൽ മുട്ടിനു മുട്ടിനു് ഒകാരം കൊരുത്താൽ 'ബംഗാളി'യായെന്നാണ് അവരുടെ ഭാവം; നമ്മെ അവർ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതും. വാസ്തവമോ?

ബാങ്ങ്ലയിൽ വർണ്ണമാലയിലെ ആദ്യക്ഷരത്തിനും പണ്ടൊക്കെ—അത്ര പണ്ടുമല്ല—സ്ഥാനഭേദമനുസരിച്ചു് മൂന്നു്, അഥവാ നാല്, ഉച്ചാരണമായിരുന്നു. ഒന്നു് വിവൃതം—നമ്മുടെ 'അ'തന്നെ. രണ്ടു്, സംവൃതം—ഏതാണ്ടു്, awe എന്ന ഇംഗ്ലീഷ് വാക്കിനെ ഹ്രസ്വമാക്കിയാൽ കിട്ടുന്ന ശബ്ദം. മൂന്നാമത്തതിനെ ഒകാരം പോലുള്ള ഉച്ചാരണം എന്നു പറയുന്നു. നാലാമത്തേതു് ഉപ്പും, ഉച്ചരിക്കായ്ക്കു— ഹിന്ദിയിൽ കമല എന്നെഴുതി കമൽ എന്നു വായിക്കാറില്ലേ, അതുപോലെ. ഇതിൽ വിവൃത—അകാരം ബാങ്ങ്ലയിൽ നഷ്ടപ്പെട്ടുപോയിരിക്കുന്നു. അതുകൊണ്ടു് ഇന്നു് ഈ അക്ഷരത്തിനു് ആ ഭാഷയിൽ മൂന്നു്, അഥവാ രണ്ടു്, ഉച്ചാരണമേഉള്ളൂ. ഇതിൽ സംവൃത—അകാരോച്ചാരണത്തെ, സാധാരണം സ്വകീയം സഹജം എന്നൊക്കെയാണ് വൈയാകരണന്മാർ വിശേഷിപ്പിക്കുന്നതു് ഒകാരം പോലുള്ള ഉച്ചാരണമാകട്ടെ, ചിലേടത്തു് വരുന്ന ഒരു വ്യത്യസ്ത മാത്രം.

അകാരത്തിന്റെ വിവൃതോച്ചാരണം നഷ്ടപ്പെട്ടതിനെപ്പറ്റിയും വിദേശീയ ഭാഷകളിലെ അകാരസ്ഥാനത്തു് ബാങ്ങ്ലയിൽ ആകാരം പ്രയോഗിക്കുന്നതിനെപ്പറ്റിയും വിഷാദിച്ചുകൊണ്ടു് ഭാഷയുടെ പ്രസാദഗുണത്തിൽ എം. പി. പോളിനും ഭാഷാമർമ്മജ്ഞതയിൽ കട്ടിക്കൃഷ്ണമാരാക്കും തുല്യനായിരുന്ന രാജശേഖർബസു ഇങ്ങിനെ പറയുന്നു:

'ഒരു കാലത്തു് നമുടെ അകാരത്തിനുണ്ടായിരുന്ന ശക്തി തിരിച്ചുകൊണ്ടുവന്നാൽ നന്നു്. അകാരത്തിന്റെ സ്ഥാനത്തു് ആകാരത്തിന്റെ പ്രയോഗം ഏറെ നാളത്തേതല്ല.....

നമ്മുടെ എഴുത്തുകാർ തെല്ലൊന്നു പരിശ്രമിച്ചാൽ മതി, അകാരത്തിന്റെ അപ്രയോഗം അവസാനിപ്പിച്ചു് അതിന്റെ മൌലികമായ വിവൃതഹ്രസ്വോച്ചാരണം തിരിച്ചുകൊണ്ടുവരുവാൻ കഴിയും Bus എന്നതിനു് ബാസു് എന്നെഴുതാതെ ബസ് എന്നെഴുതിയാൽ ഒരു നഷ്ടവുമില്ല .....സ്ഥാനഭേദമനുസരിച്ചു് അകാര

ത്തിന്റെ നാലുച്ചാരണവും ബാങ്ങ്ലയിലാവാം; അതുകൊണ്ട് ബാങ്ങാലികളല്ലാത്ത വായനക്കാർക്ക് ഉച്ചാരണത്തിൽ പിഴ പറ്റിയാലും അർത്ഥബോധത്തിന്ന് തടസ്സമുണ്ടാവില്ല.

ഇതിലെ അവസാനവാക്യത്തിന്ന് ഞാൻ ഒരടിവരയിടട്ടെ; അതിന്റെ ഉത്തരാർദ്ധത്തിന്ന് മറ്റൊന്നും.

വിവേകികളുടെ ശ്രദ്ധയുണ്ടോ ലോകം വല്ലപ്പോഴും കേൾക്കുന്നു — അതുകൊണ്ട്, ബാങ്ങ്ലയിൽ ഇംഗ്ലീഷിലെ അകാരസ്ഥാനത്ത് ആകാരം എഴുതുന്നത് പതിവായിരിക്കുന്നു എന്ന മാത്രമല്ല, ബാങ്ങാലി സംസ്കൃതപദങ്ങളാണെങ്കിൽ, അകാരം അതേ പ്രയോഗിക്കുക.

3. ഇതു രണ്ടിലും പെടാത്തവയെ, രുചിഭേദമനുസരിച്ച്, അകാരമായോ ഒകാരമായോ വ്യവഹരിക്കാം.

ഇതു എളുപ്പമല്ലാ ഇപ്പൂ — അകാരത്തിന്റെ കാര്യത്തിൽ ചില നിർദ്ദേശങ്ങൾ നൽകുക.

സംസ്കൃതത്തിലെ അകാരാന്തശബ്ദങ്ങളിൽ ലിംഗഭേദം വരുത്താൻ മലയാളത്തിൽ പണ്ടൊക്കെ ഒരെളുപ്പവഴിയുണ്ടായിരുന്നു— ഉത്തരൻ (പും) ഉത്തര (സ്ത്രീ) ഉത്തരം (ന) എന്നിങ്ങനെ. ഹിന്ദിയിൽ, നപുംസകലിംഗമില്ലാത്തതുകൊണ്ട്, ഉത്തർ എന്നു പറഞ്ഞാൽ ഉത്തരനുമാവാം ഉത്തരവുമാവാം; ഉത്തര, സംസ്കൃതത്തിലെന്നപോലെ, ഉത്തരാ തന്നെ. സമസ്തപദങ്ങളിലെ വ്യസ്തപദങ്ങളുടെ അന്ത്യാകാരവും എടുത്തുകളയുകയാണ് അവിടെ പതിവെന്നു തോന്നുന്നു — നീൽകണ്ഠ് കുംഭ്കർണ്ണ് എന്നും മറ്റും. ബാങ്ങ്ലയിലാകട്ടെ ഈവക സ്ഥലങ്ങളിൽ അകാരം ചിലേടത്തു് ഗ്രസ്തമാണു്, ചിലേടത്തു് സംവൃതവും — രാം കിങ്കർ, കൃഷ്ണചന്ദ്ര എന്നിവ യഥാക്രമം ഉദാഹരണങ്ങൾ.

ബാങ്ങ്ലയിലെ ഈ പ്രത്യേകത ശ്രദ്ധിക്കാതെ അതിലെ പേരുകൾ കണ്ടമാനം പകർത്തിയിട്ടുന്നതുകൊണ്ടു് മലയാളത്തിൽ ഇപ്പോൾ ഉത്തര എന്നൊഴുതിയാൽ പുരുഷനോ സ്ത്രീയോ നപുംസകമോ എന്നു് തിരിച്ചറിയാൻ വയ്യാതായിരിക്കുന്നു—അപർണ്ണ (സ്ത്രീ) വന്ദ്യോപാധ്യായ (പും) സീമാബദ്ധ (ന) എന്നീ പ്രയോഗങ്ങൾ നോക്കുക. ഇതുകാരണം, വിഭൂതിഭൂഷണന്റെ അപരാജിത എന്ന നോവലിനെപ്പറ്റി കേട്ടാൽ, മലയാളികൾ എതുയായാലും മലയാളികളാകകൊണ്ടു്, അതു് വല്ല സ്ത്രീകഥാപാത്രത്തെയും ഉദ്ദേശിച്ചു് നൽകിയ പേരാണെന്നേ വിചാരിക്കൂ. റാസ്സുവത്തിയോ, അതിലെ കഥാനായകനെയാണു് ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നതു്—അപരാജിതൻ എന്നു്.

ഈ ആണും പെണ്ണുമില്ലായ്മയിൽനിന്നു് രക്ഷപ്പെടാൻ, മലയാളത്തിലെ ആ പഴയ രീതിയെ മലയാളത്തിനു ചേരുംപടി എന്നു് ശഠിക്കാൻ കഴിഞ്ഞെങ്കിൽ! പക്ഷേ, നിവൃത്തിയില്ല, ഇപ്പൂ — അകാരത്തിനും നാമിനും മാന്യമായ ഒരു സ്ഥാനം അനുവദിച്ചുകൊടുത്തേ ഒക്കൂ. കേശവദേവും സുകുമാർ അഴീക്കോടുമൊക്കെ മലയാളികളല്ലെന്നു പറയുന്നതു് ധിക്കാരമാവില്ലേ? പോരെങ്കിൽ മഹാഭാരതം എഴുതിയ പണ്ഡിതൻ ഈ അകാരലോപത്തെ ന്യായീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് കുമാരൻ. കുമാർ, കുമാരു ഈ മൂന്നും പിന്നെ മലയാണ്മയ്ക്കിണങ്ങുന്നതുതന്നെ എന്നുവെക്കണം.

—*—

(8—ൽനിന്നും തുടർച്ച)

ത്ര നാളത്തേക്കുണ്ടു് അവധി? കളിക്കുണ്ടോ? എടാ കുഞ്ഞേ, പെട്ടിയൊക്കെ അകത്തു കൊണ്ടുവെയ്യു്. അമ്മേ ഇതാരാന്നു നോക്കൂ.. "

ശ്വാസം വിടാതെ സംസാരം തുടരുന്ന ആ സ്ത്രീയെ അത്ഭുതത്തോടെ നോക്കിനിന്നു. ഈ ചുറുചുറുപ്പുകളിൽ കാണാറുള്ള സ്ത്രീരൂപങ്ങൾപോലെ മറ്റൊന്നു്. ഇവർ എന്തിനാണു് ഇത്ര ലഘുവാകുന്നതു്? ചോദിക്കാനുള്ളതൊക്കെ സാവകാശത്തിൽ ആവാമല്ലോ തിടുക്കമൊന്നും വേണ്ട. നിങ്ങൾ ബഹളം വയ്ക്കുണ്ട. ഞാൻ ഉടനെ പോവുന്നില്ല.

അവക്കൊന്നും മനസ്സിലാവുന്നില്ല. "ചീട്ടു് പുതുക്കിപ്പണിഞ്ഞിരിക്കുന്നുവെന്നു് തോന്നുന്നു. കെട്ടിന്റെ സ്ഥാനത്തു് പല മുറികളാണു്. നടുവറയില്ല. പാത്തികൾവഴി മഴവെള്ളം വീഴുന്നതു് സോഫയിൽ കിടന്നു് കാണാൻ ആവില്ല. ഇതു് അപരിചിതമായ ഒരു വീടാണു്. വളരെ അകലെനിന്നെന്നപോലെയുണ്ടു് ഈ സ്ത്രീയുടെ ശബ്ദം.

കോലായിലേക്കു് കയറിയപ്പോഴേക്കും അമ്മ എത്തി. കുഴിഞ്ഞ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. വാർദ്ധക്യത്തിന്റെ വരകൾവീണ കവിളുകൾവഴി കണ്ണുനീരു് ഒഴുകിയിറങ്ങുന്നു. അമ്മ കെട്ടിപ്പിടിച്ചു, തോളത്തും മുതുകിലും തലോടി.

യുഗങ്ങൾക്കു് അപ്പുറത്തുനിന്നു് പരിചയമുള്ള ഒരു രൂപം ആലിംഗനം ചെയ്യാൻ എത്തിയതാണു്. അമ്മയുടെ ശബ്ദത്തിനു നൂറ്റാണ്ടുകൾ പഴക്കമുണ്ടു്. പ്രാചീനമായ ഒന്നു് അടുത്തു് വീണ്ടും ഉണർന്നുപോലുള്ള കലിനമായ പുതുമയും

ചിത്രഗുപ്തന്റെ ചില ശംസ്കൃഗ്രന്ഥങ്ങൾ

1. മദനലീലകൾ: പൂർണ്ണചിത്രഗ്രന്ഥം. ലൈംഗികാവയവങ്ങളുടെ പ്രവർത്തനം വിവിധസംയോഗരീതികൾ മുതലായവ. വില 7 00
2. രാസരഹസ്യം: പുരുഷനു ആനന്ദലഹരിയുളവാക്കാൻ സ്ത്രീകളുടെ സംയോഗരീതികൾ, ഹേസ്യങ്ങൾ, ചിത്രങ്ങൾസഹിതം. വില 4 00
3. മദനസാമ്രാജ്യത്തിലെ രതിവികൃതികൾ: വസന്തരാത്രിയിലെ കാമകേളികളുടെയും വൈചിത്ര്യങ്ങളുടെയും സമാഹാരം. വില 6 00
4. സെക്സ് അറ്റ് ലസ്: സ്ത്രീപുരുഷലൈംഗികാവയവങ്ങൾ. മൈഥുനരീതികൾ, ഫോർപ്ലേയിങ് etc. ചിത്രഗ്രന്ഥം. വില 5 00
5. സ്ത്രീപുരുഷശരീരശാസ്ത്രം: ലൈംഗികാവയവങ്ങളുടെ വളർച്ച, പ്രവർത്തനം, സംഭോഗത്തിലെ ചിത്രഗ്രന്ഥം. വില 5 00
6. രാസക്രീഡ: രതിമാഹാത്മ്യം, ഉത്തമസംയോഗനിലകൾ, കാമലീലകൾ, എല്ലാം ചിത്രങ്ങൾ സഹിതം. വില 4 00
7. കാമശാസ്ത്രം: വാത്സ്യായനൻ മുതൽ ഹാവ്ലോക് എല്ലിസ്വരെ നിർദ്ദേശിച്ചിട്ടുള്ള കാമലീലകൾ. ചിത്രഗ്രന്ഥം വില 4 00
8. സ്ത്രീകളും പ്രസവരഹസ്യവും: ഗർഭോല്പാദനം മുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ—ചിത്രഗ്രന്ഥം. വില 3 00
9. വധൂവരന്മാർ: രതിലീലകൾ) വിവാഹിതരാകാൻപോകുന്നവർ അറിഞ്ഞിരിക്കേണ്ട കാമലീലാരഹസ്യങ്ങൾ, ചിത്രഗ്രന്ഥം. വില 2 00
10. വിവാഹജീവിതവും സംയോഗരീതികളും: ഒന്നും അറിയാൻ പാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ മതിയാകും. വില 2 00
11. കല്യാണയാത്രയിലെ കാമലീലകൾ: എന്നെന്നും ദാമ്പത്യജീവിതം പുതുമയുള്ളതാക്കാൻ ഈ ചിത്രഗ്രന്ഥം വായിക്കുക. വില 2 00
12. ശീഘ്രസ്ഖലനവും നിവാരണമാർഗ്ഗങ്ങളും: വില 1 00

വി. പി. ചെലവു പുറമേ. കാറ്റലോഗ് സൗജന്യം.

F. P. A. I. Thariannagar (VIA) Thiruvalla, R. M. S. Kerala.

മാധുര്യവുമുണ്ട്. ആ ശബ്ദത്തിൽ തെല്ലിട ലയിച്ചുനിന്നു.

പക്ഷേ, നിമിഷങ്ങൾ മാത്രം. വീണ്ടും അമ്മ ഒരു സ്ത്രീയായി മാറി. മറ്റെല്ലാ സ്ത്രീകളെയുംപോലെ അപരിചിതയായ ഒരു സ്ത്രീ. പിന്നീടൊക്കെ ലോഹ്യങ്ങളാണ്: ചിരികൾ. സംസാരങ്ങൾ. സദ്യയൊരുക്കൽ. ആഹ്ലാദപ്രകടനങ്ങൾ. ഒക്കെ അർത്ഥശൂന്യമായിത്തോന്നി പൊള്ളത്തരങ്ങളാണിതു്. എന്തിനാണ് എന്നോട് ഇതൊക്കെ എന്നു ചോദിക്കണമെന്നുണ്ടായിരുന്നു. അല്ലെങ്കിൽ എന്തിനു ചോദിക്കണം? നടക്കട്ടെ ഓരോരുത്തരുടെ ഇഷ്ടമല്ലേ? ഈ ലോഹ്യങ്ങളൊന്നും പ്രധാനമല്ല. ഇതൊക്കെ പരിചയം കൂട്ടുകയേ ഉള്ളൂ. ദൂരം കൂട്ടുകയേ ഉള്ളൂ.

കെട്ടില്ല കെട്ടിലെ സോഫയില്ല. ഒക്കെ ഉണ്ടെങ്കിൽത്തന്നെ എന്താണു്? ഇനി ആ ഓഫീസിനോടും പരിചയം ഉണ്ടായിരിക്കണം എന്നില്ലല്ലോ. ഇവിടെ എനിക്കാരുമില്ല. ഞാനൊരു പുതിയ ആളാണു്. അതെ. ഒരു പരിചയക്കാരുമില്ല ഈ വീട്ടിൽ.

കുറെ സ്ത്രീകൾ വെളുക്കെ ചിരിച്ചുകൊണ്ടു്, കൊച്ചുവർത്തമാനം പറഞ്ഞു്, പുറത്തിലും നിന്നു് ഊണു കഴിപ്പിച്ചു. പരിപ്പും നെയ്യും കാളനും തൈരും ഉപ്പേരിയും ഒക്കെ ഉണ്ടായിരുന്നു. കൊള്ളാം. രുചിയുണ്ടു്. നിങ്ങൾ പുറത്തിലുംനിന്നു് പ്രോത്സാഹിപ്പിക്കണമെന്നില്ല ഉണ്ണാൻ.

ചോദിക്കാത്ത ഒരു ചോദ്യത്തിനു് ഉത്തരംപോലെ കാത്ത്യായനിച്ചേച്ചി പറഞ്ഞു:

"രുഗ്മിണി കെട്ടിയോന്റെ വീട്ടിലാ"

അപ്പോഴാണു് രുഗ്മിണിയെ വീണ്ടും ഓർത്തതു്. അവളുടെ കല്ല്യാണം കഴിഞ്ഞിരിക്കുന്നു രണ്ടുമൂന്നു കുട്ടികളും ഉണ്ടാവും. പഴയ കളിതമാശയൊന്നും ഉണ്ടാവില്ല. കവിളത്തു നുള്ളാനും പിടിച്ചു കുടെ കിടത്താനും പറ്റില്ല. അന്നത്തെ പ്രസരിപ്പും ഉണ്ടാവില്ലെന്നു കരുതണം. അപ്പോൾ രുഗ്മിണി അല്ലാതാവുന്നു. ഒരു പെണ്ണു് ഒരുത്തന്റെ കെട്ടിയവൾ. നമുക്കു തമ്മിൽ ബന്ധങ്ങളൊന്നുമില്ല. നീ ആരുടേതോ ആണു്. ഞാൻ ആരുടേതും അല്ലതാനും

കാത്ത്യായനിച്ചേച്ചി എന്ന ഉപദ്രവം തുടർന്നു:

നീ അവളെ മറന്നോ?"

എന്തൊരു ചോദ്യം? ആരെയെങ്കിലും മറക്കുകയോ മറക്കാതിരിക്കുകയോ ചെയ്യേണ്ട കാര്യം? രുഗ്മിണി എന്നൊരു പെണ്ണിനെ പണ്ടു് വടക്കേ മുറിയിലും അന്നുണ്ടായിരുന്ന കെട്ടിലുംവച്ചു് വികാരത്തോടെ കെട്ടിപ്പിടിക്കുകയും ഉമ്മവയ്ക്കുകയും മറ്റും ചെയ്തിട്ടുണ്ടു്. അവൾ ഇന്നില്ല. ഉണ്ടോ ഇല്ലയോ എന്നതുപോലും പ്രശ്നമല്ല.

ചെറുവ്യവസായങ്ങളുടെ സെൻസസ് നടന്നുകൊണ്ടിരിക്കുന്നു.

എന്യൂമറേറർക്കു ശരിയും പൂർണ്ണവുമായ വിവരം നൽകുക. മെച്ചപ്പെട്ട ആസൂത്രണത്തിനും നിങ്ങൾക്കു് അധികമേൻമയ്ക്കും സഹായകമാണതു്.

വികസനകമ്മീഷണർ, ചെറുവ്യവസായങ്ങൾ, ഇന്ത്യാഗവർമ്മെന്റു്.

Industrial Census, Malayalam davp /74/45

ചൂരൽക്കട്ടിലും മേശയും കസേരയും ഇലക്ട്രിക് ലൈറ്റും ഉള്ള ഒരു മുറിയിൽ ചേച്ചി കിടക്കുന്നതു കണ്ടിരുന്നു. അതാണു മുറി എന്നു പറയുകയും ചെയ്തു. വലിയ ജന്നലുണ്ടു്. തുറന്നിട്ടാൽ കാറ്റുകിട്ടും.

ആ മുറിയിലേക്കു് ഉടനെ പോയില്ല. വർത്തമാനവുമായി സ്ത്രീകൾ പിന്നാലെകൂടിയതുകൊണ്ടു് കോലായിൽത്തന്നെ ഇരുന്നു എന്തൊക്കെയോ ചോദിക്കുന്നും പറയുന്നുമുണ്ടു്. മൂക്കൊമ്പുകളിൽ വവ്വാലുകൾ എന്നപോലെ കയ്യിൽ തൂങ്ങുന്ന കുറുനരികൾ ചേച്ചിമാരുടെ മക്കളാണു്. കയത്തൊന്നും പറയാൻ പാടില്ല. പറഞ്ഞാലോ? ഇറങ്ങിപ്പോവാൻ പറയുമോ? എന്നാൽ പിന്നെ സുഖമായി. ഈ നുഞ്ഞുകളുടെ ശല്യമില്ലല്ലോ. കുട്ടികളോടു് പ്രത്യേകിച്ചു് ദേഷ്യം ഒന്നുമില്ല എവിടെയാണെങ്കിലും പിള്ളേർക്കുണ്ടു് ഈ സുഖക്കേടു്. വാലിൽത്തൂങ്ങി നടക്കുക.

ഒരു ചെറുക്കനെ പിടിച്ചു മുമ്പിൽ നിറുത്തിയിട്ടു ചേച്ചി പറഞ്ഞു:

'ഇതു രുഗ്മിണീടെ മോനാ.'

പക്ഷേ, അവനു കറുത്ത കണ്ണുകളും ചുരുണ്ട മുടിയും ഒന്നും ഉണ്ടായിരുന്നില്ല. മാങ്ങാണ്ടിപോലെ തലയുള്ള. ഒരു വൃത്തികെട്ട ചെറുക്കൻ. ഇവന്റെ തള്ളയുമായിട്ടു് അടുപ്പമുണ്ടായിരുന്നുവെന്നു പറയാൻ നാണിക്കണം. മറ്റൊരു നഞ്ഞു്.

എന്നിട്ടും ബട്ടനമർത്തുമ്പോൾ പ്രവർത്തിക്കുന്ന ഒരു യന്ത്രത്തിന്റെ ഭാഗങ്ങൾപോലെ കൈകൾ നീണ്ടുചെന്നു് അവനെ തലോടുകയും ആശ്ലേഷിക്കുകയും ചെയ്തു.

കുറേനേരം കഴിഞ്ഞപ്പോൾ കുനരികളുടെ ശബ്ദം നിലച്ചു. അവറ അങ്ങുമിങ്ങും മയങ്ങിവീണു. പിന്നെയും കുറെനേരം കഴിഞ്ഞിട്ടാണു് അമ്മ പറഞ്ഞതു്:

'യാത്രയുടെ ക്ഷീണം കാണും നീ പോയി കിടന്നോളൂ.'

നന്ദി. വളരെവളരെ നന്ദി.

കാത്ത്യായനിച്ചേച്ചി എന്ന സ്ത്രീക്കു് അപ്പോഴും വിടാൻ മനസ്സുണ്ടായിരുന്നില്ലെന്നു തോന്നി ഭാവം കണ്ടിട്ടു്.

മുറിയിൽകയറി കതകടച്ചപ്പോഴാണു് ജീവൻ വീണതു്. രക്ഷപെട്ടു. ഇവിടെ ആരുമില്ലല്ലോ ജന്നലു തുറന്നുകിടന്നു. പുറത്തേക്കു് നോക്കി. നിലാവത്തു് മരങ്ങളും വീടുകളും കുന്നുകളും കാണാം. ഒരു ചിത്രത്തിലേക്കു് നോക്കുമ്പോലെ അവയിലേക്കു നോക്കിക്കിടന്നു.

വീട്ടിലെ ബഹളം അസഹ്യമായപ്പോഴാണു് ഇറങ്ങിപ്പോന്നതു്. വഴിക്കൊക്കെ ഉണ്ടായിരുന്ന ലോഹ്യം പറച്ചിലുകാർ. ജന്മനാ വിഡ്ഢികളായ അന്യരല്ലാർ. റായനശാലയിൽ ചെന്നിരുന്നിട്ടു് അവിടെയും വന്നു കഴുത്തറുത്തു. മണപ്പിച്ചു നടക്കുകയാണു് ആരെയും കൂട്ടാക്കിയില്ല. ചോദ്യങ്ങൾക്കൊക്കെ പ്രകടമായ അവജ്ഞയോടെ മുഖം തിരിച്ചു കൊടുത്തു. പുറത്തിറങ്ങി പറഞ്ഞിട്ടുണ്ടാവും, അവൻ വലിയൊരു പൊങ്ങച്ചക്കാരനാണെന്നു്. ആയ്ക്കോട്ടെ. ചേതം പറഞ്ഞുനടക്കട്ടെ.

ചായക്കടയിൽ കയറിയപ്പോൾ കടക്കാരൻമുതലുള്ളവർ ലോഹ്യക്കാരാണു്, ബീഡിക്കടക്കാരൻ ഹനീഫ മാത്രമേ ഉള്ളു തമ്മിൽ ഭേദം. അയാൾ അധികം ഒന്നും ചോദിക്കില്ല. അതുകൊണ്ടാണു് അയാളുടെകടയിൽത്തന്നെനിന്നുപോയതു്. അപ്പോൾആ വഴിക്കുനടക്കുന്ന കഴുതകൾക്കൊക്കെ ലോഹ്യം പറയണം. ഒരുച്ചിൽ വാ ത്തെടുത്തവന്മാരാണൊക്കെ. മുഖച്ഛായയ്ക്കു വ്യത്യാസമുണ്ടെന്നേ ഉള്ളു ഉള്ളിൽ എല്ലാവരും ഒന്നാണു്. ഒരേ വസ്തുവിന്റെ പല പകർപ്പുകൾ. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ പിശാചുക്കൾ അലഞ്ഞുനടക്കുന്നു. ഡൽഹിയിൽ ചെന്നാലും രക്ഷയില്ല. കാലത്തിന്റെ പാതകൾ വഴി മുമ്പോട്ടോ പിമ്പോട്ടോ നടന്നാൽ ഒരുവേള പരിചയക്കാരെയും സ്നേഹിതന്മാരെയും കണ്ടെത്തിയേക്കും. അതേയുള്ളു ഇനി ഒരാശ.

ഇവിടം വിടണം. നാളെ കാലത്തുതന്നെ വിടണം. ഇവിടെ ഞാൻ ഒറപ്പെട്ടവനാണു്. പക്ഷേ, എങ്ങോട്ടു പോവും? ഡൽഹിയിൽ ചെന്നാലും ഇതുതന്നെ ഗതി. അപരിചിതരായ പരിചയക്കാരുടെ അസുഖകരമായ ഒരു തിരക്കു്. കുറവും ഗുണവും പറയുന്ന, വിലയിരുത്താൻ നടക്കുന്ന ഈ മനുഷ്യരുടെ ഇടയിൽ ഒരു അപരിചിതരു് ഇടമില്ല.

.. o ...

ഗോയേഴ്സ്

ഞാൻ 'ചിത്രശാല'യുടെ ആദ്യ ചിത്രത്തേപ്പറ്റിയുള്ള ക്ലൂതന്നീ ആലോചനയ്ക്കായി എസ്സ് കെ നായരുടെ ഒത്തു കന്യാകുമാരിക്കു പോയിരുന്നതാണു്. തിരിച്ചു കൊല്ലത്തെത്തിയപ്പോൾ എസ്സ്. കെ. പറഞ്ഞു—"എന്റെ കാറിൽ പൊയ്ക്കോള്ളൂ"

'എന്റെ പാർട്ട്നർക്കു് എന്നേപ്പറ്റി രണ്ടുകത്തിലേ ഇവനൊരു ശല്യമായല്ലോ' എന്നു തോന്നിക്കേണ്ടെന്നു ധരിച്ചും, എന്റെയൊരു 'സഹതപ്ത' കാട്ടാൻവേണ്ടിയും ഞാൻ പറഞ്ഞു 'ഹേയ്'—ആവശ്യമില്ല, ബസ്സിൽ പൊയ്ക്കോള്ളാം.

എസ്സ് കെ യുടെ ഷവർലേകാറിൽ—ബസ്സ്സ്റ്റാൻഡിൽതന്നെ പ്രതാപിയായി ഇറങ്ങി കൊല്ലം ബൈസ്സ്സ്റ്റാൻഡിൽ തൃശ്ശൂർപൂരത്തിന്റെ ആൾക്കൂട്ടമുണ്ടു്. എല്ലാക്കാലത്തും അങ്ങിനെയാണു്. പോരാത്തതിനു് അന്നേദിവസം ഇടതപ്പള്ളിയിലേക്കുള്ള ഭക്തജനപ്രവാഹം.

ബോർഡുവയ്ക്കാത്ത ഒരു ബസ്സും സ്റ്റാൻഡിൽ പിടിച്ചു പുരുഷാരം പലപല അഭ്യൂഹങ്ങളോടെ വണ്ടി നില്ക്കുന്നതിനുമുൻപുതന്നെ നാനാഭാഗങ്ങളിലായി അതിനുള്ളിൽ തിരക്കിക്കയറി. ക്ലൂത്തിൽ ഞാനും ഉപസംഹൃതി അങ്ങിനെ നില്ക്കുമ്പോൾ ഇറങ്ങിപ്പോയ, ഡ്രൈവർസാർ കണ്ടക്ടർസാറോടായിട്ടു് 'പവലിയനി'ൽ നിന്നു കോർട്ടിലേക്കു നടന്നുപോകുന്ന ക്രിക്കറുകളിക്കാരേപ്പോലെ മന്ദഗമനം നടത്തി ബസ്സിനേ സമീപിക്കുന്നു. കണ്ടക്ടർസാർ ബസ്സിന്റെ ഇടതുഭാഗത്തുകൂടി പിന്നിലേക്കു നടക്കുമ്പോൾ ഡ്രൈവർസാർ വലതുവശം മുന്നിലേക്കുടി എത്തിപ്പിടിച്ചു് അകത്തുകയറി താഴെനിന്നു് ഒരു ബോർഡെടുത്തു് മുന്നിൽ ഘടിപ്പിച്ചു. ഒപ്പം കണ്ടക്ടർസാറിന്റെ അനൗൺസ്മെന്റ്, 'ആറ്റിങ്ങൽ'

അതുകേട്ടു ജനക്കൂട്ടം പുറത്തേക്കിറങ്ങാനുള്ള തിരക്കു്—പുറത്തുനിൽക്കുന്ന ജനതതി അകത്തേക്കു കടക്കാനുള്ള തിക്കു്. ഞെങ്ങിഞെരുങ്ങി ഒരുവിധം ഞാനും പുറത്തിറങ്ങി.

പണ്ടു് ബസ്സുകളുടെ വരവും പോക്കും മൈക്കിൻകൂടെ വിളിച്ചുപറയുന്ന ഒരേർപ്പാടുണ്ടായിരുന്നു. ആലപ്പുഴയ്ക്കുള്ള ബസ്സു് സ്റ്റാൻഡിൽ പിടിച്ചിരിക്കുന്നുവെന്നു് മൈക്കിൽ പറഞ്ഞാൻ മൈക്കു് നമുക്കതറിയുന്നു അറിവു് തിരുവനന്തപുരത്തുനിന്നുള്ള ബസ്സു് വരുന്നുവെന്നായിരുന്നുവെങ്കിലും ആ ഏർപ്പാടു് കുറേക്കുടി ഭേദമായിരുന്നു. തെറ്റിദ്ധാരണ പരത്തേണ്ടെന്നു വിചാരിച്ചായിരിക്കാം ഇപ്പോൾ മൈക്കു് അനൗൺസ്മെന്റില്ല. അതുകൊണ്ടു് പലപ്രാവശ്യം ബോർഡുവയ്ക്കാത്ത പല ബസ്സുകളിൽ ഞാനും കേറിയിറങ്ങി. അവസാനം കരുനാഗപ്പള്ളി വഴി പോകുന്ന ഒന്നിൽ കയറി.

ബസ്സ് 'ഗോയേഴ്സ്' പതിവിൻപടിയുള്ള സഞ്ചാരങ്ങൾ തുടങ്ങി. ബസ്സു് ഉളിയൂസ്ഥലത്തു് എത്തിച്ചേരുമോ എന്ന ആശങ്കയേ അടിസ്ഥാനമാക്കിയും. കണ്ടക്റ്ററന്മാരുടെ മര്യാദയില്ലാത്ത പെരുമാറ്റത്തേപ്പറ്റിയും, ബസ്സുകൾ മറിയുന്നതിനേപ്പറ്റിയും മറ്റും മറ്റും സംഭാഷണത്തിനിടയിൽ ചിലരൊന്നു പരിഹാസത്തോടും ഔദ്ധത്യത്തോടും നോക്കുന്നുണ്ടായിരുന്നു—ട്രാൻസ്പോർട്ടുഭരണം നടത്തുന്നതു് ഞാനാണെന്നമട്ടിൽ. അവരെല്ലാം മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുകളെന്നു് ഞാൻ മനസ്സിൽ ഉറപ്പിച്ചു.

കരുനാഗപ്പള്ളിയിറങ്ങി അവിടെനിന്നു് മൂന്നു പ്രൈവറ്റ്ബസ്സുകൾ എന്റെ ഗ്രാമത്തിലൂടെ ഓട്ടമുണ്ടായിരുന്നു. ആ മൂവരും അല്പം ചരിത്രപശ്ചാത്തലമുള്ളവരാണു്. സർ സി പി. രാമസ്വാമിഅയ്യർ ട്രാൻസ്പോർട്ടു് ദേശവൽക്കരിച്ച കാലത്തു് ആലപ്പുഴ—കൊല്ലം ലൈനിൽ ആർഭാടമായി ഓടിക്കൊണ്ടിരുന്നവരാണവർ പ്രായക്കൂടുതൽ പറഞ്ഞു് സക്കാർ അവരെ സ്വീകരിക്കാതെ വന്ന പശ്ചാത്തലത്തിൽ അവർ മൂവരും കായംകുളം—ചെങ്ങന്നൂർ ലൈനിൽ ഓടിത്തുടങ്ങി. ട്രാൻസ്പോർട്ടിന്റെ കടന്നാക്രമണം ആ ലൈനിൽ ഉണ്ടായപ്പോൾ അവർ കായംകുളം—പുനലൂർ ലൈനിൽ ഓട്ടം തുടങ്ങി ട്രാൻസ്പോർട്ടു് അങ്ങോട്ടും ശല്യത്തിനെത്തിയപ്പോൾ അവർ മറ്റൊന്നു മാറി. പുതിയ പെയിന്റും മറവും പൂശി, ചെങ്ങന്നൂർ, പൊറോറക്കടവു്, മാവേലിക്കര, കരുനാഗപ്പള്ളി, വയ്യാ, കൊല്ലകടവു്, കുറത്തിയാട്ടു്, കറാനം, കോട്ടപ്പുഴക്കൽ, ചൂനാട്ടു്, വള്ളികുന്നം, തോപ്പിൽമുക്കു്, കാമ്പിശ്ശേരിമുക്കു്, തഴവാ എന്നിങ്ങിനെയായി ഓട്ടം. മൂന്നു കൊല്ലം മുമ്പു് കുലവാഴയും കെട്ടി ഓട്ടം ആരംഭിച്ചപ്പോൾ ഈ ബസ്സുകൾക്കു് മുവക്കം ആർഭാടപൂർവമായ സ്വീകരണമാണു് ബോർഡിൽ പേരെഴുതിയിട്ടുള്ള സ്ഥലവാസികൾ നൽകിയതു്. അവർ ആ വൃദ്ധബസ്സുകളേ കളഭം പൂശി തോപ്പിൽമുക്കിൽവച്ചു് കാത്ത്യായനിയമ്മയുടെ നേതൃത്വത്തിലുള്ള മഹിളകളും കാമ്പിശ്ശേരി മുക്കിൽവച്ചു് നാരായണിയമ്മുപ്പത്തിയും തോഴികളും താലപ്പൊലികളോടെയാണു് സ്വീകരണം നൽകിയതു്. ഞാനും കാമ്പിശ്ശേരി കരുണാകരൻ, എക്സ് എം. എൽ. പ്പ് യും അന്നു് മുൻപേർവ്വം സ്ഥലത്തുണ്ടായിരുന്നു—ഞങ്ങളാണു് അത്തരത്തിലുള്ള ഒരു ഉന്നതപദവി നാടിനുണ്ടാക്കിക്കൊടുത്തതെന്ന മട്ടിൽ

വല്ലപ്പോഴും നിറങ്ങി നിറങ്ങിക്കൊണ്ടിരുന്ന ആ വൃദ്ധബസ്സുകൾ മൂന്നും കൂടെനാളായി അത്യന്തം കിടപ്പിലാണു്.

ബഹു ട്രാൻസ്പോർട്ടുമന്ത്രി എം എൻ. ഗോവിന്ദൻ നായരോടു് രണ്ടുമുക്കാൽ വർഷം നിവേദനങ്ങൾ നടത്തിയതിന്റെഫലമായി വള്ളികുന്നംവഴി അദ്ദേഹം ഒരു ട്രാൻസ്പോർട്ടുബസ്സു് അനുവദിച്ചു. ഞങ്ങളുടെ നാട്ടിലേ ബസ്സ്'ഗോയേഴ്സി'ന്റെ മറ്റൊരാഹ്ലാദിപ്രമായിരുന്നു ആ വാർത്ത അറിഞ്ഞദിവസം കളഭവും താലപ്പൊലിയുമൊരുക്കി പക്ഷേ, ബസ്സ് വന്നില്ല. ന്യായമായ കാരണംകൊണ്ടുതന്നെ. റോഡിന്റെ തെക്കുവശവും വടക്കുവശവും ഞങ്ങളുടെ രണ്ടു കമ്മ്യൂണിസ്റ്റ് എം. എൽ എ—മാരുടെ നിയോജകമണ്ഡലങ്ങളുടെ ഭാഗങ്ങളാണു്. ബസ്സ് റൂട്ടു് അല്പം തെക്കുകൂടി മാറ്റണമെന്നു് തെക്കേ എക്സ്മെല്ലേസ്സ് ഒരഭിപ്രായം. വടക്കുടെ മാറ്റണമെന്നു് വടക്കേ എക്സ്മെല്ലേ. പൊതുജനസേവനത്തെ പരിഗണിച്ചു് രണ്ടു് എക്സ്മെല്ലേമാരും അടുത്തതെരഞ്ഞെടുപ്പിനു് അവരവരുടെ ഇപ്പോഴുള്ള നിയോജകമണ്ഡലങ്ങളിൽ കണ്ണുവച്ചിരിക്കയാണു്. രണ്ടു് എം. എൽ. എ—മാരേയും തൃപ്തിപ്പെടുത്താൻവേണ്ടി മന്ത്രി ബസ്സോടേണ്ടാ എന്നു തീരുമാനിച്ചു.

ഈ സമത്വസുന്ദരരായ ചുറുപ്പാടിൽ, പന്ത്രണ്ടുമൈൽ പോകാൻ ഇരുപത്തഞ്ചു രൂപാ ടാക്സിച്ചാർജ് ചോദിച്ചതുകൊണ്ടു് കരുനാഗപ്പള്ളിയിൽനിന്നു് ഞാൻ നേരേ വള്ളികുന്നത്തിനു നടന്നു. എല്ലാ രോഗങ്ങളുടേയും പ്രധാനകാരണം വ്യായാമക്കുറവാണല്ലോ. നടന്നു. അടപ്പില്ലാത്ത റയിൽവേഗേറും കഴിഞ്ഞു് പഞ്ചായത്തുറോഡിലൂടെ നടക്കുമ്പോൾ കണ്ടു—അങ്കുകലെനിന്നു് മുന്നു സുന്ദരികൾ തമാശപറഞ്ഞു് കുലുങ്ങി ചിരിച്ചുകൊണ്ടു് കാലുകൾ വലിച്ചുവച്ചു് നടന്നുവരുന്നതു്. സൂക്ഷിച്ചുനോക്കി. ഓ— അവരുതന്നെ. ഭാഗ്യം! നടന്നുവന്നതുകൊണ്ടു് കുറേനാളുകളായി കാണാൻ കഴിയാതിരുന്ന അവരെ കാണാൻ പറ്റിയല്ലോ!

ഒന്നു് നാരായണിയുപ്പത്തി. ആ മദാലസതലമുടി നക്കിച്ചീകിവൃത്തിക്കെട്ടിയിരിക്കുന്നു. നെറ്റിയിൽ വലിയൊരു സിന്ദൂരപ്പൊട്ടു്. എണ്ണയുടെ കൊഴുപ്പുകൊണ്ടു് അൻപ്പാൽപ്പം നരയുള്ളതു് ഇപ്പോൾ കാണാനേ ഇല്ല. ഒരു കള്ളർസാരി ഫിറുചെയ്തിരിക്കുന്നു.

മറ്റൊന്നു കാത്ത്യായനിയമ്മ. വെറ്റിലക്കറപിടിച്ച പല്ലുകൾ നന്നേ ശ്രമം ചെയ്തു് വെളുപ്പിച്ചെടുത്തശേഷം അസ്സലായൊരു മുറുക്കിയപ്പോൾ കാണാനെന്തൊരു സം! ചുവന്ന അധരം. അടിയിൽ തറുതുത്തു് കുറുത്ത കരയൻമുണ്ടും കുറുത്ത കരയൻനേര്യതും ധരിച്ചിരിക്കുന്നു. തറുതുത്തു നടക്കുന്ന കാത്ത്യായനിയമ്മയോടു് പണ്ടു് എനിക്കു് എന്തെന്നില്ലാത്ത ആദരവാണു്.

മറ്റതു് കാഞ്ഞിരത്തുംമൂട്ടിലെ വലിയമ്മ— ഇപ്പോൾ ഇലഞ്ഞിക്കലെ മൂപ്പിലേ മൂന്നാംഭാര്യ വലിയമ്മ പതിവുപോലെ കസവുനേര്യതും മുണ്ടും ധരിച്ചിട്ടുണ്ടു്.

എന്നേ കണ്ടപ്പോൾ മുഖം പൊട്ടന്നേ ചിരി നിറുത്തി. എന്നേ കാണാത്ത ഭാവത്തിൽ തല കുമ്പിട്ട് റോഡിന്റെ അരികുപററി നടന്നു. ഞാനതിശയിച്ചുപോയി! ഇവക്കെന്തുപററി? എന്നിൽനിന്നു് അറിയാതെ വല്ല തെറ്റും സംഭവിച്ചുപോയോ? ഞാൻ നിന്നു. എന്നിട്ടും നടന്നുപോകുന്ന മൂപ്പത്തിപ്രഭൃതികളോടു ഞാൻ ചോദിച്ചു — "അല്ലേ — എന്താണെല്ലാവരും കണ്ടിട്ടും കാണാത്ത മട്ടിലങ്ങു പോകുന്നതു്?"

അവർ നിന്നു. എന്നിട്ടും എന്റെ മുഖത്തു നോക്കുന്നില്ല. അവർ പരസ്പരം നോക്കുന്നുമുണ്ടു്.

"എങ്ങോട്ടാ മൂന്നുപേരുംകൂടെ" ഒരു മുൻകയ്യെടുത്തു ഞാൻ ചോദിച്ചു.

"സിനിമയ്ക്കു്."കാത്ത്യായനിയവരു് എന്റെ മുഖത്തുനോക്കാതെതന്നെ പറഞ്ഞു.

അവർ മൂവരും ഞങ്ങളുടെ നാട്ടിലെ സ്ഥിരം 'ഫിലിംഗോയേഴ്സു്' ആണെന്നു് എനിക്കറിയാം. പക്ഷേ—എന്റെ മുഖത്തുനോക്കാൻ പടിക്കുന്നതെന്തിനു്? ഞാനതു തുറന്നതന്നെ ചോദിച്ചു. നാരായണിമൂപ്പത്തിയാണു മറുപടി പറഞ്ഞതു്. എന്റെ മുഖത്തുനോക്കിത്തന്നെ ഒരു കൂറ ബോധത്തോടെ പറഞ്ഞു—

"ഭാസ്കരൻപിള്ളക്കുഞ്ഞിനു് വിഷമം തോന്നരുതു്—ഞങ്ങൾക്കു് അങ്ങനൊരു അബദ്ധം പററി."

'എങ്ങിനെ?'

കാത്ത്യായനിയവർ തുറന്നു പറഞ്ഞു—

'ഇക്കൊല്ലം ഞങ്ങളുടെ അവാർഡ് ഭാസ്കരൻപിള്ളയ്ക്കു് ഇല്ല,'

ഞാൻ ഞെട്ടിത്തരിച്ചുപോയി! എന്താണീ കേട്ടതു്! ഞാൻ വളരെവളരെ പ്രതീക്ഷകളോടെ കാത്തിരുന്ന ഫിലിം ഗോയേഴ്സിന്റെ അവാർഡ് എനിക്കില്ലെന്നോ! എന്റെ അധരം വിറച്ചു. ദേഷ്യവും സങ്കടവും നിരാശയും ഒപ്പമുണ്ടായി!

'എന്നാലും—കാത്ത്യായനിയവരും മൂപ്പത്തിയും മക്കെയുള്ള ഒരു മഹാപ്രസ്ഥാനം എന്നോടിങ്ങനെ.....' ഗൽഗദം കൊണ്ടു് എനിക്കു മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല

മൂപ്പത്തി തെല്ലു തന്റേടത്തോടെ പറഞ്ഞു—

'കുഞ്ഞു് ഞങ്ങളേമാത്രം കുററക്കാരാക്കരുതു്. കാണാൻ കൊള്ളാവുന്ന വല്ല സിനിമയും കൂടെ ഒണ്ടാക്കണം.'

'എന്റെ ഏണിപ്പടിയോ?' അല്പം ആവേശം എനിക്കുമുണ്ടായി. മൂപ്പത്തി ഒരു യഥാർത്ഥ ഫിലിംഗോയറുടെ തന്റേടത്തോടെ ചോദിച്ചു—

"അതിലെന്തോ ഒണ്ടു്? സ്ററണ്ടു് ഒണ്ടോ? കാണണവക്കു് ഇളക്കം തോന്നിക്കുന്നതു വല്ലോം ഒണ്ടോ? ആകപ്പാടെ ഭാരതിയെടോ ലളിതേടോംകൂടെ ഒരു കൂളിയൊണ്ടു്—"

'ആ കൂളിയൊരു നല്ല കൂളിയൊന്നമല്ല—' കാത്ത്യായനിയവരു് കൂട്ടിച്ചേർത്തു.

'ഞാൻ നിങ്ങടെ നാട്ടുകാരനാണെന്നെങ്കിലും വിചാരിച്ചില്ലല്ലോ!' ഞാൻ ഡിഫൻസിലായി.

കാഞ്ഞിരത്തിൻമൂട്ടിലേ വല്യമ്മ പറഞ്ഞു— 'അതു നേരാ. അവാർഡുകാര്യം അറിഞ്ഞപ്പോൾ എന്റെ മൂപ്പീന്നും ഇതുതന്നെ ചോദിച്ചു'

'പട്ടകോണകം അമ്മാവനു് എന്നോടു സ്നേഹമുണ്ടു്!' ഞാൻ ആശ്വസിച്ചു.

കാത്ത്യായനിയവരു് ആശ്വസിപ്പിക്കുന്ന മട്ടിൽ പറഞ്ഞു— 'ഭാസ്കരൻപിള്ള ഇപ്പോൾ പോ. അടുത്തകൊല്ലം എന്തിനെങ്കിലും ഒരവാർഡു് ഞങ്ങളു തരുന്നുണ്ടു്...' അലീപ്പം സ്വരം താഴ്ത്തി തുടർന്നു—

'അടിയാൽ ചില ചരടുപിടുത്തങ്ങളും നടന്നിട്ടുണ്ടു്. വിശദമായിട്ടു് ഞാൻ പറയാം. ഒരു പത്തുനാഴിക ഇരുട്ടിയിട്ടു് വീട്ടിലോട്ടു വാ.'

ഞാൻ പറഞ്ഞു— 'വരാം—' ചരടുപിടുത്തം ഒന്നു മനസ്സിലാക്കണമല്ലൊ. മൂപ്പത്തി പരുക്കൻമട്ടിൽ എന്നേയും കാത്ത്യായനിയവരേയും മാറിമാറി നോക്കി.

കണ്ണു തുടച്ചു് ഞാൻ നടന്നു. ഫിലിംഗോയേഴ്സും നടന്നു.

P. S. എന്റെ ഒരു തൊലിഞ്ഞ പടമിടുന്നുണ്ടല്ലോ. അതു വേണ്ടാ എന്നേ അപമാനിക്കരുതു്. കാത്ത്യായനിയവരും നാരായണിമൂപ്പത്തിയും ഈ അഭിപ്രായക്കാരാണു്.

Edited Printed & Published by S. K. Nair at General Printers. Quilon